
VOL NO: 06 I ISSUE 25
www.nerpatham.com
mail@nerpatham.com
2022 JUNE 18 I ₹10

# നേർപഥം
വാരിക

## ബുൾഡോസറുകൾ വികൃതമാക്കുന്നത് രാജ്യത്തിന്റെ മുഖത്തെ


പ്രബുദ്ധ കേരളമെന്ന് മേനിപറയുമ്പോഴും ഏറ്റവും കൂടുതൽ തട്ടിപ്പുകൾ നടക്കുന്ന സംസ്ഥാനമെന്ന അപഖ്യാതി നമ്മെ വിട്ടുപോകുന്നില്ല എന്നത് വാസ്തവമാണ്. വായിലൊതുങ്ങാത്ത ലാഭം ഓഫർ ചെയ്താൽ ഏതു വിലാസരഹിത ബിസിനസ്സിലേക്കും എടുത്തുചാടുന്ന 'നിക്ഷേപക ഈയാംപാറ്റകളായി' മാറിയിരിക്കുന്നു മലയാളികൾ.

# നിക്ഷേപരംഗത്തെ നെല്ലും പതിരും തിരിച്ചറിയുക



|| തണൽമരമാവുക
|| ഒറ്റപ്പെടൽ, ഒറ്റപ്പെടുത്തലും
|| സോഷ്യൽ മീഡിയ: ചതിക്കുഴികളും പരിഹാരങ്ങളും

# പുറത്തിറങ്ങി...




WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0282
നേർപഥം
വാരിക
2022 ജൂൺ 18
1443 ദുൽഖഅദ 17
പുസ്തകം 06 / ലക്കം 25




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly

കവർ സ്റ്റോറി
10
നിക്ഷേപരംഗത്തെ
നെല്ലും പതിരും തിരിച്ചറിയുക
ജാസിർ സ്വബ്‌രി



05
മുഖമൊഴി
ബുൾഡോസറുകൾ വികൃതമാക്കുന്നത്
രാജ്യത്തിന്റെ മുഖത്തെ

06
ലേഖനം
രോഗവും മരുന്നും
ഇമാം ഇബ്നുൽ ക്വയ്യിം
അൽജൗസിയ്യ
വിവർത്തനം: ബിൻത് മുഹമ്മദ്

18
ലേഖനം
തണൽ മരമാവുക
സ്വലാഹുദ്ദീൻ ഇബ്നു സലീം

20
കാഴ്ച
ഒറ്റപ്പെടൽ;
ഒറ്റപ്പെടുത്തലും
ഇബ്നു അലി എടത്തനാട്ടുകര

21
ചരിത്രപഥം
അംറ് ഇബ്നു ജമൂഹി(റ)ന്റെ
തിരിച്ചറിവ്
മുഹമ്മദ് ശമീൽ

23
ക്വുർആൻ ദർശനം
മുഹമ്മദ്
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

26
ചരിത്രപഥം
പ്രവാചകന്റെ
വിവാഹങ്ങൾ
ഹുസൈൻ സലഫി

31
ലേഖനം
സോഷ്യൽ മീഡിയ:
ചതിക്കുഴികളും
പരിഹാരങ്ങളും
അബൂ ആദിൽ

34
മധുരം ജീവിതം
ആരാണ് സൗഭാഗ്യവാൻ
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

# നബിനിന്ദ; പ്രതിഷേധിച്ചവരെ പീഡിപ്പിക്കുന്നത് അക്രമം: വിസ്ഡം യൂത്ത്

ഈരാറ്റുപേട്ട: നബിനിന്ദക്കെതിരെ പ്രതിഷേധിച്ചവരെ പീഡിപ്പിക്കുന്ന സർക്കാർ ക്രൂരതകളെ തുറന്നു കാട്ടി, അധികാരികൾക്കെതിരെ നടപടിയെടുക്കണമെന്ന് വിസ്ഡം യൂത്ത് ഈരാറ്റുപേട്ടയിൽ സംഘടിപ്പിച്ച എംപവർ മീറ്റ് ആവശ്യപ്പെട്ടു. സ്വവർഗ വിവാഹമടക്കമുള്ള പ്രകൃതി വിരുദ്ധതയ്ക്ക് കൂട്ടുനിൽക്കുന്നവരും അധാർമികതയ്ക്ക് അനുകൂലമായ പൊതുബോധനിർമിതിയിൽ സജീവരുമായ സദാചാര വിരുദ്ധരെ തിരിച്ചറിയാൻ സമൂഹത്തിന് സാധിക്കണം.

വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ താജുദ്ദീൻ സ്വലാഹി ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ഒ. മുഹമ്മദ് അൻവർ ആധ്യക്ഷ്യം വഹിച്ചു. വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി സുഹൈൽ.പി.യു, സംസ്ഥാന പ്രവർത്തക സമിതി അംഗം അബ്ദുറഹ്മാൻ ഫാറൂഖി, അബ്ദുൽ അസീസ് സ്വലാഹി, സക്കീർ മൗലവി ഈരാറ്റുപേട്ട, ഫിറോസ് സ്വലാഹി മുണ്ടക്കയം, നിയാസ് മുഹമ്മദ് തുടങ്ങിയവർ സംസാരിച്ചു.

## 'നിർഭയത്വത്തിന്റെ പ്രവാചകപാഠങ്ങൾ' ദേശീയ പണ്ഡിത സമ്മേളനം സമാപിച്ചു

മിനി ഊട്ടി: 'നിർഭയത്വത്തിന്റെ പ്രവാചകപാഠങ്ങൾ' എന്ന കാലികപ്രസക്തമായ പ്രമേയവുമായി സംഘടിപ്പിച്ച ദേശീയ പണ്ഡിത സമ്മേളനം ശ്രദ്ധേയമായി. ജൂൺ 11, 12 തീയതികളിൽ ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യയിലാണ് സമ്മേളനത്തിന് വേദിയൊരുങ്ങിയത്. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളി ൽനിന്ന് സൗദി അറേബ്യയിലെ വ്യത്യസ്ത ജാമിഅകളിൽ പോയി പഠനം പൂർത്തിയാക്കിയ 250 പണ്ഡിതന്മാരാണ് സമ്മേളനത്തിൽ എത്തിയത്.

സൗദി എംബസി അറ്റാഷെ അശ്ശൈഖ് ബദ്ർ ബിൻനാസിർ അൽ ബുജൈരി അൽഅനസി, അസിസ്റ്റന്റ് അറ്റാഷെ അശ്ശൈഖ് അബ്ദുല്ലത്വീഫ് ബിൻ അബ്ദുസ്സമദ് അൽകാതിബ് എന്നിവർ സംബന്ധിച്ചു. ടി.വി ഇബ്രാഹിം എംഎൽഎ സമ്മേളനത്തെ അഭിസംബോധന ചെയ്തു. പി.എൻ അബ്ദുലത്വീഫ് മദനി, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഫൈസൽ മൗലവി തുടങ്ങിയവർ ജാമിഅ അൽഹിന്ദിനെ പ്രതിനിധീകരിച്ച് പങ്കെടുത്തു. 8 സെഷനുകളിലായി 3 ഭാഷകളിൽ 38 പ്രബന്ധങ്ങൾ സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി.

## വർഗീയമുക്ത കേരളം: വിസ്ഡം സംസ്ഥാന ഭാരവാഹികളുടെ ബോധവൽക്കരണ പര്യടനം

വിശ്വാസ ജീർണതകൾക്കും ഫാഷിസ-തീവ്രവാദ പ്രവണതകൾക്കുമെതിരെ ബോധവൽക്കരണവും കൂട്ടായ മുന്നേറ്റങ്ങളും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള വിസ്ഡം സംസ്ഥാന ഭാരവാഹികളുടെ ജില്ലാതല പര്യടനങ്ങൾക്ക് തുടക്കം കുറിച്ചു. കണ്ണൂർ, മലപ്പുറം നോർത്ത്, മലപ്പുറം ഈസ്റ്റ്, കോഴിക്കോട് നോർത്ത്, തൃശൂർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, മലപ്പുറം വെസ്റ്റ് ജില്ലകളിൽ പര്യടനം പൂർത്തിയായി. കേരളത്തെ വർഗീയമായി വെട്ടിമുറിച്ച് വിഭാഗീയ രാഷ്ട്രീയത്തിന് കളമൊരുക്കാനുള്ള ബോധപൂർവായ ശ്രമങ്ങൾക്കും വർധിച്ചുവരുന്ന ആത്മീയ വാണിഭങ്ങൾക്കുമെതിരെ ശക്തമായ മതേതര കൂട്ടായ്മകൾ നാടൊട്ടുക്കും ഉയർന്നുവരണമെന്ന് സംഗമങ്ങൾ ആവശ്യപ്പെട്ടു.

കോഴിക്കോട് നോർത്ത് ജില്ലയിൽ സംസ്ഥാന സെക്രട്ടറി കെ. സജ്ജാദ് ഉദ്ഘാടനം ചെയ്തു. നാസിർ ബാലുശ്ശേരി അധ്യക്ഷനായിരുന്നു. സി.പി സലിം ചർച്ചകൾക്ക് നേതൃത്വം നൽകി. ജില്ലാ ഭാരവാഹികളായ മുജാഹിദ് ബാലുശ്ശേരി, ജമാൽ മദനി കൊല്ലം എന്നിവർ നേതൃത്വം നൽകി. മലപ്പുറം ഈസ്റ്റ് ജില്ലയിൽ അബൂബക്ർ സലഫി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് ആധ്യക്ഷ്യം വഹിച്ചു. ഹാരിസ് ബിൻ സലീം സമാപന സംസാരം നടത്തി. ജില്ലാ സെക്രട്ടറി റഷീദ് മാസ്റ്റർ കാരപ്പുറം, സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു.

# ബുൾഡോസറുകൾ വികൃതമാക്കുന്നത് രാജ്യത്തിന്റെ മുഖത്തെ

ജാതിമത വ്യത്യാസങ്ങൾ മറന്ന്, രാജ്യസ്നേഹികളും അഭിമാനബോധമുള്ളവരുമായ ഇന്ത്യക്കാർ കഠിനപ്രയത്നത്തിലൂടെ വെള്ളക്കാരെ ആട്ടിയോടിച്ച് സ്വാതന്ത്ര്യം നേടിയെടുത്തത് രാജ്യത്തിന്റെ ഭരണം സ്വേച്ഛാധിപതികളുടെ കൈകളിലേൽപിക്കാനോ ഏതെങ്കിലും മതത്തിന്റെ പേരിൽ രാഷ്ട്രം സ്ഥാപിക്കാനോ രാജ്യത്തിന്റെ സവിശേഷതയായ നാനാത്വവും വൈവിധ്യങ്ങളും തല്ലിത്തകർക്കാനോ അല്ലായിരുന്നു. ജനാധിപത്യത്തിന്റെ അടിത്തറയിൽ, മതനിരപേക്ഷതയിലൂന്നി, ജാതി, മത, വേഷ, ഭാഷ വൈവിധ്യങ്ങൾ ഉൾക്കൊണ്ട് പരസ്പര വിശ്വാസത്തിലും സ്നേഹത്തിലും ജീവിക്കുന്ന ജനതയായിരുന്നു സ്വാതന്ത്ര്യസമര നായകരുടെ സ്വപ്നത്തിലുണ്ടായിരുന്നത്. അതിന് അനുഗുണമായ രൂപത്തിൽ, ബുദ്ധിയും ചിന്താശേഷിയുമുള്ള നേതാക്കൾ പൗഢമായ ഒരു ഭരണഘടന എഴുതിയുണ്ടാക്കുകയും ചെയ്തു.

സ്വാത്രന്ത്യാനന്തരം പതിറ്റാണ്ടുകൾ രാജ്യം ഭരിച്ചവർ രാജ്യത്തെ സർവമേഖലകളിലും ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചു. അവർ ജനങ്ങളെ മതത്തിന്റെ പേരിൽ അടിപ്പിച്ചില്ല; അടുപ്പിക്കാൻ ശ്രമിച്ചു. ഇഷ്ടമുള്ള ഭക്ഷണം കഴിക്കാനും ഇഷ്ടമുള്ള വേഷം ധരിക്കാനും ഇഷ്ടമുള്ള മതം സ്വീകരിക്കാനുമൊക്കെയുള്ള ജനങ്ങളുടെ അവകാശത്തെ അവരാരും നിഷേധിച്ചില്ല. രാജ്യം ഭരിക്കുന്നവർ വിമർശനങ്ങൾക്കതീതരാണെന്നും അവരെ വിമർശിക്കുന്നത് രാജ്യദ്രോഹമാണെന്നും അവരാരും തിട്ടൂരമിറക്കിയില്ല. മറിച്ച് ജനാധിപത്യഭരണക്രമത്തിൽ പ്രതിപക്ഷമുണ്ടാകുമെന്നും അവർ വിമർശിക്കുമെന്നും ഭരണചക്രം തെറ്റായ ദിശയിലേക്ക് തിരിച്ചാൽ അത് ചൂണ്ടിക്കാണിക്കാൻ എല്ലാവർക്കും അവകാശമുണ്ടെന്നുമുള്ള യാഥാർഥ്യം അവർ അംഗീകരിച്ചു.

എന്നാൽ ഇന്ന് എന്താണ് അവസ്ഥ? അരാജകത്വമല്ലേ എങ്ങും കാണുന്നത്? പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം കോർപ്പറേറ്റുകൾക്ക് വിറ്റുകഴിഞ്ഞു. വില വർധനവിൽ ജനജീവിതം ശ്വാസം മുട്ടിക്കഴിയുകയാണ്. ഭരണഘടന നൽകുന്ന മൗലികാവകാശങ്ങൾ ഓരോന്നായി ധ്വംസിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ജനങ്ങളെ മതം പറഞ്ഞ് ഭിന്നിപ്പിച്ചുകൊണ്ടിരിക്കുന്നു. ആസൂത്രിതമായ കലാപങ്ങൾ നടക്കുന്നു. വേട്ടക്കാരെ സംരക്ഷിച്ച് ഇരകളെ പിടിച്ച് തുറുങ്കിലടക്കുന്നു.

രാജ്യത്തെ ഏറ്റവും വലിയ സംസ്ഥാനമായ യുപിയാണ് ഏറ്റവും കൂടുതൽ മുസ്‌ലിംകളുള്ള സംസ്ഥാനം. അവിടെ ഭരിക്കുന്ന ഒരു യോഗ്യതയുമില്ലാത്ത യോഗി ആദിത്യനാഥ് എന്ന മുഖ്യമന്ത്രിയും സിൽബന്ധികളും നടത്തുന്ന മുസ്‌ലിം വേട്ടയുടെ യഥാർഥ ചിത്രം മിക്ക മാധ്യമങ്ങളും മറച്ചുവയ്ക്കുകയാണ്, അല്ലെങ്കിൽ കണ്ടില്ലെന്നു നടിക്കുകയാണ്. ഇന്ത്യൻ നിയമവ്യവസ്ഥയിൽ ഭരണകൂടത്തെ വിമർശിച്ചുകൊണ്ടോ അനീതിക്കെതിരിൽ ശബ്ദിച്ചുകൊണ്ടോ സമരം ചെയ്താൽ, അല്ലെങ്കിൽ ഏതെങ്കിലും ക്രിമിനൽ കുറ്റം ഒരാൾ ചെയ്താൽ അയാളും കുടുംബവും താമസിക്കുന്ന വീട് ബുൾഡോസർകൊണ്ടോ മറ്റോ പൊളിച്ചുകളയാമെന്ന് പറയുന്നുണ്ടോ? അറസ്റ്റുചെയ്യാം, വിചാരണ നടത്താം. കോടതി വിധിച്ചാൽ തൂക്കിക്കൊല്ലാം, വീടും സ്വത്തും ജപ്തിചെയ്യാം.

എന്നാൽ ഒരു ന്യായവും നിരത്താനില്ലാതെ എതിർക്കുന്നവരുടെയെല്ലാം വീടുകൾ ഇടിച്ചുനിരപ്പാക്കുക എന്ന കൊടുംക്രൂരതയാണ് യുപിയിലും മറ്റു ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ലജ്ജാവഹം എന്നല്ലാതെ എന്തു പറയാൻ! ഇതിനെതിരിൽ ശബ്ദിക്കേണ്ടവർ ഉറക്കം നടിക്കുകയാണ്, അല്ലെങ്കിൽ മൗനാനുവാദം നൽകി മാറിനിന്ന് നോക്കി രസിക്കുകയാണ്.


നിരപരാധികളുടെ വീടുകളും സ്ഥാപനങ്ങളും ഇടിച്ചുതകർക്കുന്ന ബുൾഡോസറിൽ മതമുണ്ട്, രാഷ്ട്രീയമുണ്ട്, ചില മുന്നറിയിപ്പുകളും ഭീഷണിയും താക്കീതുമുണ്ട്. അവ തിരിച്ചറിഞ്ഞ് ശക്തമായി പ്രതികരിക്കാൻ രാജ്യസ്നേഹികൾ മുന്നോട്ടുവന്നില്ലെങ്കിൽ സംഭവിക്കാനിരിക്കുന്നത് വൻദുരന്തമായിരിക്കും. ■



ലേഖനം

# രോഗവും മരുന്നും 8

ഇമാം ഇബ്‌നൽ ക്വയ്യിം അൽജൗസിയ്യ
ക്രോഡീകരണം: ഉസ്താദത്ത് ഈമാൻ ഉബൈദ്
വിവർത്തനം: ബിൻത് മുഹമ്മദ്




**28. അനുഗ്രഹങ്ങൾ നീങ്ങിപ്പോകും**

നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾ നീക്കംചെയ്യപ്പെടാൻ നാമാരും ആഗ്രഹിക്കുന്നില്ല. അല്ലാഹുവിനെ മറന്നുകൊണ്ട് പാപങ്ങളിൽ മുഴുകി ജീവിക്കുമ്പോൾ അത് അനുഗ്രഹങ്ങൾ നീക്കംചെയ്യപ്പെടാൻ കാരണമായേക്കാമെന്ന് പേടിക്കേണ്ടതാണ്. ജീവിതത്തിൽ നമുക്കുണ്ടാകുന്ന പല ദുരവസ്ഥകളും നമ്മൾ തന്നെ വരുത്തിവെക്കുന്നതാണ്. പക്ഷേ, നാം അതിന്റെ പേരിൽ വിധിയെയും കണ്ണേറിനെയും പഴിക്കും. അനുഗ്രഹങ്ങൾ നീക്കംചെയ്യപ്പെടാതിരിക്കുവാൻ വേണ്ടി നമ്മൾ അല്ലാഹുവിനോട് ദുആ ചെയ്യുകയും അതിലേക്ക് കൊണ്ടെത്തിക്കുന്ന പാപങ്ങളിൽനിന്നും അകന്നുകഴിയാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. അനുഗ്രഹങ്ങൾ നീക്കംചെയ്യപ്പെടാതിരിക്കാൻ വേണ്ടി നബി(സ്വ) ഇങ്ങനെ ദുആ ചെയ്യുമായിരുന്നു:

"അല്ലാഹുവേ, അനുഗ്രഹങ്ങൾ നീങ്ങിപ്പോകുന്നതിൽനിന്നും സൗഖ്യം നീക്കംചെയ്യപ്പെടുന്നതിൽ നിന്നും പൊടുന്നനെയുള്ള ബുദ്ധിമുട്ടുകളിൽനിന്നും നിന്റെ എല്ലാവിധ കോപത്തിൽനിന്നും ഞാൻ നിന്നോട് അഭയം പ്രാപിക്കുന്നു" (മുസ്‌ലിം).

അല്ലാഹു പറയുന്നു: "നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടുതന്നെയാണ്. മിക്കതും അവൻ മാപ്പാക്കുകയും ചെയ്യുന്നു" (അശ്ശൂറാ 30).

ഒരു അനുഗ്രഹം നീങ്ങിപ്പോയാൽ നമ്മൾ ഓർക്കേണ്ട കാര്യം അല്ലാഹു

**ഒരു അനുഗ്രഹം നീങ്ങിപ്പോയാൽ നമ്മൾ ഓർക്കേണ്ട കാര്യം അല്ലാഹു നമ്മുടെ മറ്റനേകം തെറ്റുകൾ പൊറുത്തുതന്നിട്ടുണ്ട് എന്നതാണ്. നമ്മുടെ വിധിയിൽ മറ്റുള്ളവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. നമ്മുടെ കരങ്ങൾ സമ്പാദിച്ചതുതന്നെയാണ് നമ്മൾ അനുഭവിക്കേണ്ടി വരിക.**

അല്ലാഹു മനുഷ്യനെ ഏറ്റവും ശുദ്ധമായ ഘടനയിൽ സൃഷ്ടിച്ചു. എല്ലാവരും ജന്മനാ ഏകദൈവവിശ്വാസികളാണ്. നമ്മുടെ ഹൃദയങ്ങളുടെമേൽ ഏകദൈവത്വത്തിന്റെ ഒരു അദൃശ്യമുദ്രയുണ്ട്. അതിനെ ഫിത്റത് (പ്രകൃതി) എന്ന് പറയുന്നു. പ്രകൃതി നല്ലതും മെച്ചപ്പെട്ടതുമായ എല്ലാത്തിനെയും സ്നേഹിക്കുന്നു. ദുഷ്ടതയും അക്രമവും കുഴപ്പങ്ങളും വെറുക്കുന്നു. പ്രകൃതി ഹൃദയത്തിന്റെ ആരോഗ്യം കാക്കുന്നു. പക്ഷേ, പാപങ്ങൾ നമ്മുടെ പ്രകൃതിക്ക് മങ്ങലേൽപിക്കുന്നു. ഒരാളുടെ ഹൃദയത്തെ രോഗാതുരമാക്കുന്നു. രോഗാതുരമായ ഹൃദയത്തിന് അല്ലാഹുവിലേക്ക് എത്തുവാൻ സാധ്യമല്ല. പക്ഷേ, ഇസ്തിഗ്ഫാർ ഒരാളുടെ പ്രകൃതിയെ പൂർവസ്ഥിതിയിലാക്കുകയും ഹൃദയത്തിന്റെ ആരോഗ്യം വീണ്ടെടുക്കുകയും ചെയ്യും.

നമ്മുടെ മറ്റനേകം തെറ്റുകൾ പൊറുത്തുതന്നിട്ടുണ്ട് എന്നതാണ്. നമ്മുടെ വിധിയിൽ മറ്റുള്ളവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. നമ്മുടെ കരങ്ങൾ സമ്പാദിച്ചതുതന്നെയാണ് നമ്മൾ അനുഭവിക്കേണ്ടി വരിക.

"ഒരു ജനവിഭാഗത്തിന് താൻ ചെയ്തുകൊടുത്ത അനുഗ്രഹം അവരുടെ സ്വന്തം നിലപാടിൽ അവർ മാറ്റം വരുത്തുന്നതുവരെ അല്ലാഹു മാറ്റിക്കളയുന്നതല്ല എന്നതുകൊണ്ടത്രെ അത്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ് എന്നതുകൊണ്ടും" (അൽഅൻഫാൽ 53).

നമ്മുടെ നിലപാട് നമ്മൾ മാറ്റാത്തിടത്തോളം നമ്മുടെ നല്ല അവസ്ഥയിൽ അല്ലാഹു മാറ്റം വരുത്തില്ല. ഉദാഹരണം: നന്ദി ചെയ്യുന്നതിൽനിന്നും നന്ദികേടിലേക്ക് നീങ്ങുക. അനുസരണംവിട്ട് അനുസരണക്കേട് കാണിക്കുക. ക്ഷമ കൈക്കൊള്ളുന്നതിൽനിന്നും മാറി പരാതി പറഞ്ഞുതുടങ്ങുക മുതലായ അവസ്ഥകളുണ്ടായാൽ അല്ലാഹു അനുഗ്രഹങ്ങൾ പിൻവലിക്കുന്നതാണ്.

ഇത് നേരെ മറിച്ചും സംഭവിക്കും. നമ്മുടെ ദുർമനഃസ്ഥിതിയിൽ നമ്മൾ മാറ്റം വരുത്തുവാൻ ശ്രമിക്കുമ്പോൾ അല്ലാഹു നമ്മുടെ ദുരവസ്ഥയിലും മാറ്റം വരുത്തുന്നതാണ്: "നിശ്ചയം, അല്ലാഹു ഒരു ജനതയുടെയും അവസ്ഥയിൽ മാറ്റം വരുത്തുകയില്ല; അവർ തങ്ങളുടെ സ്ഥിതി സ്വയം മാറ്റുംവരെ" (റഅ്ദ് 11).

നിലവിലുള്ള അനുഗ്രഹങ്ങൾ നീങ്ങിപ്പോകുന്നതുപോലെത്തന്നെ നാളെ വരാനിരിക്കുന്ന അനുഗ്രഹങ്ങും നമ്മുടെ പാപങ്ങൾമൂലം നമുക്ക് തടയപ്പെട്ടേക്കാം. നമ്മുടെ വിധിക്ക് നമ്മുടെ പ്രവൃത്തികളുമായി വലിയ ബന്ധമുണ്ടെന്ന് അറിയുക. ഉദാ: നാളെ നമുക്ക് ഒരു അനുഗ്രഹം നൽകാൻ അല്ലാഹു വിധിച്ചിട്ടുണ്ട്. നമ്മൾ നന്മ ചെയ്യുകയാണെങ്കിൽ അത് ലഭിക്കും. തിന്മയാണ് ചെയ്യുന്നതെങ്കിൽ നമുക്ക് അത് തടയപ്പെടും. ഇവിടെ നാമൊന്ന് ചിന്തിക്കുക! അങ്ങനെ എത്രയെത്ര അനുഗ്രഹങ്ങൾ നമ്മുടെ പാപങ്ങൾമൂലം നമുക്ക് തടയപ്പെട്ടിട്ടുണ്ടാകും! അതിനാൽ ഇസ്തിഗ്ഫാർ ചെയ്ത് അല്ലാഹുവിലേക്ക് മടങ്ങുക.

ഒരിക്കൽ ഒരാൾ ഹസൻ ബസ്വരിയുടെ പക്കൽ ഒരു പരാതി ബോധിപ്പിച്ചു: 'ആകാശത്തുനിന്നും ഞങ്ങൾക്ക് മഴ വർഷിക്കുന്നില്ല.' അദ്ദേഹം മറുപടി പറഞ്ഞു: 'അല്ലാഹുവിനോട് മാപ്പിരക്കുക.' മറ്റൊരാൾ പരിഭവപ്പെട്ടു:'ഞങ്ങൾ ദാരിദ്ര്യത്താൽ വലയുന്നു.' അദ്ദേഹം ഉപായം പറഞ്ഞുകൊടുത്തു: 'അല്ലാഹുവിനോട് മാപ്പിരക്കുക.' പിന്നീട് മറ്റൊരാൾ സങ്കടം ബോധിപ്പിച്ചു: 'എന്റെ പത്നിക്ക് കുഞ്ഞുങ്ങളെ പ്രസവിക്കാൻ കഴിവില്ല.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനോട് മാപ്പിരക്കുക.' ഇതുകണ്ട് അവിടെയുണ്ടായിരുന്ന ജനങ്ങൾ അദ്ദേഹത്തോട് ചോദിച്ചു: 'എല്ലാവരുടെയും പ്രശ്നങ്ങൾക്ക് താങ്കൾ ഈ മറുപടി തന്നെയാണല്ലോ പറയുന്നത്!' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ വചനം കേട്ടിട്ടില്ലേ: "അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും. സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും, നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികൾ ഉണ്ടാക്കിത്തരികയും ചെയ്യും" (നൂഹ് 10-12).

**പാഠം18**

**പാപങ്ങളുടെ ദുഷ്ഫലങ്ങൾ**

**29. മാനസികാരോഗ്യം നഷ്ടപ്പെടും**

അല്ലാഹു മനുഷ്യനെ ഏറ്റവും ശുദ്ധമായ ഘടനയിൽ സൃഷ്ടിച്ചു.

പാപങ്ങളിലൂടെ അപകർഷതാബോധം ഉണ്ടായിത്തീരുകയും അത് സ്വയം വെറുക്കുന്നതിലേക്ക് നയിക്കുകയും ചെയ്യുന്നതാണ്. തന്നെ ഒന്നിനും കൊള്ളില്ല എന്ന തോന്നൽ ശക്തമാവുകയും എല്ലാ കാര്യങ്ങളിൽനിന്നും പിൻവലിയുകയും ചെയ്യുന്നതാണ്. എന്നാൽ നന്മകൾ ആത്മവിശ്വാസം വർധിപ്പിക്കും. ആകയാൽ അപകർഷതാബോധം ബാധിച്ചാൽ ധാരാളമായി ഇസ്തിഗ്ഫാർ ചെയ്ത് മനസ്സിനെ അതിന്റെ പിടുത്തത്തിൽനിന്നും രക്ഷപ്പെടുത്തുക. വിഷാദനായി ഒന്നിലും പങ്കെടുക്കാതെ ഒറ്റക്കിരിക്കുന്നത് ഒരിക്കലും അതിനൊരു പരിഹാരമാകില്ല. "നിശ്ചയം, ആത്മാവിനെ സംസ്കരിച്ചവൻ വിജയം പ്രാപിച്ചു. അതിനെ മലിനമാക്കിയവൻ പരാജയപ്പെട്ടു" (അശ്ശംസ് 9-10).

എല്ലാവരും ജന്മനാ ഏകദൈവവിശ്വാസികളാണ്. നമ്മുടെ ഹൃദയങ്ങളുടെമേൽ ഏകദൈവത്വത്തിന്റെ ഒരു അദൃശ്യമുദ്രയുണ്ട്. അതിനെ ഫിത്റത് (പ്രകൃതി) എന്ന് പറയുന്നു. പ്രകൃതി നല്ലതും മെച്ചപ്പെട്ടതുമായ എല്ലാത്തിനെയും സ്നേഹിക്കുന്നു. ദുഷ്ടതയും അക്രമവും കുഴപ്പങ്ങളും വെറുക്കുന്നു. പ്രകൃതി ഹൃദയത്തിന്റെ ആരോഗ്യം കാക്കുന്നു. പക്ഷേ, പാപങ്ങൾ നമ്മുടെ പ്രകൃതിക്ക് മങ്ങലേൽപിക്കുന്നു. ഒരാളുടെ ഹൃദയത്തെ രോഗാതുരമാക്കുന്നു. രോഗാതുരമായ ഹൃദയത്തിന് അല്ലാഹുവിലേക്ക് എത്തുവാൻ സാധ്യമല്ല. പക്ഷേ, ഇസ്തിഗ്ഫാർ ഒരാളുടെ പ്രകൃതിയെ പൂർവസ്ഥിതിയിലാക്കുകയും ഹൃദയത്തിന്റെ ആരോഗ്യം വീണ്ടെടുക്കുകയും ചെയ്യും. എന്നാൽ ഹൃദയത്തിന്റെ രോഗാവസ്ഥയെ വിട്ടുകളഞ്ഞാൽ അത് കൂടുതൽ രൂക്ഷമാവുകയും ഹൃദയം ജീവനില്ലാത്തതായി തീരുകയും ചെയ്യും. എങ്ങനെയാണ് ഹൃദയത്തിന്റെ രോഗാവസ്ഥയെ ചികിത്സിക്കുക? സ്വന്തം ദേഹേച്ഛകൾക്കെതിരെ പൊരുതുക! കാരണം ദേഹേച്ഛകളാണ് മനുഷ്യരെ പാപത്തിലേക്ക് നയിക്കുന്നത്.

**30. മനസ്സിൽ അപകർഷതാബോധം ഉണ്ടാകും**

പാപങ്ങളിലൂടെ അപകർഷതാബോധം ഉണ്ടായിത്തീരുകയും അത് സ്വയം വെറുക്കുന്നതിലേക്ക് നയിക്കുകയും ചെയ്യുന്നതാണ്. തന്നെ ഒന്നിനും കൊള്ളില്ല എന്ന തോന്നൽ ശക്തമാവുകയും എല്ലാ കാര്യങ്ങളിൽനിന്നും പിൻവലിയുകയും ചെയ്യുന്നതാണ്. എന്നാൽ നന്മകൾ ആത്മവിശ്വാസം വർധിപ്പിക്കും. ആകയാൽ അപകർഷതാബോധം ബാധിച്ചാൽ ധാരാളമായി ഇസ്തിഗ്ഫാർ ചെയ്ത് മനസ്സിനെ അതിന്റെ പിടുത്തത്തിൽനിന്നും രക്ഷപ്പെടുത്തുക. വിഷാദനായി ഒന്നിലും പങ്കെടുക്കാതെ ഒറ്റക്കിരിക്കുന്നത് ഒരിക്കലും അതിനൊരു പരിഹാരമാകില്ല. "നിശ്ചയം, ആത്മാവിനെ സംസ്കരിച്ചവൻ വിജയം പ്രാപിച്ചു. അതിനെ മലിനമാക്കിയവൻ പരാജയപ്പെട്ടു" (അശ്ശംസ് 9-10).

**പാഠം19**

**പാപങ്ങളുടെ ദുഷ്ഫലങ്ങൾ**

**31. പിശാചിന്റെ ബന്ധിയാകും**

പാപങ്ങൾ കൂടുംതോറും ഒരാൾ പിശാചിന്റെയും ദേഹേച്ഛകളുടെയും തടവിലാക്കപ്പെടുന്നു. പിശാച് അതിന്റെ കാവൽക്കാരനുമാകും. ഹൃദയം പാപങ്ങളുടെ ചങ്ങലകളിൽ ബന്ധിക്കപ്പെട്ടാൽ അത് രോഗാതുരമായിത്തീരുന്നു. ഹൃദയം പാപഭാരങ്ങളാൽ താണുപോകുമ്പോൾ സകല പ്രശ്നങ്ങളും വമ്പിച്ചതായി അനുഭവപ്പെടും. പക്ഷേ, ഇസ്തിഗ്ഫാർ ചെയ്താൽ ഹൃദയത്തിന്റെ ഭാരം കുറയുകയും പ്രശ്നങ്ങൾ ലഘുവായി അനുഭവപ്പെടുകയും ചെയ്യും. കാരണം ഇസ്തിഗ്ഫാർ ചെയ്യുമ്പോൾ നമ്മൾ അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുകയും പാപങ്ങൾ നമ്മെ അല്ലാഹുവിൽനിന്ന് അകറ്റിക്കളയുകയും ചെയ്യും. മലക്കുകൾ പാപം ചെയ്യാത്തവരായതിനാലാണ് അവർക്ക് അല്ലാഹുവിന്റെ സാമിപ്യം ലഭിക്കുന്നത്.



**അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കുന്നവന്റെ മനസ്സ് എന്നും ഉണർന്നിരിക്കും. ചിന്തകൾ ശരിയായ ദിശയിലാരിക്കും. പാപങ്ങൾ നമ്മുടെ ചിന്തകളെ ദുഷിപ്പിക്കുകയും അബദ്ധങ്ങളിൽ കൊണ്ടു ചെന്നെത്തിക്കുകയും ചെയ്യും. നമ്മൾ പ്രവർത്തിക്കുന്ന കാര്യങ്ങളിൽ മികവ് ലഭിക്കില്ല. "അപ്പോൾ നിന്റെ നാഥൻ നിനക്കിറക്കിത്തന്നത് സത്യമാണെന്ന് അറിയുന്നവർ കുരുടനെപോലെ ആകുമോ? വിചാരശാലികൾ മാത്രമെ കാര്യങ്ങൾ നന്നായി മനസ്സിലാക്കുകയുള്ളൂ'' (റഅ്ദ് 19).**


**അല്ലാഹുവിൽനിന്നും അകന്നുപോകുന്നത് പടിപടിയായിട്ടാണ്:**

1. അശ്രദ്ധ: അല്ലാഹുവിനെ സ്മരിക്കാതിരിക്കുക. അങ്ങനെ അല്ലാഹുവിൽനിന്നും അകന്നുപോകും. നമസ്കാരം, ഖുർആൻ പാരായണം തുടങ്ങിയവ നിർവഹിക്കുന്ന വേളകളിൽ മനസ്സാന്നിധ്യം നിലനിർത്തിയില്ലെങ്കിൽ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് അകന്നുപോകും.

2. പാപങ്ങൾ നമ്മെ ശരിയും തെറ്റും വിവേചിച്ചറിയുന്നതിന് തടസ്സമുണ്ടാക്കും: ഈ അവസ്ഥയിലാണ് ബിദ്അത്തുകളിൽ പെട്ടുപോകുന്നത്. ഇത് മനസ്സിലെ കുറ്റബോധത്തെ പോലും കെടുത്തിക്കളയും. കാരണം താൻ പ്രവർത്തിക്കുന്നത് വളരെ നല്ലകാര്യമാണ് എന്ന തോന്നൽ പിശാച് മനസ്സിൽ ഇട്ടുതരും.

**32. മോശമായ വിശേഷണങ്ങൾ ലഭിക്കുന്നു**

പാപങ്ങൾ ഒരുവന് മോശമായ വിശേഷണങ്ങൾ സമ്മാനിക്കുന്നു. പാപി, അക്രമി, നുണയൻ, കള്ളൻ, കുടുംബസ്നേഹമില്ലാത്തവൻ, പിശുക്കൻ, പരദൂഷകൻ തുടങ്ങിയ വിശേഷണങ്ങൾ അയാൾക്ക്



ചാർത്തപ്പെടും. എന്നാൽ അല്ലാഹുവിലേക്ക് നിരന്തരം പശ്ചാത്തപിച്ച് മടങ്ങിക്കൊണ്ടിരുന്നാൽ, അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് ജീവിച്ചാൽ, ജനങ്ങൾക്കിടയിൽ ആത്മാർഥമായ സൽപ്പേര് നിലനിർത്തുവാൻ സാധിക്കും. വിശ്വാസി, സൽസ്വഭാവി, പരസഹായി, തക്വയുള്ളവൻ, പ്രസന്നവദനൻ, അഭ്യുദയകാംക്ഷി, ആരോഗ്യവാൻ...ഇങ്ങനെയുള്ള വിശേഷണങ്ങളാൽ അറിയപ്പെടും.

**33. ദുർബലമായ ചിന്തകൾക്കടിമപ്പെടും**

അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കുന്നവന്റെ മനസ്സ് എന്നും ഉണർന്നിരിക്കും. ചിന്തകൾ ശരിയായ ദിശയിലാരിക്കും. പാപങ്ങൾ നമ്മുടെ ചിന്തകളെ ദുഷിപ്പിക്കുകയും അബദ്ധങ്ങളിൽ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യും. നമ്മൾ പ്രവർത്തിക്കുന്ന കാര്യങ്ങളിൽ മികവ് ലഭിക്കില്ല.

“അപ്പോൾ നിന്റെ നാഥൻ നിനക്കിറക്കിത്തന്നത് സത്യമാണെന്ന് അറിയുന്നവർ കുരുടനെപോലെ ആകുമോ? വിചാരശാലികൾ മാത്രമെ കാര്യങ്ങൾ നന്നായി മനസ്സിലാക്കുകയുള്ളൂ” (റഅ്ദ് 19).

**34. അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടും**

പാപങ്ങളുടെ അതിപ്രസരം അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടാൻ ഇടയാക്കുന്നു. അല്ലാഹുവുമായുള്ള ബന്ധം മുറിഞ്ഞുപോകുക എന്നാൽ എല്ലാ നന്മകളിൽനിന്നും അയാൾ ഒഴിവാകും എന്നർഥം. കാരണം എല്ലാ നന്മകളും അല്ലാഹുവിൽനിന്നാകുന്നു. അതിലുപരി തിന്മയുടെ എല്ലാ സ്രോതസ്സുകളുമായി ബന്ധനത്തിലാകുകയും ചെയ്യും.

മുൻഗാമികളായ ചില സച്ചരിതർ പറയുന്നു: ‘അല്ലാഹുവിനും പിശാചിനും ഇടയിൽ അടിമയെ കാണാം. തന്റെ പാപങ്ങൾ നിമിത്തം അയാൾ അല്ലാഹുവിൽനിന്ന് തിരിഞ്ഞുകളയുകയാണെങ്കിൽ പിശാച് അയാളെ പ്രാപിക്കും. പക്ഷേ, അല്ലാഹു ആശ്രയം നൽകുന്ന ഒരുവനെ സ്വാധീനിക്കുവാൻ പിശാചിന് കഴിയില്ല.’

“നാം മലക്കുകളോട് പറഞ്ഞ സന്ദർഭം: നിങ്ങൾ ആദമിന് സാഷ്ടാംഗം പ്രണമിക്കുക. അവർ പ്രണമിച്ചു; ഇബ്‌ലീസ് ഒഴികെ. അവൻ ജിന്നുകളിൽപെട്ടവനായിരുന്നു. അവൻ തന്റെ നാഥന്റെ കൽപന ധിക്കരിച്ചു. എന്നിട്ടും നിങ്ങൾ എന്നെ വെടിഞ്ഞ് അവനെയും അവന്റെ സന്തതികളെയുമാണോ രക്ഷാധികാരികളാക്കുന്നത്? അവർ നിങ്ങളുടെ ശത്രുക്കളാണ്. അക്രമികൾക്ക് അല്ലാഹുവിന് പകരം ലഭിച്ചത് വളരെ ചീത്ത തന്നെ” (അൽകഹ്ഫ് 50).

**35. ബറകത്ത് നഷ്ടപ്പെടുന്നു**

ബറകത്ത് എന്നാൽ അനുഗൃഹീതമായത് എന്നർഥം. കുറച്ചു വിഭവങ്ങളിൽനിന്ന് നിരവധി ഗുണങ്ങൾ ലഭിക്കുക എന്നതാണ് ബറകത്ത്കൊണ്ടുള്ള ഉദ്ദേശം.

**ആയുസ്സിലും സമയത്തിലും ബറകത്ത്:** ചിലയാളുകൾ കുറച്ചുകാലം മാത്രം ജീവിക്കുന്നു. പക്ഷേ, ആ കുറഞ്ഞ കാലയളവിൽ ഒട്ടനവധി നന്മകൾ ചെയ്യുവാൻ സാധിക്കുന്നു. എന്നാൽ ചിലയാളുകൾ അനേകകാലം ജീവിക്കും. എങ്കിലും അവർക്ക് ഗുണകരമായ കാര്യങ്ങൾ ഒന്നും ചെയ്യുവാൻ സാധിക്കില്ല; നൂഹ് നബി(അ)യുടെ ജനതയെപോലെ. അവർ തൊള്ളായിരത്തിൽപരം വർഷം ജീവിച്ചു. പക്ഷേ. അവരുടെ ശിർക്ക് അവരുടെ ആയുസ്സിന്റെ ബറകത്ത് എടുത്തുകളഞ്ഞു.

കുറച്ച് സമയംകൊണ്ട് നമുക്ക് ഗുണകരമായ പലതും ചെയ്യുവാൻ സാധിക്കും. അതാണ് സമയത്തിലെ ബറകത്ത്. ചിലർക്ക് എത്ര സമയമുണ്ടെങ്കിലും ഒന്നിനും സമയം തികയാത്തതുപോലെ അവർക്ക് തോന്നും. ഇത്തരമൊരു അവസ്ഥ നമുക്ക് വന്നിട്ടുണ്ടോ എന്ന് സ്വയം പരിശോധിക്കുക. ഇസ്തിഗ്ഫാർ നമ്മുടെ സമയത്തിൽ ബറകത്ത് നൽകും.

**സമ്പത്തിലെ ബറകത്ത്:** നമ്മുടെ ശമ്പളം അല്ലെങ്കിൽ വരുമാനം ഒന്നിനും തികയാതെ പെട്ടെന്ന് ചെലവായിപ്പോകുന്നത് ബറകത്ത് കുറയുമ്പോഴാണ്. അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കുന്നവരുടെ സമ്പാദ്യത്തിൽ എപ്പോഴും ബറകത്ത് ഉണ്ടാകും. കുറച്ച് സമ്പാദ്യംകൊണ്ട് തന്നെ അവരുടെ കാര്യങ്ങളെല്ലാം സാധിക്കും. ഇസ്തിഗ്ഫാർ നമ്മുടെ സമ്പാദ്യത്തിൽ ബറക്കത്ത് തിരികെ കൊണ്ടുവരും.

**അറിവിലെ ബറകത്ത്:** നാം സമ്പാദിച്ച അറിവ് നമുക്ക് ഉപകാരപ്പെടുന്നുണ്ടോ? ക്വുർആൻ മനസ്സിനും ശരീരത്തിനും ബറകത്ത് ഏകും. ക്വുർആനിൽനിന്നും സുന്നത്തിൽനിന്നും നമുക്ക് ലഭിച്ച അറിവുകൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കുമ്പോഴാണ് ആ അറിവിൽ ബറകത്ത് ഉണ്ടാകുന്നത്. നാം നേടിയ അറിവ് ഉപകാരപ്രദമാണെങ്കിൽ നാം അത് പ്രവൃത്തിയിൽ കൊണ്ടുവരണം.

*(തുടരും)*

**നാം സമ്പാദിച്ച അറിവ് നമുക്ക് ഉപകാരപ്പെടുന്നുണ്ടോ? ക്വുർആൻ മനസ്സിനും ശരീരത്തിനും ബറകത്ത് ഏകും. ക്വുർആനിൽനിന്നും സുന്നത്തിൽനിന്നും നമുക്ക് ലഭിച്ച അറിവുകൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കുമ്പോഴാണ് ആ അറിവിൽ ബറകത്ത് ഉണ്ടാകുന്നത്. നാം നേടിയ അറിവ് ഉപകാരപ്രദമാണെങ്കിൽ നാം അത് പ്രവൃത്തിയിൽ കൊണ്ടുവരണം.**



**പ്രബുദ്ധ കേരളമെന്ന് മേനിപറയുമ്പോഴും ഏറ്റവും കൂടുതൽ തട്ടിപ്പുകൾ നടക്കുന്ന സംസ്ഥാനമെന്ന അപഖ്യാതി നമ്മെ വിട്ടുപോകുന്നില്ല എന്നത് വാസ്തവമാണ്. വായിലൊതുങ്ങാത്ത ലാഭം ഓഫർ ചെയ്താൽ ഏതു വിലാസരഹിത ബിസിനസ്സിലേക്കും എടുത്തുചാടുന്ന 'നിക്ഷേപക ഈയാംപാറ്റകളായി' മാറിയിരിക്കുന്നു മലയാളികൾ.**

# നിക്ഷേപരംഗത്തെ നെല്ലും പതിരും തിരിച്ചറിയുക

**ജാസിർ സ്വബ്രി**

: 93878 85015

ഭാവിയിലേക്ക് വിഭവങ്ങൾ സമാഹരിച്ചുവെക്കുക എന്നത് മനുഷ്യപ്രകൃതിയിൽ പെട്ടതാണ്. ഉപയോഗിച്ച് മിച്ചമുള്ളത് നാളേക്കുവേണ്ടി കരുതുക എന്നതിൽ തെറ്റില്ല. പ്രതികൂലാവസ്ഥകളിലും പ്രായമേറുമ്പോഴും അത്യാവശ്യഘട്ടങ്ങളിലും മറ്റും ഇത്തരം സമാഹരിച്ച വിഭവങ്ങൾ ഉപകാരപ്പെടുമല്ലോ.

എന്നാൽ പണവും സ്വത്തും വിനിമയം നടത്താതെ അമിതമായി സ്വരൂപിക്കുന്നതും, പിശുക്കി പൂഴ്ത്തി വക്കുന്നതും മറ്റും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ക്വുർആൻ പറയുന്നത് കാണാം:

"നിന്റെ കൈ നീ പിരടിയിലേക്ക് ബന്ധിക്കപ്പെട്ടതാക്കരുത്. അത് (കൈ) മുഴുവനായങ്ങ് നീട്ടിയിടുകയും ചെയ്യരുത്. അങ്ങനെ ചെയ്യുന്നപക്ഷം നീ നിന്ദിതനും കഷ്ടപ്പെട്ടവനുമായിരിക്കേണ്ടിവരും" (17:29).

"നമസ്കാരം മുറപോലെ നിർവഹിക്കുകയും നാം നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവർ. അവർ തന്നെയാണ് യഥാർഥത്തിൽ വിശ്വാസികൾ. അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പല പദവികളുണ്ട്. പാപമോചനവും ഉദാരമായ ഉപജീവനവുമുണ്ട്" (8:3-4).

നമ്മുടെ പണം നാമടങ്ങുന്ന സമൂഹത്തിന് ഗുണം ലഭിക്കുന്ന രീതിയിൽ വിനിമയം ചെയ്യുകയെന്നതാണ് പണമുള്ളയാളുകൾ ചെയ്യേണ്ടത്. ഇത്തരം വിനിമയങ്ങളാണ് സാമ്പത്തിക രംഗം മെച്ചപ്പെടുത്തുകയും മനുഷ്യന്റെ ജീവിതനിലവാരം വർധിപ്പിക്കുകയും ചെയ്യുന്നത്. അതിനർഥം, പണം ധൂർത്തടിച്ച് കളയണം എന്നല്ല. ധൂർത്ത് ഇസ്‌ലാം വിരോധിച്ച കാര്യമാണ്. അല്ലാഹു പറയുന്നു:

“...നീ (ധനം) ദുർവ്യയം ചെയ്ത് കളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു...” (17:26-27).

ചെലവഴിക്കാതെ ധനം കുന്നുകൂട്ടിവെക്കാനും ധുർത്തടിച്ചു നശിപ്പിക്കാനും പാടില്ല. എന്നാൽ പരലോകത്തേക്ക് ഉപകാരപ്പെടുന്ന രീതിയിൽ നിക്ഷേപങ്ങൾ നടത്താം. ദാനധർമ്മങ്ങളെയുദ്ദേശിച്ചാണ് നിക്ഷേപമെന്ന വാക്ക് ക്വുർആൻ ഉപയോഗിച്ചിട്ടുള്ളത്. ക്വുർആൻ പറയുന്നത് കാണുക:

“തീർച്ചയായും ധർമിഷ്ഠരായ പുരുഷൻമാരും സ്ത്രീകളും അല്ലാഹുവിന് നല്ല കടം കൊടുത്തവരും ആരോ അവർക്കത് ഇരട്ടിയായി നൽകപ്പെടുന്നതാണ്. അവർക്കത്രെ മാന്യമായ പ്രതിഫലമുള്ളത്” (57:18).

“അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്” (2:61).

എന്നാൽ ഒരാൾക്ക് പരലോകത്തേക്കുള്ള നിക്ഷേപം എന്ന നിലയിൽ തന്റെ മുഴുവൻ സമ്പാദ്യവും ദാനധർമങ്ങൾക്കായി ഉപയോഗിക്കാമോ? പാടില്ല എന്നു കാണാം. ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഒരു ഹദീസിൽ പ്രവാചകൻ(സ്വ) പറഞ്ഞതായി കാണാം: ‘നിന്റെ പിൻഗാമികളെ മറ്റുള്ളവരോടു യാചിക്കുന്നവരായി വിടുന്നതിനെക്കാളും നിനക്ക് നല്ലത്, അവരെ സ്വതന്ത്രമായി ജീവിക്കാൻ പ്രാപ്തിയുള്ളവരായി വിടുന്നതാണ്.’

തനിക്കോ തന്റെ കുടുംബത്തിനോ ഉപകാരമുള്ള രൂപത്തിൽ ഇഹലോകത്തും നിക്ഷേപങ്ങൾ നടത്തുക എന്നത് അനുവദനീയമായ കാര്യവും ഉദ്ദേശ്യശുദ്ധിക്കനുസരിച്ച് പ്രതിഫലം ലഭിക്കാവുന്ന കാര്യവുമാണ്. അത്തരം നിക്ഷേപങ്ങൾ സാമ്പത്തിക ചലനമുണ്ടാക്കുകയും അങ്ങനെ സമൂഹത്തിന്റെ പൊതുനന്മയ്ക്കായി ഉപകരിക്കാനും ലാഭം ലഭിക്കാനും സഹായകമായേക്കാം.

കച്ചവടങ്ങളിലും മറ്റും ധനം നിക്ഷേപിക്കുകയും ലാഭമോ നഷ്ടമോ സംഭവിക്കുകയും ചെയ്യുക എന്നത് മനുഷ്യരെ സംബന്ധിച്ചിടത്തോളം ഒരു പുതിയ കാര്യമല്ല. ആധുനിക കാലത്താകട്ടെ, നിക്ഷേപ സാധ്യതകൾ അനന്തവുമാണ്. പൊതുസമൂഹത്തെ സംബന്ധിച്ചിടത്തോളം ബാങ്കുകളിൽ പലിശക്ക് പകരം പണം നിക്ഷേപിക്കുന്നത് മുതൽ, ചെറുതും വലുതുമായ കച്ചവടങ്ങളിലും സ്‌റ്റോക്ക് മാർക്കറ്റിലും ക്രിപ്‌റ്റോ കറൻസികളിലും എൻ.എഫ്.ടികളിലും എന്നു വേണ്ട മൾട്ടിലെവൽ മാർക്കറ്റിംഗ്, ട്രേഡിംഗ് എന്നൊക്കെയുള്ള ഓമനപ്പേരുകളിൽ പല തരം ഓപ്ഷൻസ് ഉണ്ട്.

മുസ്‌ലിംകൾക്കാകട്ടെ, മറ്റു കാര്യങ്ങളിലെന്നപോലെത്തന്നെ സാമ്പത്തിക വിഷയങ്ങളിലും ഇസ്‌ലാമിക നിയമങ്ങൾ പാലിക്കൽ നിർബന്ധമാണ്. അനുവദനീയമായ കാര്യങ്ങളിലൂടെയല്ലാതെ സമ്പാദിച്ച ധനമുപയോഗിച്ചാൽ അത് ഉപകാരപ്പെടുകയില്ല എന്നു മാത്രമല്ല, നാളെ പരലോകത്ത് ശിക്ഷാർഹനാവുകയും ചെയ്യും. പ്രവാചകൻ(സ്വ) അരുളി: “അന്യായമായി സമ്പാദിക്കുന്ന ശരീരം നരകാഗ്നിക്കുള്ള ശരിയായ ഇന്ധനമാണ്” (ബുഖാരി).

ഇക്കാരണങ്ങളാൽ തന്നെ മുസ്‌ലിംകൾ പൊതുവെ അനുവദനീയവും ലാഭകരവും സുരക്ഷിതവുമായ പല നിക്ഷേപ സാധ്യതകളും കാണാതെ

**നമ്മുടെ പണം നാമടങ്ങുന്ന സമൂഹത്തിന് ഗുണം ലഭിക്കുന്ന രീതിയിൽ വിനിമയം ചെയ്യുകയെന്നതാണ് പണമുള്ളയാളുകൾ ചെയ്യേണ്ടത്. ഇത്തരം വിനിമയങ്ങളാണ് സാമ്പത്തിക രംഗം മെച്ചപ്പെടുത്തുകയും മനുഷ്യന്റെ ജീവിതനിലവാരം വർധിപ്പിക്കുകയും ചെയ്യുന്നത്. അതിനർഥം, പണം ധൂർത്തടിച്ച് കളയണം എന്നല്ല. ധൂർത്ത് ഇസ്‌ലാം വിരോധിച്ച കാര്യമാണ്. അല്ലാഹു പറയുന്നു: “...നീ (ധനം) ദുർവ്യയം ചെയ്ത് കളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു...” (17: 26-27). ചെലവഴിക്കാതെ ധനം കുന്നുകൂട്ടിവെക്കാനും ധുർത്തടിച്ചു നശിപ്പിക്കാനും പാടില്ല. എന്നാൽ പരലോകത്തേക്ക് ഉപകാരപ്പെടുന്ന രീതിയിൽ നിക്ഷേപങ്ങൾ നടത്താം.**

പോകുകയും, അതേസമയം അബദ്ധങ്ങളിലും തട്ടിപ്പുകളിലും പെട്ട് ധനം നഷ്ടപ്പെടുത്തുകയും ചെയ്യുന്നത് നമുക്ക് കാണാൻ സാധിക്കും.

ഈയടുത്ത ദിവസം, എറണാകുളത്തെ അമുസ്‌ലിമായ ഒരു പ്രമുഖ ബിസിനസ് കൺസൾട്ടന്റ് എന്നോട് പറയുകയുണ്ടായി: "ജാസിർ, എല്ലാ ഇൻവെസ്റ്റ്മെൻറ് തട്ടിപ്പുകളിലും നിങ്ങളുടെ ആളുകളാണ് പെടുന്നത്. നിങ്ങൾക്ക് പലിശ ഹറാമായതുകൊണ്ട് 'വലിയ' ലാഭം തരാമെന്നു പറഞ്ഞാണ് മിക്ക പണപ്പിരിവും നടക്കുന്നത്.''

ഒരു ബിഗ്4 കൺസൽട്ടിങ്ങ് സ്ഥാപനത്തിൽ നിന്നും വിരമിച്ച് സ്വന്തമായി ഒരു കൺസൾട്ടിങ്ങ് സ്ഥാപനം നടത്തുന്ന ഇദ്ദേഹം പറഞ്ഞത് കേട്ടപ്പോൾ, ആധുനിക കാലത്ത്, ഒരു ഇസ്‌ലാമിക ജീവിതരീതി പിന്തുടരണം എന്നാഗ്രഹിക്കുന്ന ഒരു മലയാളി മുസ്‌ലിമിന്റെ പരിപ്രേക്ഷ്യത്തിൽ നിന്ന് പൊതുവെ ഇന്ന് നമുക്ക് മുമ്പിൽ അവതരിപ്പിക്കപ്പെടുന്ന ഇൻവെസ്റ്റ്മെന്റ് രീതികളെക്കുറിച്ച് ഒരു ലഘു വിശദീകരണം നൽകണം എന്നെനിക്ക് തോന്നി. അതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

**ലാഭവും നഷ്ടവും**

ലാഭവും നഷ്ടവും ഉണ്ടാകാനുള്ള സാധ്യത എന്നത് ഏതൊരു കച്ചവടത്തിന്റെയും അടിസ്ഥാന പ്രകൃതിയാണ്. അതുകൊണ്ട്തന്നെ ഏതൊരു സംവിധാനത്തിലും നിക്ഷേപിക്കുമ്പോൾ നഷ്ടം വരാനുള്ള സാധ്യതകൾ തള്ളിക്കളയരുത്. ചെറിയ ഒരു ചായക്കട മുതൽ, വലിയ കമ്പനികളും രാജ്യങ്ങളുംവരെ സാമ്പത്തിക വിജയം കൈവരിക്കുന്നതുപോലെ തന്നെ സാമ്പത്തിക പരാജയത്തിലേക്ക് കൂപ്പുകുത്തുന്നതും നമുക്ക് കാണാൻ കഴിയും. അതുകൊണ്ട്തന്നെ, ഒരു സംവിധാനത്തിൽ നിക്ഷേപിക്കുമ്പോൾ എങ്ങനെയാണ് ലാഭമുണ്ടാകുന്നത്, എങ്ങനെയാണ് ലാഭം വീതിക്കുന്നത് എന്നിത്യാദി കാര്യങ്ങളന്വേഷിക്കുന്നത് പോലെത്തന്നെ എങ്ങനെയൊക്കെ നഷ്ടമുണ്ടാകാമെന്നും, നഷ്ടമെങ്ങനെ വീതിക്കുമെന്നും അന്വേഷിച്ചറിയേണ്ടതാണ്. ഒരിക്കലും നഷ്ടമുണ്ടാവില്ല എന്ന ധാരണയിൽ ചെയ്യാവുന്ന ഒരു കച്ചവടവും ഭൗതിക ലോകത്തില്ല.

**തനിക്കോ തന്റെ കുടുംബത്തിനോ ഉപകാരമുള്ള രൂപത്തിൽ ഇഹലോകത്തും നിക്ഷേപങ്ങൾ നടത്തുക എന്നത് അനുവദനീയമായ കാര്യവും ഉദ്ദേശ്യശുദ്ധിക്കനുസരിച്ച് പ്രതിഫലം ലഭിക്കാവുന്ന കാര്യവുമാണ്. അത്തരം നിക്ഷേപങ്ങൾ സാമ്പത്തിക ചലനമുണ്ടാക്കുകയും അങ്ങനെ സമൂഹത്തിന്റെ പൊതുനന്മയ്ക്കായി ഉപകരിക്കാനും ലാഭം ലഭിക്കാനും സഹായകമായേക്കാം.**

**നഷ്ടഭീതിയോടെ ചെയ്യേണ്ട ഒന്നാണോ നിക്ഷേപം?**

അല്ല! നഷ്ടത്തെക്കുറിച്ചും അത് വീതിക്കുന്നതിനെക്കുറിച്ചും മനസ്സിലാക്കിയാൽ, ഭാരിച്ച സാമ്പത്തിക നഷ്ടം വന്ന് പാപ്പരാകുന്ന അവസ്ഥ നമുക്കൊഴിവാക്കാൻ സാധിക്കും. ഒരു ഇൻവെസ്റ്റ്മെന്റ് നടത്തുമ്പോൾ, നമ്മെ അലട്ടുന്ന രണ്ട് മാനസിക പ്രതിഭാസങ്ങളാണ് 'അത്യാഗ്രഹ'വും 'ഭയ'വും (Greed and Fear). എല്ലാ വിഷയങ്ങളിലുമെന്ന പോലെത്തന്നെ അമിതമായ ലാഭക്കൊതിയും അമിതമായ നഷ്ടഭീതിയും നാമൊഴിവാക്കണം. അതിനു സാധിക്കുന്ന രൂപത്തിലുള്ള, നമുക്ക് യോജിക്കുന്ന നിക്ഷേപങ്ങളാണ് നാം തിരഞ്ഞെടുക്കേണ്ടതെന്ന് ചുരുക്കം. വലിയലാഭം കിട്ടുമെന്ന വാഗ്ദാനങ്ങൾക്ക് മുമ്പിൽ സ്വന്തംകിടപ്പാടംവരെ നഷ്ടപ്പെടുന്ന തരത്തിലേക്കെത്തിക്കുന്ന നിക്ഷേപം നടത്തുന്ന സംസ്കാരം ഒഴിവാക്കപ്പെടേണ്ടതാണ്.

**നിക്ഷേപ രീതികളും അവയുടെ പ്രധാന സവിശേഷതകളും**

നമ്മുടെ അടുത്ത ബന്ധുക്കളോ, സുഹൃത്തുക്കളോ ചേർന്ന്





തുടങ്ങുന്ന ചെറിയ കടകളിലും കച്ചവടങ്ങളിലും മറ്റും പണം മുടക്കുന്നതും ലാഭം പങ്കിടുന്നതുമൊന്നും ഇനി തുടർന്നെഴുതുന്ന കാര്യങ്ങളുടെ പരിധിയിൽ വരുന്നതല്ല. അത്തരം ഇടപാടുകൾ കൂടുതലും ലാഭമെന്നതിലുപരി സൗഹൃദവും സ്നേഹബന്ധവും ഉദ്ദേശിച്ച് നടത്തുന്നവയാണല്ലോ! കൃത്യമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ലാഭം നേടാൻ വേണ്ടി ചെയ്യുന്ന നിക്ഷേപങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കാനുദ്ദേശിക്കുന്നത്.

**റിസ്കും റിട്ടേണും**

'റിസ്ക്' എന്ന പദം പലപ്പോഴായി പല അർഥത്തിൽ ഉപയോഗിക്കപ്പെടുന്നതായി കാണാറുണ്ട്. 'താങ്കൾക്കൊരു റിസ്കുമില്ല, എല്ലാ റിസ്കും കമ്പനിയുടെതാണ്' എന്ന് പ്രയോഗിക്കുന്നത് കാണാം. എന്നു വെച്ചാൽ 'താങ്കൾ പണം നിക്ഷേപിച്ചാൽ മാത്രം മതി, കമ്പനിയുടെ പ്രവർത്തനങ്ങളിൽ ഇടപെടേണ്ടതില്ല' എന്നർഥം. യഥാർഥത്തിൽ അത് പ്രത്യേകം പറയേണ്ട ഒരു കാര്യമല്ല. ഒരു നിക്ഷേപകൻ എന്ന നിലക്ക് ഒരാൾ ഒരു സംരംഭത്തിലിടപെടുമ്പോൾ, അയാൾ ആ സംരംഭത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ സാധാരണ ഇടപെടേണ്ടി വരില്ല. നേരെ മറിച്ച്, നിക്ഷേപകന് ശ്രദ്ധിക്കേണ്ടത് തന്റെ പണം നഷ്ടപ്പെട്ടേക്കാനുള്ള സാധ്യതയെക്കുറിച്ചാണ്. ആ സാധ്യതയാണ് നിക്ഷേപത്തിന്റെ റിസ്ക്. വിവിധ നിക്ഷേപ രീതികൾക്ക് വിവിധതരത്തിലുള്ള റിസ്ക് ഉള്ളതായി കാണാം. പക്ഷേ, ഒരു കാര്യം ശ്രദ്ധിക്കണം, റിസ്ക് കൂടുമ്പോൾ റിട്ടേൺ കൂടണം. അതുപോലെ റിസ്ക് കുറയുമ്പോൾ റിട്ടേൺ സ്വാഭാവികമായും കുറയും.

**ലാഭവും നഷ്ടവും ഉണ്ടാകാനുള്ള സാധ്യത എന്നത് ഏതൊരു കച്ചവടത്തിന്റെയും അടിസ്ഥാന പ്രകൃതിയാണ്. അതുകൊണ്ട്തന്നെ ഏതൊരു സംവിധാനത്തിലും നിക്ഷേപിക്കുമ്പോൾ നഷ്ടം വരാനുള്ള സാധ്യതകൾ തള്ളിക്കളയരുത്. ചെറിയ ഒരു ചായക്കട മുതൽ, വലിയ കമ്പനികളും രാജ്യങ്ങളുംവരെ സാമ്പത്തിക പരാജയത്തിലേക്ക് കൂപ്പുകുത്തുന്നത് നമുക്ക് കാണാൻ കഴിയും. അതുകൊണ്ട്തന്നെ, ഒരു സംവിധാനത്തിൽ നിക്ഷേപിക്കുമ്പോൾ എങ്ങനെയാണ് ലാഭമുണ്ടാകുന്നത്, എങ്ങനെയാണ് ലാഭം വീതിക്കുന്നത് എന്നിത്യാദി കാര്യങ്ങളന്വേഷിക്കുന്നത് പോലെത്തന്നെ എങ്ങനെയൊക്കെ നഷ്ടമുണ്ടാകാമെന്നും, നഷ്ടമെങ്ങനെ വീതിക്കുമെന്നും അന്വേഷിച്ചറിയേണ്ടതാണ്. ഒരിക്കലും നഷ്ടമുണ്ടാവില്ല എന്ന ധാരണയിൽ ചെയ്യാവുന്ന ഒരു കച്ചവടവും ഭൗതികലോകത്തില്ല.**

ഒരു നിക്ഷേപകനെ സംബന്ധിച്ചിടത്തോളം കുറഞ്ഞ റിസ്കും കൂടുതൽ റിട്ടേണുമാണ് നല്ലത്. പക്ഷേ, പ്രായോഗിക ബിസിനസ് രംഗത്ത് അങ്ങനെയല്ല വസ്തുത എന്നത് നമ്മളറിഞ്ഞിരിക്കണം. അതുകൊണ്ട്തന്നെ, റിട്ടേൺ കൂടുതൽ കിട്ടുമെന്ന് വാഗ്ദാനം കിട്ടിയാൽ (എന്നുവെച്ചാൽ റിസ്കും കൂടുതലാണെന്നർഥം), അത്തരം ബിസിനസ്സുകളിൽ നിക്ഷേപിക്കുമ്പോൾ, ആ പണം മുഴുവനായോ, ഭാഗികമായോ നഷ്ടപ്പെട്ടാലും പിടിച്ചുനിൽക്കാനുള്ള സാമ്പത്തിക കെട്ടുറപ്പ് നിക്ഷേപകനുണ്ടായിരിക്കണം. സാമ്പത്തിക വിദഗ്ധർ പറയുന്നത്, ഒരാളുടെ കയ്യിലുള്ള പണത്തിന്റെ (cash) മൂന്ന് മുതൽ അഞ്ച് ശതമാനം മാത്രമെ ഇത്തരം ബിസിനസ്സുകളിൽ നിക്ഷേപിക്കാവൂ എന്നാണ്.

ഇന്ന് നാട്ടിൽ കാണുന്ന ഏതാനും നിക്ഷേപരീതികളെക്കുറിച്ചാണ് ഇനി പ്രതിപാദിക്കുന്നത്:

**1. ബാങ്ക് പലിശ**

ഏറ്റവും കുറഞ്ഞ റിസ്കുള്ളതായി പറയപ്പെടുന്നതും താരതമ്യേന ഏറ്റവും കുറഞ്ഞ നിരക്കിൽ നിക്ഷേപത്തിൽനിന്നുള്ള വരുമാനം ലഭിക്കുന്നതുമായ രീതിയാണ് ബാങ്കിൽ പണം ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുക എന്നത്. ഈ രീതി പൂർണമായും പലിശയിനത്തിൽ പെടുന്നതുകൊ

ണ്ട് തന്നെ, മുസ്‌ലിംകൾക്ക് ഇത് അനുയോജ്യമായ ഒരു നിക്ഷേപ രീതിയല്ല. ഖുർആൻ പറയുന്നു:

"പലിശ തിന്നുന്നവർ പിശാചു ബാധ നിമിത്തം മറിഞ്ഞുവീഴുന്ന വൻ എഴുന്നേൽക്കുന്നത് പോലെ യല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശ പോലെത്ത ന്നെയാണ് എന്ന് അവർ പറഞ്ഞ തിന്റെ ഫലമത്രെ അത്. എന്നാൽ കച്ചവടം അല്ലാഹു അനുവദിക്കു കയും പലിശ നിഷിദ്ധമാക്കുകയു മാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവിന്റെ ഉപദേശം വന്നു കിട്ടിയിട്ട് (അതനുസരിച്ച്) വല്ലവ നും (പലിശയിൽ നിന്ന്) വിരമി ച്ചാൽ അവൻ മുമ്പ് വാങ്ങിയത് അവന്നുള്ളത് തന്നെ. അവന്റെ കാര്യം അല്ലാഹുവിന്റെതീരുമാന ത്തിന്ന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലി ശയിടപാടുകളിലേക്ക് തന്നെ) മടങ്ങുകയാണെങ്കിൽ അവരത്രെ നരകാവകാശികൾ. അവരതിൽ നി ത്യവാസികളായിരിക്കും" (2: 275).

പ്രത്യക്ഷത്തിൽ ഇത് ലോ റി സ്ക്, ലോ റിട്ടേൺ ഇൻവെസ്റ്റ്മെ ന്റാണെങ്കിലും മുസ്‌ലിമിനെ സം ബന്ധിച്ചിടത്തോളം പരലോകത്ത് ഇത് ഹൈ റിസ്കാണ് എന്നോർ ക്കുക.

**2. ഷെയർ മാർക്കറ്റ്**

വളരെ പ്രൊഫഷണലായും ഉത്തരവാദിത്തത്തോടുകൂടിയും നടത്തപ്പെടുന്ന (പബ്ലിക്) ലിമിറ്റ ഡ് (Ltd) എന്നറിയപ്പെടുന്ന കമ്പ നികൾ അവരുടെ കമ്പനിയുടെ വളർച്ചക്കാവശ്യമായ മൂലധനം സംഭരിക്കുന്ന രീതികളിൽ ഒന്നാ ണ് ഷെയർ മാർക്കറ്റ്. ചെറിയത്, ഇടത്തരം മുതൽ വൻകിട കമ്പ നികൾവരെ ഈ രീതി പിന്തുടരു ന്നുണ്ട്. പ്രസ്തുത കമ്പനികളുടെ ആകെയുള്ള ഉടമസ്ഥാവകാശ ത്തിന്റെ ഒരു ഭാഗം, ഷെയർ മാർ ക്കറ്റിൽ നിക്ഷേപിക്കുന്നവരുടെ പേരിലേക്ക് മാറ്റി, അതിന് തുല്യ മായ ഒരു സംഖ്യ എന്ന നിലക്കാ ണ് നിക്ഷേപം കണക്കാക്കുന്നത്. പിന്നീട് കമ്പനിയുടെ വളർച്ച, ലാഭം, പുതിയ പദ്ധതികൾ എന്നി ങ്ങനെയുള്ള പല കാരണങ്ങളാൽ ഷെയറിന്റെ വില കൂടുകയും കു റയുകയും ചെയ്യും. വില കൂടു മ്പോൾ വിറ്റാൽ ലാഭം കിട്ടും, കു റയുമ്പോൾ വിറ്റാൽ നഷ്ടവും.

**ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഷെയർ മാർക്കറ്റിൽ അനുവദനീയമായതും അല്ലാത്തതുമായ നിക്ഷേപസാധ്യതകളും രീതികളുമുണ്ട്. നേരിട്ട് ഷെയർ മാർക്കറ്റിൽ നിക്ഷേപിക്കുക എന്നത് സമയവും പഠനവും അധ്വാനവും വേണ്ട കാര്യമാണ്. ഷെയറിൽ ഇൻവെസ്റ്റ് ചെയ്യുന്നതിനെ നമുക്ക് പലപ്പോഴും ഭൂമി വാങ്ങുന്നതുമായി താരതമ്യപ്പെടുത്താൻ കഴിയും. പക്ഷേ, ഷെയർ മാർക്കറ്റിൽ നിക്ഷേപിക്കുന്നതിന്റെ ഏറ്റവും വലിയ ഗുണം, അത് ഏതുസമയവും പിൻവലിക്കാവുന്നതാണ് (Liquidtiy) എന്നുള്ളതാണ്. ലാഭവും നഷ്ടവും അഡ്ജസ്റ്റായി തുക ബാങ്കിൽ വരും.**

ഇത്തരം കമ്പനികൾ അവയു ടെ ഷെയറുകൾ ആദ്യമായി മാർ ക്കറ്റിൽ വിൽക്കുമ്പോൾ, ഇവയു ടെ നടത്തിപ്പിനെക്കുറിച്ചും മറ്റും നന്നായി പഠിച്ച ഇൻസ്റ്റിറ്റിയൂഷ ണൽ ഇൻവെസ്റ്റേഴ്സും മറ്റും നിക്ഷേപത്തിൽ പങ്കെടുക്കുന്നത് കൊണ്ട്, ഷെയറിന്റെ വിലനിർണ യം പലപ്പോഴും ന്യായമായ വില യായിരിക്കും. മാത്രമല്ല ഇന്ത്യയിൽ 'സെബി' എന്ന സർക്കാർ സ്ഥാപ നത്തിന്റെ മേൽനോട്ടത്തിലും നിയ ന്ത്രണത്തിലുമാണ് ഈ പ്രവൃത്തി നടക്കുന്നത്. ശക്തമായ നിയമവ്യ വസ്ഥകൾക്കുള്ളിൽ നടക്കുന്ന കാര്യമായതിനാൽ ഇവിടെ തട്ടി പ്പ് കുറവാണ്. തീരെയില്ല എന്ന് പറയാവതല്ല.

ഒരു മുസ്‌ലിമിനെ സംബന്ധി ച്ചിടത്തോളം ഷെയർ മാർക്കറ്റിൽ അനുവദനീയമായതും അല്ലാത്ത തുമായ നിക്ഷേപസാധ്യതകളും രീതികളുമുണ്ട്. നേരിട്ട് ഷെയർ മാർക്കറ്റിൽ നിക്ഷേപിക്കുക എന്ന ത് സമയവും പഠനവും അധ്വാന വും വേണ്ട കാര്യമാണ്.

ഷെയറിൽ ഇൻവെസ്റ്റ് ചെയ്യു ന്നതിനെ നമുക്ക് പലപ്പോഴും ഭൂമി വാങ്ങുന്നതുമായി താരതമ്യപ്പെ





ടുത്താൻ കഴിയും. ഭൂമി നാം ഒരു വില കൊടുത്ത് വാങ്ങുന്നു. ഡിമാന്റ് അനുസരിച്ച് വില കൂടാനും കുറയാനും സാധ്യതയുണ്ട്. അതുപോലെത്തന്നെയാണ് ഷെയറുകളും. പക്ഷേ, ഷെയർ മാർക്കന്റിൽ നിക്ഷേപിക്കുന്നതിന്റെ ഏറ്റവും വലിയ ഗുണം, അത് ഏതുസമയവും പിൻവലിക്കാവുന്നതാണ് (Liquidtiy) എന്നുള്ളതാണ്. ലാഭവും നഷ്ടവും അഡ്ജസ്റ്റായി തുക ബാങ്കിൽ വരും. ഷെയറിൽ ഇൻവെസ്റ്റ് ചെയ്യുന്നത് മീഡിയം റിസ്ക് ആൻഡ് മീഡിയം റിട്ടേൺ ആയിട്ട് നമുക്ക് പരിഗണിക്കാം. നന്നായി സമയവും ബുദ്ധിയും ചെലവാക്കി, ഇത്തരം ഇൻവെസ്റ്റ്മെന്റുകളിലൂടെ വലിയനേട്ടം കൊയ്ത ആളുകളുണ്ട്. പക്ഷേ, ഒഴിവുസമയങ്ങളും മറ്റും ഉപയോഗപ്പെടുത്തി ചെയ്യുന്ന കാര്യമാണ് ഇവിടെ പ്രതിപാദിച്ചത്.

**3. മ്യൂചൽ ഫണ്ട്**

ഷെയർ മാർക്കറ്റിൽ ഇൻവെസ്റ്റ് ചെയ്യുക എന്നത് ശ്രമകരമായ കാര്യമാണ് എന്ന് പറഞ്ഞല്ലോ. സാധാരണക്കാരുടെ ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ ഉണ്ടാക്കിയിട്ടുള്ള മറ്റൊരു സംവിധാനമാണ് മ്യൂചൽ ഫണ്ട്. ഈ രീതിയിൽ മ്യൂചൽ ഫണ്ടുകാരൻ സാധാരണ ജനങ്ങളിൽനിന്ന് ധനനിക്ഷേപം സ്വീകരിക്കുകയും അങ്ങനെ സമാഹരിച്ച വലിയ നിക്ഷേപം ഷെയർ മാർക്കറ്റിലെ വിവിധ സെക്ടറുകളിലുള്ള വിവിധ കമ്പനികളിൽ ഇൻവെസ്റ്റ് ചെയ്യുകയും നേട്ടം ഇൻവെസ്റ്റേഴ്സിന് വീതിച്ച് നൽകുകയും ചെയ്യും. ഈ പ്രവൃത്തി ചെയ്യുന്നതിന് അവർ ഒരു കമ്മീഷൻ എടുക്കും. എന്നാൽ ഇത്തരം ഒട്ടുമിക്ക മ്യൂചൽ ഫണ്ട് ഇൻവെസ്റ്റ്മെന്റുകളും ഹലാൽ അല്ല. കാരണം ഈ ഫണ്ടുകൾ ഹലാലായ ബിസിനസ്സുകൾക്ക് പുറമെ ഹറാമായ മദ്യം, പലിശ മുതലായ വരുമാനമുള്ള കമ്പനികളിലും ഇൻവെസ്റ്റ് ചെയ്യും. എന്നാൽ ഇത്തരം കമ്പനികളെ ഒഴിവാക്കിക്കൊണ്ട് നടത്തുന്ന 'എത്തിക്കൽ ഫണ്ട്' എന്നറിയപ്പെടുന്ന മ്യുചൽ ഫണ്ട് സംവിധാനങ്ങളും ഇന്ന് ഇന്ത്യയിലുണ്ട്.

**ഇന്ത്യയിലെ കമ്പനി നിയമപ്രകാരം ഇരുന്നൂറിൽ താഴെ മാത്രം ഷെയർ ഹോൾഡർമാരെ അനുവദിക്കുന്ന ഒരു നിയമഘടനയാണ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളുടെത്. ഇത്തരം കമ്പനികളുടെ പ്രൊമോട്ടർമാരുടെ മികവും ബിസിനസ്സിന്റെ സാധ്യതയും മാർക്കറ്റിന്റെ നിലവാരവുമൊക്കെ ഇത്തരം കമ്പനികളുടെ വിജയപരാജയങ്ങൾ നിർണയിക്കും. അടിസ്ഥാനപരമായി, ഈ കമ്പനികളുടെ സ്ഥാപകനെ, അല്ലെങ്കിൽ നടത്തിപ്പുകാരെയും അവരുടെ ബിസിനസ്സ് രീതികളെയും പൂർണമായി ആശ്രയിച്ച് വേണം ഒരു സാധാരണക്കാരന് ഇത്തരം സംവിധാനങ്ങളിൽ പണമിറക്കാൻ. വിശ്വസ്തരും കഴിവുറ്റവരുമായ ആളുകൾ തുടങ്ങുന്ന കമ്പനികൾ പോലും പല കാരണങ്ങളാൽ പൂട്ടുന്നത് കാണാം.**

വിവിധ സെക്ടറുകളിൽ വികേന്ദ്രീകരിച്ച് പ്രൊഫഷണൽ ഫണ്ട് മാനേജർമാർ ഇൻവെസ്റ്റ്മെന്റ് നടത്തുന്നത് കൊണ്ട് ഈ രീതി ഷെയറിൽ നേരിട്ട് നിക്ഷേപിക്കുന്നതിനേക്കാൾ റിസ്ക് കുറവാണ്. ലാഭത്തിന്റെ ഒരു ഭാഗം കമ്മീഷനായി പോകുന്നതിനാൽ റിട്ടേണും കുറയും.

**4. പ്രൈവറ്റ് ലിമിറ്റഡ് കമ്പനി/ സ്റ്റാർട്ടപ്പുകൾ**

ഇന്ത്യയിലെ കമ്പനി നിയമപ്രകാരം ഇരുന്നൂറിൽ താഴെ മാത്രം ഷെയർ ഹോൾഡർമാരെ അനുവദിക്കുന്ന ഒരു നിയമഘടനയാണ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളുടെത്. ഇത്തരം കമ്പനികളുടെ പ്രൊമോട്ടർമാരുടെ മികവും ബിസിനസ്സിന്റെ സാധ്യതയും മാർക്കറ്റിന്റെ നിലവാരവുമൊക്കെ ഇത്തരം കമ്പനികളുടെ വിജയപരാജയങ്ങൾ നിർണയിക്കും. അടിസ്ഥാനപരമായി, ഈ കമ്പനികളുടെ സ്ഥാപകനെ, അല്ലെങ്കിൽ നടത്തിപ്പുകാരെയും അവരുടെ ബിസിനസ്സ് രീതികളെയും പൂർണമായി ആശ്ര

യിച്ച് വേണം ഒരു സാധാരണക്കാരന് ഇത്തരം സംവിധാനങ്ങളിൽ പണമിറക്കാൻ. വിശ്വസ്തരും കഴിവുറ്റവരുമായ ആളുകൾ തുടങ്ങുന്ന കമ്പനികൾ പോലും പല കാരണങ്ങളാൽ പരാജയപ്പെടുന്നത് കാണാം.

ഇത്തരം കമ്പനികളെ അവയുടെ വളർച്ചാശൈലിയനുസരിച്ച് രണ്ടായി തരംതിരിക്കാം:

1) ചെറിയ ഇൻവെസ്റ്റ്മെന്റ് നടത്തുകയും സാവധാനം വളരുകയും ചെയ്യുന്ന കമ്പനികൾ: ഇത്തരം കമ്പനികളിൽ പലപ്പോഴും ഇക്വിറ്റി (ഷെയർ) ഇനത്തിൽ ഇൻവെസ്റ്റ് ചെയ്യുന്നത് പ്രായോഗികമല്ല.

2) കൂടുതൽ ഇൻവെസ്റ്റ്മെന്റുകൾ സ്വീകരിക്കുകയും വളരെ പെട്ടെന്ന് വളർച്ച കൈവരിക്കുകയും ചെയ്യുന്നവ: ഇത്തരം കമ്പനികളിൽ അവയുടെ സ്ഥാപകരുടെയും മറ്റും മികവ് നോക്കി ഇക്വിറ്റിയിൽ ഇൻവെസ്റ്റ് ചെയ്യാവുന്നതാണ്. ഇന്ന് നാം കാണുന്ന ടെക്സ്റ്റാർട്ടപ്പുകൾ ഈ ഗണത്തിൽ പെടുന്നവയാണ്.

ഇത്തരം ഇൻവെസ്റ്റ്മെന്റുകൾ പൊതുവെ ഹൈറിസ്ക്, ഹൈ റിട്ടേൺ ഗണത്തിൽ പെടുന്നവയാണ്. കമ്പനി പൂട്ടിയാൽ ഇൻവെസ്റ്റ്മെന്റ് മുഴുവൻ പോകും. രക്ഷപ്പെട്ടാൽ പത്തോ നൂറോ ഇരട്ടിയാകാനും സാധ്യതയുണ്ട്. എന്നാൽ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിൽ ഇക്വിറ്റി നിക്ഷേപം നടത്തുന്നതുവഴി, സ്ഥാപനത്തിനുണ്ടാകുന്ന മറ്റു ബാധ്യതകളൊന്നും നിക്ഷേപകനെ ബാധിക്കുകയില്ല.

**5. പ്രോഫിറ്റ് ഷെയറിങ് ഫണ്ടുകൾ**

മുകളിൽ പറഞ്ഞ ബിസിനസ്സുകളിൽ നേരിട്ട് പങ്കെടുക്കുന്നതിന് പകരം, അവർക്ക് വേണ്ട വർക്കിങ്ങ് കാപിറ്റലും അസെറ്റ്സും മറ്റും ഏർപ്പെടുത്തി ലാഭത്തിന്റെ പങ്ക് പറ്റുന്ന ഒരു രീതിയാണ് പ്രോഫിറ്റ് ഷെയറിങ് ഫണ്ടുകൾ. ഇന്ത്യയിലെ നിയമങ്ങൾ പാലിക്കുന്നതോടൊപ്പം ശരീഅ കംപ്ലയൻസ് ഉറപ്പാക്കുന്ന പ്രോഫിറ്റ് ഷെയറിങ്ങ് ഫണ്ട് മാനേജ്മെന്റ് സ്ഥാപനം ഇന്ന് ഇന്ത്യയിലുണ്ട്. മുസ്‌ലിംകളുടെ കൂട്ടത്തിലുള്ള ചാർട്ടേർഡ് അക്കൗണ്ടന്റുമാരും സാമ്പത്തിക വിദഗ്ധന്മാരും ലോയേഴ്സും

**ഇന്ത്യയിലെ നിയമങ്ങൾ പാലിക്കുന്നതോടൊപ്പം ശരീഅ കംപ്ലയൻസ് ഉറപ്പാക്കുന്ന പ്രോഫിറ്റ് ഷെയറിങ്ങ് ഫണ്ട് മാനേജ്മെന്റ് സ്ഥാപനം ഇന്ന് ഇന്ത്യയിലുണ്ട്. മുസ്‌ലിംകളുടെ കൂട്ടത്തിലുള്ള ചാർട്ടേർഡ് അക്കൗണ്ടന്റുമാരും സാമ്പത്തിക വിദഗ്ധന്മാരും ലോയേഴ്സും മറ്റും ശ്രമിച്ചാൽ ഇത്തരം ഫണ്ടുകൾ ഇനിയും നമുക്ക് വളർത്തിയെടുക്കാൻ സാധിക്കും. ഇത് മുസ്‌ലിംകളുടെ പണം ഇൻവെസ്റ്റ് ചെയ്യപ്പെടാനും എത്തിക്കൽ ബിസിനസ്സുകൾക്ക് വർക്കിങ്ങ് കാപിറ്റൽ സ്വരൂപിക്കാനും സഹായകമാകുകയും ചെയ്യും. ഇത്തരം ഫണ്ടുകൾ നടത്തുന്ന വിദഗ്ധരായ മാനേജർമാർ നല്ല നിക്ഷേപങ്ങൾ തെരഞ്ഞെടുക്കുകയും നിക്ഷേപത്തിന്റെ വൈവിധ്യമുറപ്പാക്കുകയും ചെയ്യുന്നതുകൊണ്ട് 'ലോ റിസ്ക്, മീഡിയം റിട്ടേൺ' എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്താവുന്നതാണ്.**



മറ്റും ശ്രമിച്ചാൽ ഇത്തരം ഫണ്ടുകൾ ഇനിയും നമുക്ക് വളർത്തിയെടുക്കാൻ സാധിക്കും. ഇത് മുസ്‌ലിംകളുടെ പണം ഇൻവെസ്റ്റ് ചെയ്യപ്പെടാനും എത്തിക്കൽ ബിസിനസ്സുകൾക്ക് വർക്കിങ്ങ് കാപിറ്റൽ സ്വരൂപിക്കാനും സഹായകമാകുകയും ചെയ്യും.

ഇത്തരം ഫണ്ടുകൾ നടത്തുന്ന വിദഗ്ധരായ മാനേജർമാർ നല്ല നിക്ഷേപങ്ങൾ തെരഞ്ഞെടുക്കുകയും നിക്ഷേപത്തിന്റെ വൈവിധ്യമുറപ്പാക്കുകയും ചെയ്യുന്നതുകൊണ്ട് 'ലോ റിസ്ക്, മീഡിയം റിട്ടേൺ' എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്താവുന്നതാണ്.

**6. പാർട്ണർഷിപ്പ് ഫേം**

നമ്മുടെ നാട്ടിലെ ഒട്ടു മിക്ക സ്ഥാപനങ്ങളും നടക്കുന്നത് പാർട്ണർഷിപ്പ് ഫേം ആയിട്ടാണ്. താരതമ്യേന വളരെ എളുപ്പം തുടങ്ങാൻ സാധിക്കുന്നതിനാലും നിയമത്തിന്റെ സാങ്കേതികത്വങ്ങൾ കുറവായതുംകൊണ്ടാണിത്. സജീവമായ (ആക്റ്റീവ്) പങ്കാളിത്തം നടത്തിപ്പിലും ദൈനംദിന പ്രവൃത്തികളിലും ഇല്ലാതെ ഇത്തരം സ്ഥാപനങ്ങളിൽ ഇൻവെസ്റ്റ് ചെയ്യുന്നത് ഒട്ടും അഭികാമ്യമല്ല. ഇത്തരം സ്ഥാപനങ്ങളിലെ പാർട്ണർമാർക്ക്, സ്ഥാപനത്തിന്റെ ഏത് ലയബിലിറ്റിയും വ്യക്തിപരമായി ഏറ്റെടുക്കേണ്ടിവരും. എന്നുവച്ചാൽ ഇൻവെസ്റ്റ് ചെയ്ത തുകയ്ക്കു പുറമെ വീട്ടിലിരി



ക്കുന്ന പണവും ചിലപ്പോൾ വീട് തന്നെയും പോയെന്നിരിക്കും.

**7. ഇൻവെസ്റ്റ്മെന്റ് സ്കീമുകൾ**

മുകളിൽ പറഞ്ഞ ഒട്ടുമിക്ക ഇൻവെസ്റ്റ്മെന്റ് രീതികളും ഒറ്റത്തവണയായോ വർഷത്തിലോ അല്ലെങ്കിൽ മൂന്ന് മാസത്തിലൊരിക്കലോ റിട്ടേൺ നൽകുന്നവയാണ്. മാസംതോറും ഒരു ലാഭവിഹിതം ലഭിക്കുന്ന ഒരു ഇൻവെസ്റ്റ്മെന്റ് എല്ലാവരുടെയും ആഗ്രഹമാണ്. അതുകൊണ്ട്തന്നെ പല കമ്പനികളും നിയമത്തിന്റെ പല സാധ്യതകളും ഉപയോഗപ്പെടുത്തി അത്തരം റിട്ടേൺസ് കൊടുത്ത് ഇൻവെസ്റ്റ്മെന്റുകൾ സ്വീകരിക്കുന്നത് നമുക്ക് കാണാം. ഇത്തരം സ്കീമുകളിലെ നെല്ലും പതിരും, ഹലാലും ഹറാമും വേർതിരിക്കുക എന്നത് വളരെ പ്രയാസകരമാണ്. ന്യായവും ഹലാലുമായ രീതികൾ അവലംബിക്കുന്നവർ തൊട്ട്, ഒരുതരം കപടഹലാൽ സ്കീമുകളും, ഫിക്സഡ് റിട്ടേൺ സ്കീമുകളും, പച്ചയായ Ponzi സ്കീമുകളും വരെ ഇതിൽ കാണാം. ഒന്നാമത്തെയാൾ ബിസിനസിലെ ലാഭവിഹിതം കണക്കാക്കി, യഥാർഥ റിട്ടേൺ കൊടുക്കുമ്പോൾ, രണ്ടാമത്തെയാൾ ലാഭമൊന്നും കണക്കാക്കാതെ വെറുതെ ഒരു വാര്യബിൾ പ്രോഫിറ് കൊടുക്കുന്നു. (പലിശ വേണ്ട എന്ന് പറയുന്നവരെ പറ്റിക്കാനുള്ള ഒരു തന്ത്രം). മറ്റു ചിലർ ഫിക്സഡ് മന്ത്‌ലി റിട്ടേൺ കൊടുക്കുന്നു (ഇത് പലിശയാണ്).

ഈ സ്കീമിൽ ഓടുന്ന ഒട്ടുമിക്ക സംവിധാനങ്ങളും Ponzi സ്കീമുകളാണ്. ഒരു ബിസിനസ് ഉണ്ടെന്ന് കാണിച്ച് ഇൻവെസ്റ്റർമാരുടെ കയ്യിൽനിന്നും പണനിക്ഷേപം സ്വീകരിച്ചുകൊണ്ടേയിരിക്കും. ഇതേ പണത്തിൽനിന്ന് മാസാമാസം ഇൻവെസ്റ്റർമാർക്ക് റിട്ടേൺ കൊടുക്കും. മുസ്‌ലിംകളുടെയിടയിൽ, ഈ വിരുതന്മാർ മാറിക്കൊണ്ടിരിക്കുന്ന (Variable) റിട്ടേൺ കൊടുക്കും. സ്വാഭാവികമായും ഇൻവെസ്റ്റർമാർ കരുതുക ലാഭ വിഹിതമാണ് എന്നാണെങ്കിലും, ഇത്തരക്കാർക്ക് ലാഭമുണ്ടാക്കുന്ന ഒരു ബിസിനിസും ഉണ്ടാകില്ല. അവർക്ക് തുടർന്നുള്ള നിക്ഷേപങ്ങൾ കരസ്ഥമാക്കുന്നതിൽ എന്തെങ്കിലും തടസ്സം നേരിട്ടാൽ, സ്കീം പൊളിയും. നിക്ഷേപം പോകും.

ഇത്തരം നിക്ഷേപക്കാർ വലിയ റിട്ടേൺസ് (25 ശതമാനത്തിന്റെ മുകളിൽ) കൊടുക്കുന്നുണ്ടെങ്കിൽ അത് ഒരു പോൺസി സ്കീമാകാനാണ് കൂടുതൽ സാധ്യത. ഇല്ലെങ്കിൽ ആദ്യം പറഞ്ഞ ഗണങ്ങളിലേതുമാകാം. പോൺസി സ്കീമുകൾ നടത്തുന്നത് ഫൈനാൻഷ്യൽ ഫ്രോഡാണ്. അത് ഇന്ത്യയിലെ നിയമത്തിന്റെ മുമ്പിൽ കുറ്റകൃത്യമാണ്.

പലപ്പോഴും ആളുകൾ ബോധ്യമില്ലാതെയും സാമ്പത്തിക വിദഗ്ധന്മാരോട് കൂടിയാലോചിക്കാതെയുമാണ് വലിയ ഇൻവെസ്റ്റ്മെന്റ് തീരുമാനങ്ങൾപോലും എടുക്കുന്നത്. പുതിയ കാര്യങ്ങൾ കാണുമ്പോൾ അത്യാഗ്രഹം മൂത്ത് എടുത്തുചാടുക എന്നത് ഒരു സത്യവിശ്വാസിക്ക് ഒരിക്കലും ഭൂഷണമല്ല.

"...പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക..." (5:2).

**പലപ്പോഴും ആളുകൾ ബോധ്യമില്ലാതെയും സാമ്പത്തിക വിദഗ്ധന്മാരോട് കൂടിയാലോചിക്കാതെയുമാണ് വലിയ ഇൻവെസ്റ്റ്മെന്റ് തീരുമാനങ്ങൾപോലും എടുക്കുന്നത്. പുതിയ കാര്യങ്ങൾ കാണുമ്പോൾ അത്യാഗ്രഹം മൂത്ത് എടുത്തുചാടുക എന്നത് ഒരു സത്യവിശ്വാസിക്ക് ഒരിക്കലും ഭൂഷണമല്ല. "...പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക...''** (5:2).



# തണൽ മരമാവുക

സ്വലാഹുദ്ദീൻ ഇബ്നു സലീം
:94954 67259

ഒരു ചെറിയ വിത്തിൽ നിന്നാണ് വലിയൊരു വൃക്ഷം വളരുന്നത്; തളിർത്തും പൂത്തും കായ്ച്ചും തണലേകിയും നിവർന്നു നിൽക്കുന്നതും. അതിന്റെ ശക്തി ചോരാതെ നിലനിൽക്കുന്നത് വെള്ളവും വളവും വെളിച്ചവും ആവോളം ലഭിക്കുമ്പോഴാണ്. അനുകൂല ഘടകങ്ങൾ ലഭിച്ചില്ലെങ്കിൽ വിത്തുകൾ മുളക്കില്ല. മുളച്ചവതന്നെ വെള്ളവും വളവും വെളിച്ചവും ആവശ്യത്തിനു കിട്ടിയില്ലെങ്കിൽ നശിച്ചുപോകും.

മനുഷ്യന്റെ സ്ഥിതിയും ഇതുപോലെയാണ്. ഇവിടെ വിത്ത് കുട്ടിയും അനുകൂല ഘടകങ്ങൾ മാതാപിതാക്കളുമാണ്. മാനുഷികമായ എല്ലാ ഗുണങ്ങളും പകർന്നുനൽകി മതബോധമുള്ളവരായി മക്കളെ മാതാപിതാക്കൾ വളർത്തി വലുതാക്കിയാൽ ആ മക്കൾ എല്ലാവർക്കും ഉപകാരമുള്ള തണൽമരങ്ങളായി മാറും. ഇല്ലെങ്കിൽ അവർ മുരടിച്ചുപോകും. ഉപദ്രവമല്ലാതെ ഉപകാരം അവരിൽനിന്ന് ആർക്കുമുണ്ടാകില്ല.

മനുഷ്യന്റെ പരിശ്രമങ്ങൾ സഹജീവികൾക്കുകൂടി ഉപകാരപ്പെടുന്ന രൂപത്തിലായിരിക്കണം. വൻവൃക്ഷത്തെപോലെ തഴച്ചുവളർന്ന് മറ്റുള്ളവർക്ക് തണലും ഫലവും മണവും ലഭ്യമാക്കാൻ ഉപകരിക്കണം. ഇതിനുവേണ്ടി നാം പ്രയത്നിക്കണം. എന്താണ് നാം ചെയ്യേണ്ടത്? അവനവന്റെ സ്ഥാനത്തെയും ദൗത്യത്തെയും തിരിച്ചറിഞ്ഞ് അതിന്റെ പൂർത്തീകരണത്തിനായി ബോധപൂർവം പ്രവർത്തിക്കണം. നല്ല ആസൂത്രണം വേണം.

പല കാര്യത്തിലും നാം നിനച്ച വിജയം ലഭിക്കാത്തതിൽ നിരാശപ്പെട്ടിരിക്കണോ അതോ അടുത്തതിൽ വിജയം പ്രതീക്ഷിച്ച് പ്രവർത്തിക്കണോ? ജീവിതത്തിൽ നിനച്ചത് നേടുന്നതിൽ നമ്മുടെ ഇച്ഛാശക്തി പ്രവർത്തിക്കുമ്പോൾ, നല്ലതിനു വേണ്ടി പ്രാർഥിക്കുമ്പോൾ, ആത്മവിശ്വാസത്തോടെ ലക്ഷ്യത്തിലേക്ക് കുതിച്ച് പായുമ്പോൾ നാം ലോകത്തിന് നല്ലൊരു സംഭാവനയായി മാറും. വെയിലിനെ തടുക്കുന്ന ഇല നിറഞ്ഞ ശാഖകളും വെള്ളത്തെ തിരഞ്ഞുപിടിക്കുന്ന ശക്തമായ വേരും, മരത്തെ നിവർത്തി നിർത്തുന്ന തടിയും പ്രതിബന്ധങ്ങളെ മറികടന്നതിന്റെ അടയാളമാണ്. പ്രതിബന്ധങ്ങളാണ് മനുഷ്യജീവിതത്തിന്റെ യഥാർഥ പരിശീലകൻ. അതിനെ പരിശീലകനായി സ്വീ



**പണവും പദവിയുമല്ല; അറിവും ഹൃദയവിശുദ്ധിയുമാണ് മനുഷ്യനെ ഉയർത്തുന്നത്. അതിനാൽ പക്വമായ അറിവും പരിശുദ്ധമായ മനസ്സുമാണ് നമുക്കു വേണ്ടത്. മനുഷ്യമനസ്സിൽ നന്മയും തിന്മയും അല്ലാഹു നിക്ഷേപിച്ചിട്ടുണ്ട്. നന്മ ചെയ്ത് ഹൃദയ വിശുദ്ധി കരസ്ഥമാക്കിയവൻ വിജയിക്കുന്നവനും ഹൃദയത്തെ മലീമസമാക്കിയവൻ പരാജയപ്പെടുന്നവനുമാണ്. ഒരു തലക്കൽ നന്മ കൊണ്ടുള്ള വളർച്ചയും മറുതലക്കൽ തിന്മ കൊണ്ടുള്ള തളർച്ചയും വരും. തളർച്ചയെ തടുക്കാനും വളർച്ചയെ എടുക്കാനും കഴിയുന്നവനാണ് യഥാർഥ വിജയി.**

കരിക്കുമ്പോൾതന്നെ മാറ്റങ്ങൾ ഉണ്ടായിത്തുടങ്ങും. ജീവിതം കൂടുതൽ ക്രിയാത്മകമാകുമ്പോൾ നമ്മുടെ ശക്തിയെ കൂടുതൽ അറിയാനും അല്ലാഹുവിന് കീഴൊതുങ്ങി അവന്റെ തൃപ്തിക്കായി സേവനങ്ങൾ ചെയ്യാനും അടയാളങ്ങൾ ബാക്കിവെക്കാനും കഴിയും.

വളർച്ചക്ക് തടസ്സം നിൽക്കുന്ന ചില കാര്യങ്ങളുണ്ട്; അവയെ തിരിച്ചറിഞ്ഞ് മറികടക്കണം. സമാധാനത്തോടും ധൈര്യത്തോടുംകൂടി ജീവിച്ച് ക്ലേശങ്ങളെ മറികടക്കാൻ കഴിയണം. ഇതിന് തടസ്സമാകുന്ന ഭയം മനുഷ്യന്റെ വലിയ ശത്രുവാണ്. ധൈര്യമാണ് ഭയത്തെ നിർവീര്യമാക്കാനുള്ള ലായനി. അല്ലാഹുവിൽ ഭരമേൽപിക്കലാണ് ധൈര്യത്തിനാധാരമായ കാര്യം. അതിനെ പുഷ്ടിപ്പെടുത്തുന്ന അറിവ് ബോധപൂർവം ശേഖരിക്കണം. വേലക്കാരനും കീഴുദ്യോഗസ്ഥനും തൊഴിലാളിയുമെല്ലാം ഭയപ്പെടേണ്ടത് യജമാനനെയോ, മേലുദ്യോഗസ്ഥനെയോ, മുതലാളിയെയോ അല്ല; മറിച്ച് അനീതി കാണിച്ചാൽ ശിക്ഷനൽകുന്ന സ്രഷ്ടാവിനെയാണ്.

അന്യരുടെ ഭാരം കുറക്കുന്നതിന് ഇറങ്ങിത്തിരിക്കുന്നവന് അവന്റെ നന്മകൊണ്ട് ലഭിക്കുന്ന വെളിച്ചവും സമാധാനവും വളരെ വലുതായിരിക്കും. ഒരു നല്ല വാക്ക്, ഒരു കൈ സഹായം... അതിന് സാമ്പത്തിക ചെലവ് വരുന്നില്ല. ഒരാൾ തനിക്ക് ഒരു ജോലിക്കാരനെ വേണം എന്നു പറയുന്നു. ഞാൻ അറിയുന്ന ഒരാളുണ്ട്, അയാളെ അതിന് പറ്റും എന്നു പറഞ്ഞ് ഒന്നു ബന്ധപ്പെടുത്തിക്കൊടുത്താൽ ഒരു കുടുംബത്തിന്റെ ഉപജീവനമാർഗമാണ് തരപ്പെടുത്തിക്കൊടുത്തത്. ആ കുടുംബത്തെ പട്ടിണിയിൽനിന്നാണ് രക്ഷപ്പെടുത്തിയത്. പടച്ചവനിൽനിന്ന് അതിന്റെ പ്രതിഫലവും ആ കുടുംബത്തിന്റെ പ്രാർഥനയും അയാൾക്ക് കിട്ടാതിരിക്കില്ല.

പണവും പദവിയുമല്ല; അറിവും ഹൃദയവിശുദ്ധിയുമാണ് മനുഷ്യനെ ഉയർത്തുന്നത്. അതിനാൽ പക്വമായ അറിവും പരിശുദ്ധമായ മനസ്സുമാണ് നമുക്കു വേണ്ടത്. മനുഷ്യമനസ്സിൽ നന്മയും തിന്മയും അല്ലാഹു നിക്ഷേപിച്ചിട്ടുണ്ട്. നന്മ ചെയ്ത് ഹൃദയ വിശുദ്ധി കരസ്ഥമാക്കിയവൻ വിജയിക്കുന്നവനും ഹൃദയത്തെ മലീമസമാക്കിയവൻ പരാജയപ്പെടുന്നവനുമാണ്. ഒരുതലക്കൽ നന്മ കൊണ്ടുള്ള വളർച്ചയും മറുതലക്കൽ തിന്മകൊണ്ടുള്ള തളർച്ചയും വരും. തളർച്ചയെ തടുക്കാനും വളർച്ചയെ എടുക്കാനും കഴിയുന്നവനാണ് യഥാർഥ വിജയി.

ഇന്നത്തെ ദിവസം എങ്ങനെയെങ്കിലും കഴിച്ചുകൂട്ടണമെന്ന വിചാരമല്ല പ്രഭാതത്തിൽ വേണ്ടത്. മറിച്ച് എന്റെ ജീവിതത്തിൽ ശുഭകരമായത് തുന്നിച്ചേർക്കാനുള്ള പുതിയ ഒരു ദിവസത്തിലേക്കാണ് ഞാൻ പ്രവേശിച്ചിരിക്കുന്നത് എന്ന ഒരു ബോധം വേണം. ധൈര്യവും ഉത്സാഹവും ആത്മവിശ്വാസവും വേണ്ടത്ര അളവിൽ ചേർത്ത് ജീവിവിതയാത്ര തുടരാൻ മതവും അറിവും ലോകപരിചയവും ഉപകാരപ്പെടണം.

ജയം ഞാൻ ഇഷ്ടപ്പെടുന്നു. എന്നാൽ പരാജയത്തെ പാഠമാക്കാനും ക്ഷമിക്കാനും ഞാൻ തയ്യാറാണ്. ഭയം എന്നെ കീഴ്പെടുത്തില്ല. പ്രതിബന്ധങ്ങളെ ഞാൻ ഒരു പരിശീലകനായി സ്വീകരിക്കും. എന്റെ ബന്ധുക്കൾ എനിക്ക് സഹായമാകും. സ്നേഹിതന്മാർ എനിക്ക് വല്ലാത്ത കരുത്താണ് പകർന്ന് നൽകുക. മറ്റൊരുത്തനെ നശിപ്പിക്കാനും അന്യായമായി സമ്പത്ത് ആർജിക്കാനും ഞാൻ ഒരുക്കമല്ല. മറ്റുള്ളവരുടെ പ്രയാസങ്ങളിൽ ഞാൻ താങ്ങായി മാറും... ഇങ്ങനെയുള്ള ചിന്തയും തീരുമാനവുമാണ് നമുക്ക് വേണ്ടത്. കൂടെ ആത്മാർഥമായ പ്രാർഥനയും വേണം. അതാണ് തിരിച്ചറിവിന്റെ പ്രതിഫലനം. ■



# ഒറ്റപ്പെടൽ; ഒറ്റപ്പെടുത്തലും

**ഇബ്നു അലി എടത്തനാട്ടുകര**

: 94461 51577

ഒറ്റപ്പെടുക എന്നത് വല്ലാത്തൊരു അനുഭവമാണ്. ബെല്ലും ബ്രേക്കും ആവശ്യത്തിന് മാത്രം ഉപയോഗിച്ച്, അതിവേഗതയിൽ ഓടിയിരുന്ന വാഹനം പെട്ടെന്നൊരു മൂലയിൽ ആയ പോലെ. എന്നും തൊട്ടും തുടച്ചും മിനുക്കിയും പരിപാലിക്കപ്പെട്ടിരുന്ന വാഹനത്തെ രണ്ടോ മൂന്നോ ആഴ്ചയിലൊരിക്കൽ സ്റ്റാർട്ട് ചെയ്ത് മുന്നോട്ടും പിന്നോട്ടും ഒന്ന് നീക്കിയിട്ടാൽ ആയി.

മനുഷ്യന്റെ കാര്യവും ഒട്ടും വ്യത്യസ്തമല്ല. അപകടവും അസുഖവും പോലെ, ഒറ്റപ്പെടുത്തി മുറിയുടെ മൂലയിൽ കിടത്താൻ നിമിത്തങ്ങൾ നിരവധി. കച്ചവടം, സ്ഥാപനം, തൊഴിൽ തുടങ്ങിയ കാര്യങ്ങൾ താനില്ലെങ്കിൽ കൃത്യമായി നടക്കില്ലെന്ന് മേനി നടിച്ചിരുന്ന അയാൾ സംഗതികൾ കൂടുതൽ ഭംഗിയായി നടക്കുന്നത് അറിയുമ്പോൾ കൂടുതൽ ഒറ്റപ്പെടുന്നു. ആരും തന്റെ ഉപദേശം തേടുന്നില്ല എന്ന് മാത്രമല്ല അറിയിക്കുന്നുപോലുമില്ല. തന്റെ അഭിപ്രായത്തിനും ഉപദേശത്തിനും ശുപാർശക്കും വേണ്ടി കാത്തിരുന്ന ആളുകൾ ഒന്ന് ഫോൺ വിളിക്കുന്നുപോലുമില്ല എന്ന് മാത്രമല്ല, ഒരു വരി മെസ്സേജ് പോലും അയക്കുന്നില്ല. തനിക്കുശേഷം പ്രളയം എന്ന അഹങ്കാരത്തിന് വിള്ളലേൽക്കുന്നു.

ഡെങ്കി പനിയും മോട്ടോർ സൈക്കിൾ വീഴ്ചയും നൽകിയ, ആഴ്ചകൾ മാത്രം നീണ്ട വീട്ടുതടങ്കൽ നൽകിയ ഒറ്റപ്പെടൽ ഞാൻ ഇന്നും മറന്നിട്ടില്ല. മനുഷ്യൻ എത്ര നിസ്സാരൻ!

ഒറ്റപ്പെടുക എന്നതിനെക്കാൾ വേദനാജനകമാണ് ഒറ്റപ്പെടുത്തൽ. അപകടത്തിൽ നട്ടെല്ലിന് ക്ഷതമേറ്റ് കിടപ്പിലായ ഒരാളുടെ കാര്യം സാന്ത്വന പ്രവർത്തകനായ സുഹൃത്ത് പങ്കുവച്ചത് ഓർക്കുന്നു.

മുറിയുടെ ഒരു മൂലയിൽ ഒതുങ്ങിയ അയാൾ സാന്ത്വന കൂട്ടുകാരുടെ വരവ് കാത്തിരിക്കുകയും അവരോടൊപ്പമുള്ള വർത്തമാനം ആസ്വദിക്കുകയും ചെയ്തിരുന്നു. അന്ന് എന്തോ അയാൾ മൗനിയായിരുന്നു. വിഷമം കണ്ട സുഹൃത്ത് മുറിയിൽനിന്ന് മറ്റുള്ളവരെ മാറ്റി അയാളെ തൊട്ടുതലോടി തലയിണയിൽ ചാരിയിരുത്തി. കൊച്ചുവർത്തമാനത്തിനിടെ സങ്കടഹേതു അന്വേഷിച്ചു.

തുളുമ്പുന്ന കണ്ണുകളോടെ, ശേഷി നഷ്ടപ്പെടാത്ത ഒരു കൈകൊണ്ട് അയാൾ ജനാല തുറന്നു. പുറത്തെ പുതിയ മോട്ടാർ സൈക്കിൾ ചൂണ്ടിക്കാണിച്ചു. 'മോൻ വാങ്ങിയത്' എന്ന് പറഞ്ഞു. പുതിയ മോഡൽ തിളങ്ങുന്ന ബൈക്ക് കണ്ട സുഹൃത്ത്, മോൻ ബൈക്ക് വാങ്ങിയതിൽ സന്തോഷിക്കുകയല്ലേ വേണ്ടത് എന്ന് ചോദിച്ചു. മറുപടി നടുക്കുന്ന പൊട്ടിക്കരച്ചിലായിരുന്നു.

'വാങ്ങുന്നതിന് മുമ്പ് അവൻ എന്നോട് ഒരു വാക്ക് പറഞ്ഞില്ല. ചോദിച്ചാലും 'വേണ്ട' എന്ന് ഒരിക്കലും ഞാൻ പറയില്ലല്ലോ' എന്നയാൾ വിലപിച്ചു. സുഹൃത്തിന് മറുപടിയില്ലായിരുന്നു. ഒറ്റപ്പെടുക എന്നതിനെക്കാൾ മാരകമാണ് ഒറ്റപ്പെടുത്തുന്നു എന്ന ചിന്ത.



# അംറ് ഇബ്നു ജമൂഹി(റ)ന്റെ തിരിച്ചറിവ്

മുഹമ്മദ് ശമീൽ

പ്രത്യക്ഷത്തിൽ അംറ് ഇബ്നു ജമൂഹി(റ)ന് രണ്ട് ദുർബലതകളുണ്ട്. ഒന്ന് വാർധക്യം, രണ്ട് മുടന്ത്. എന്നാൽ ഈ രണ്ടിനെയും അതിജയിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ആത്മധൈര്യം.

ഉഹ്ദ് യുദ്ധം അനിവാര്യമായ ഘട്ടത്തിൽ പ്രവാചകന്റെ കൽപനയിൽ സ്വഹാബികൾ യുദ്ധത്തിന് തയ്യാറായിക്കൊണ്ടിരുന്നു. അംറ് ഇബ്നു ജമൂഹി(റ)ന്റെ മൂന്ന് മക്കളും അതിലേക്കുള്ള ഒരുക്കത്തിലായി രുന്നു. അംറും യുദ്ധത്തിൽ പങ്കെടുക്കാൻ ആഗ്രഹിച്ചു. എന്നാൽ അദ്ദേഹത്തിന്റെ മക്കൾ അത് തടഞ്ഞു.

അദ്ദേഹം പ്രവാചകന്റെ അടുത്തേക്ക് ചെന്നുകൊണ്ട് പറഞ്ഞു:

“അല്ലാഹുവിന്റെ ദൂതരേ, എന്റെ മക്കൾ എന്നെ ഈ നന്മയുടെ ഉറവിടത്തിൽനിന്ന് അകറ്റിനിർത്തുന്നു. ഞാൻ വൃദ്ധനാണെന്നും അവശനാണെന്നും അവർ വാദിക്കുന്നു. അല്ലാഹുവാണെ, ഞാൻ വൃദ്ധനും അശക്തനുമാണെങ്കിലും ഈ രീതിയിൽ സ്വർഗം നേടാൻ ഞാൻ ആഗ്രഹിക്കുന്നു.”

“അദ്ദേഹത്തെ അനുവദിക്കൂ. ഒരുപക്ഷേ, ശക്തനും മഹാനുമായ റബ്ബ് അദ്ദേഹത്തിന് രക്തസാക്ഷിത്വം നൽകിയേക്കാം” പ്രവാചകൻ (സ്വ) മക്കളോട് പറഞ്ഞു.

യുദ്ധഭൂമിയിലേക്കുള്ള യാത്രക്കു മുമ്പ് അംറ് തന്റെ ഭാര്യയോട് യാത്ര പറഞ്ഞു. ഖിബ്‌ലക്കു നേരെ തിരിഞ്ഞ് പ്രാർഥിച്ചു: “അല്ലാഹുവേ, എനിക്ക് രക്തസാക്ഷിത്വം നൽകണേ, എന്റെ പ്രതീക്ഷകൾ തകർത്തുകൊണ്ട് എന്നെ എന്റെ കുടുംബത്തിലേക്ക് തിരിച്ചയക്കരുതേ.”

തന്റെ മൂന്ന് ആൺമക്കളോടും തന്റെ ഗോത്രമായ ബനൂസലമയിലെ ഒരു വലിയ സംഘത്തോടും കൂടി അദ്ദേഹം പുറപ്പെട്ടു.

യുദ്ധം രൂക്ഷമായപ്പോൾ, അംറ് മുൻനിരയിൽ ചലിക്കുന്നതും മുടന്തില്ലാത്ത കാലിൽ ചാടുന്നതും ‘എനിക്ക് സ്വർഗം വേണം’ എന്ന് ഉറക്കെ പറയുന്നതും കാണാമായിരുന്നു.

അദ്ദേഹത്തിന്റെ മകൻ ഖാലിദ് (റ) അദ്ദേഹത്തിനു പിന്നിൽ അടുത്തുനിന്നു. അവർ രണ്ടുപേരും പ്രവാചകന്റെ സംരക്ഷണത്തിനായി ധീരമായി പോരാടി. ആ ധീരനായ സ്വഹാബി യുദ്ധക്കളത്തിൽ രക്തസാക്ഷിയായി. മകനും നിമിഷങ്ങൾക്കകം മരിച്ചു.

ബനൂസലമ ഗോത്രത്തിലെ നേതാവും പ്രധാനിയുമായിരുന്നു അംറ് ഇബ്നു ജമൂഹ്. വീട്ടിൽ സ്വന്തമായി അദ്ദേഹത്തിന് ഒരു വിഗ്രഹം ഉണ്ടായിരുന്നു. ഉയർന്ന നിലവാരമുള്ള തടിയിൽ നിർമിച്ച ആ

വിഗ്രഹത്തിൽ അദ്ദേഹം ദിവസവും സുഗന്ധം പുരട്ടും. 'മനാത്ത്' എന്ന് പേരിട്ട ആ വിഗ്രഹത്തിന് വേണ്ടി അദ്ദേഹം ബലിയറുക്കുകയും അതിന്റെ മുന്നിൽ ഭജനമിരിക്കുകയും ചെയ്യുമായിരുന്നു.

മിസ്അബ്(റ) പ്രബോധന ദൗത്യവുമായി യഥ്രിബിൽ വന്ന സമയം. ഓരോ ഗോത്രവും ഇസ്ലാമിന്റെ പ്രകാശത്തിലേക്ക് കടന്നുവരുന്നതറിഞ്ഞ അംറ് ഇബ്നു ജമൂഹ്(റ) തന്റെ ഭാര്യയെ വിളിച്ച് ഉപദേശിച്ചു: "നമ്മുടെ മൂന്ന് മക്കൾ ആ പുത്തൻവാദിയുടെ അടുത്ത് ചെല്ലുന്നത് സൂക്ഷിക്കണം."

എന്നാൽ ആ മൂന്ന് മക്കളും അദ്ദേഹത്തിന്റെ ഭാര്യയും ഇസ്ലാം സ്വീകരിച്ചിട്ടുണ്ടായിരുന്നു. പ്രായം അറുപത് കടന്ന തന്റെ ഭർത്താവിന് എങ്ങനെ ഇസ്ലാം എത്തിക്കും എന്ന ചിന്തയിലായിരുന്നു അദ്ദേഹത്തി ന്റെ ഭാര്യ.

ഭാര്യ അദ്ദേഹത്തോടു പറഞ്ഞു: "നമ്മുടെ മകൻ മുആദ് ആ ചെറുപ്പക്കാരനെക്കുറിച്ച് അന്വേഷിച്ചറിഞ്ഞിട്ടുണ്ട്. അവൻ എന്താണ് പറയുന്നതെന്ന് മകനോട് ചോദിച്ചുകൂടേ?"

മുആദി(റ)ന്റെ ഈ പ്രവൃത്തി അംറിനെ ദേഷ്യം പിടിപ്പിച്ചു. എങ്കിലും ക്ഷമിച്ചുകൊണ്ട് മകനെ വിളിച്ച് ചോദിച്ചു: "നാട്ടിൽ വന്ന ആ ചെറുപ്പക്കാരൻ എന്താണ് പറയുന്നത്?"

മുആദ്(റ) അദ്ദേഹത്തിന് സൂറതുൽ ഫാതിഹ പാരായണം ചെയ്തു കേൾപിച്ചു:

"പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ. സർവസ്തുതിയും ലോകരക്ഷിതാവായ അല്ലാഹുവിന്നാകുന്നു. പരമകാരുണികനും കരുണാനിധിയുമായുള്ളവൻ. പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ. നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു; നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു. ചൊവ്വായപാതയിൽ നീ ഞങ്ങളെ നയിക്കേണമേ. (അതായത്) യാതൊരുകൂട്ടരുടെ മേൽ നീ അനുഗ്രഹം ചെയ്തിരിക്കുന്നുവോ അവരുടെ പാതയിൽ, (അതെ,) കോപവിധേയരല്ലാത്തവരും വഴിപിഴച്ചവരല്ലാത്തവരുമായവരുടെ പാതയിൽ."

**ഏകദൈവത്തിലുള്ള വിശ്വാസത്തിന്റെ മാധുര്യം അംറ്(റ) ആസ്വദിച്ചു. അതേസമയം താൻ ശിർക്കിൽ ചെലവഴിച്ച ഓരോ നിമിഷത്തെയും ഓർത്ത് വലിയ വേദനയും അനുഭവിച്ചു. അംറ്(റ) തന്നെയും തന്റെ മക്കളെയും സമ്പത്തും അല്ലാഹുവിന്റെ മാർഗത്തിലെ സേവനത്തിനായി അർപ്പിച്ചു.**

"എത്ര ശക്തമായ വാക്കുകൾ! എത്ര മനോഹരമാണ് ഇവ. അവൻ പറയുന്നതെല്ലാം ഇങ്ങനെയാണോ?"

"അതെ, തീർച്ചയായും! പിതാവേ, അദ്ദേഹത്തോട് കൂറു പുലർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങളുടെ എല്ലാ ആളുകളും ഇതിനകം അങ്ങനെ ചെയ്തിട്ടുണ്ട്."

അംറ്(റ) അൽപനേരം നിശ്ശബ്ദനായി, എന്നിട്ട് പറഞ്ഞു: "ഞാൻ മനാത്തയോട് കൂടിയാലോചിച്ച് മാത്രമെ ഒരു തീരുമാനമെടുക്കൂ."

"പിതാവേ, മനാത്ത എന്ത് പറയും? അതൊരു മരക്കഷണം മാത്രമാണ്. അതിന് ചിന്തിക്കാനും സംസാരിക്കാനും കഴിയില്ലല്ലോ!"

അംറ് രൂക്ഷമായി മറുപടി പറഞ്ഞു: "ഞാൻ മനാത്തയോട് കൂടിയാലോചിക്കാതെ ഒന്നും ചെയ്യില്ല."

അംറ്(റ) വിഗ്രഹത്തിനു മുന്നിൽ ഭയഭക്തിയോടെ നിന്നുകൊണ്ട് അതിനെ അഭിസംബോധന ചെയ്തു:

"ഓ, മനാത്തേ! ഞങ്ങൾ നിങ്ങളെ ആരാധിക്കുന്നത് തടയാൻ ഇവിടെ ചിലർ വന്നിരിക്കുന്നു. മനോഹരമായ വാക്കുകളാണ് അവർ പറയുന്നത്, നിങ്ങളുടെ ഉപദേശം സ്വീകരിക്കാനാണ് ഞാൻ വന്നത്, അതിനാൽ എന്നെ ഉപദേശിക്കൂ."

രാത്രി അംറിന്റെ മക്കൾ വിഗ്രഹത്തെ ഒരു കുഴിയിലെറിഞ്ഞു. രാവിലെ ഉണർന്നപ്പോൾ അംറ് പതിവുപോലെ തന്റെ പ്രതിമയുടെ അടുത്തേക്ക് ഭയഭക്തിയോടെ ചെന്നപ്പോൾ അത് കാണാനില്ലായിരുന്നു.

"ഇന്നലെ രാത്രി നമ്മുടെ ദൈവത്തെ ആരാണ് ആക്രമിച്ചത്?"

ആരിൽനിന്നും മറുപടിയുണ്ടായില്ല. അംറ് വിഗ്രഹം തിരയാൻ തുടങ്ങി. ഒടുവിൽ വിഗ്രഹം ഒരു കുഴിയിൽ തലകീഴായി കിടക്കുന്നത് അദ്ദേഹം കണ്ടു. അദ്ദേഹം അത് കഴുകി സുഗന്ധം പൂശി അത് സ്ഥാപിച്ചിരുന്ന സ്ഥലത്തുതന്നെ വച്ചു.

"നിന്നോട് ആരാണ് ഇതു ചെയ്തതെന്ന് ഞാൻ കണ്ടെത്തിയാൽ, ഞാൻ അവനെ അപമാനിക്കും" അംറ് വിഗ്രഹത്തോട് പറഞ്ഞു.

പിന്നീടുള്ള രാത്രികളിലും ഇപ്രകാരം സംഭവിച്ചു. ഒടുവിൽ സഹികെട്ട് അംറ് വിഗ്രഹത്തിന്റെ കഴുത്തിൽ ഒരു വാൾ ഇട്ടുകൊടുത്ത് അതിനോട് പറഞ്ഞു: "മനാത്തേ, ആരാണ് നിന്നോട് ഇതു ചെയ്യുന്നതെന്ന് എനിക്കറിയില്ല, നിന്നിൽ എന്തെങ്കിലും നന്മയുടെ ശക്തിയുണ്ടെങ്കിൽ ഇതിനെതിരെ സ്വയം പ്രതിരോധിക്കുക. ഇതാ നിനക്ക് ഒരു വാൾ."

തൊട്ടടുത്ത പകലും വിഗ്രഹം കുഴിയിൽ മുഖം താഴ്ത്തി കിടക്കുന്ന കാഴ്ച കണ്ട അംറിന് വിഗ്രഹത്തിന് യാതൊരു ശക്തിയുമില്ലെന്നും ആരാധിക്കപ്പെടാൻ അതിന് അർഹതയില്ലെന്നും ബോധ്യപ്പെട്ടു. അങ്ങനെ ഇസ്ലാമിന്റെ വഴി തിരഞ്ഞെടുത്തു.

ഏകദൈവത്തിലുള്ള വിശ്വാസത്തിന്റെ മാധുര്യം അംറ്(റ) ആസ്വദിച്ചു. അതേസമയം താൻ ശിർക്കിൽ ചെലവഴിച്ച ഓരോ നിമിഷത്തെയും ഓർത്ത് വലിയ വേദനയും അനുഭവിച്ചു. അംറ്(റ) തന്നെയും തന്റെ മക്കളെയും സമ്പത്തും അല്ലാഹുവിന്റെ മാർഗത്തിലെ സേവനത്തിനായി അർപ്പിച്ചു.

അബ്ദുർറഹ്മാനുബ്ന നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 47

# മുഹമ്മദ്

(മദീനയിൽ അവതരിച്ചത്)

34. അവിശ്വസിക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തടയുകയും, എന്നിട്ട് സത്യനിഷേധികളായിക്കൊണ്ട് തന്നെ മരിക്കുകയും ചെയ്തവരാരോ അവർക്ക് അല്ലാഹു പൊറുത്തുകൊടുക്കുകയേ ഇല്ല.

35. ആകയാൽ നിങ്ങൾ ദൗർബല്യം കാണിക്കരുത്. നിങ്ങൾതന്നെയാണ് ഉന്നതന്മാർ എന്നിരിക്കെ (ശത്രുക്കളെ) നിങ്ങൾ സന്ധിക്കു ക്ഷണിക്കുകയും ചെയ്യരുത്. അല്ലാഹു നിങ്ങളുടെ കൂടെയുണ്ട്. നിങ്ങളുടെ കർമഫലങ്ങൾ നിങ്ങൾക്ക് ഒരിക്കലും അവൻ നഷ്ടപ്പെടുത്തുകയില്ല.

36. ഐഹികജീവിതം കളിയും വിനോദവും മാത്രമാകുന്നു. നിങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം നിങ്ങൾക്കുള്ള പ്രതിഫലം അവൻ നിങ്ങൾക്ക് നൽകുന്നതാണ്. നിങ്ങളോട് നിങ്ങളുടെ സ്വത്തുക്കൾ അവൻ ചോദിക്കുകയുമില്ല.

37. നിങ്ങളോട് അവ (സ്വത്തുക്കൾ) ചോദിച്ച് അവൻ നിങ്ങളെ ബുദ്ധിമുട്ടിച്ചിരുന്നെങ്കിൽ നിങ്ങൾ പിശുക്ക് കാണിക്കുകയും നിങ്ങളുടെ ഉള്ളിലെ പക അവൻ വെളിയിൽ കൊണ്ടുവരികയും ചെയ്യുമായിരുന്നു.

38. ഹേ; കൂട്ടരേ, അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നതിനാണ് നിങ്ങൾ ആഹ്വാനം ചെയ്യപ്പെടുന്നത്. അപ്പോൾ നിങ്ങളിൽ ചിലർ പിശുക്ക് കാണിക്കുന്നു. വല്ലവനും പിശുക്കു കാണിക്കുന്നപക്ഷം തന്നോടുതന്നെയാണ് അവൻ പിശുക്ക് കാണിക്കുന്നത്. അല്ലാഹുവാകട്ടെ പരാശ്രയമുക്തനാകുന്നു; നിങ്ങളോ ദരിദ്രൻമാരും. നിങ്ങൾ പിന്തിരിഞ്ഞുകളയുകയാണെങ്കിൽ നിങ്ങളല്ലാത്ത ഒരു ജനതയെ അവൻ പകരം കൊണ്ടുവരുന്നതാണ്. എന്നിട്ട് അവർ നിങ്ങളെപ്പോലെയായിരിക്കുകയുമില്ല.

إِنَّ ٱلَّذِينَ كَفَرُواْ وَصَدُّواْ عَن سَبِيلِ ٱللَّهِ ثُمَّ
مَاتُواْ وَهُمۡ كُفَّارٞ فَلَن يَغۡفِرَ ٱللَّهُ لَهُمۡ ٣٤

فَلَا تَهِنُواْ وَتَدۡعُوٓاْ إِلَى ٱلسَّلۡمِ وَأَنتُمُ ٱلۡأَعۡلَوۡنَ
وَٱللَّهُ مَعَكُمۡ وَلَن يَتِرَكُمۡ أَعۡمَٰلَكُمۡ ٣٥

إِنَّمَا ٱلۡحَيَوٰةُ ٱلدُّنۡيَا لَعِبٞ وَلَهۡوٞۚ وَإِن تُؤۡمِنُواْ
وَتَتَّقُواْ يُؤۡتِكُمۡ أُجُورَكُمۡ وَلَا يَسۡـَٔلۡكُمۡ أَمۡوَٰلَكُمۡ
٣٦

إِن يَسۡـَٔلۡكُمُوهَا فَيُحۡفِكُمۡ تَبۡخَلُواْ وَيُخۡرِجۡ
أَضۡغَٰنَكُمۡ ٣٧

هَٰٓأَنتُمۡ هَٰٓؤُلَآءِ تُدۡعَوۡنَ لِتُنفِقُواْ فِي سَبِيلِ
ٱللَّهِ فَمِنكُم مَّن يَبۡخَلُۖ وَمَن يَبۡخَلۡ فَإِنَّمَا
يَبۡخَلُ عَن نَّفۡسِهِۦۚ وَٱللَّهُ ٱلۡغَنِيُّ وَأَنتُمُ
ٱلۡفُقَرَآءُۚ وَإِن تَتَوَلَّوۡاْ يَسۡتَبۡدِلۡ قَوۡمًا غَيۡرَكُمۡ
ثُمَّ لَا يَكُونُوٓاْ أَمۡثَٰلَكُم ٣٨

34) ഈ വചനവും സൂറതുൽ ബക്വറയിലെ

وَمَن يَرْتَدِدْ مِنكُمْ عَن دِينِهِۦ فَيَمُتْ وَهُوَ كَافِرٌ فَأُو۟لَٰٓئِكَ حَبِطَتْ أَعْمَٰلُهُمْ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ ۖ

എന്ന വചനവും (നിങ്ങളിൽനിന്നാരെങ്കിലും തന്റെ മതത്തിൽനിന്ന് പിന്മാറി സത്യനിഷേധിയായി മരണപ്പെടുന്നപക്ഷം അത്തരക്കാരുടെ കർമങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിത്തീരുന്നതാണ്) എന്ന 217-ാം വചനവും ഉൾക്കൊള്ളുന്ന ആശയമതാണ്.

അവിശ്വാസംകൊണ്ട് കർമങ്ങൾ നിഷ്ഫലമായിപ്പോകും എന്ന വിഷയത്തിൽ വന്ന എല്ലാ തെളിവുകൾക്കും നിബന്ധന നിശ്ചയിക്കുന്നതാണ് ഈ രണ്ട് വചനങ്ങൾ. ആ നിബന്ധന അവിശ്വാസത്തിലായി അവൻ മരണമടയുക എന്നതാണ്. (അവിശ്വസിച്ചവർ) അല്ലാഹുവിലും അവന്റെ മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും അന്ത്യദിനത്തിലും. (തടയുകയും ചെയ്യുന്നവർ) പടപ്പുകളെ. (അല്ലാഹുവിന്റെ മാർഗത്തിൽനിന്ന്) സത്യത്തോടുള്ള വിരക്തിയുണ്ടാക്കിയും അസത്യത്തിലേക്ക് അവരെ ക്ഷണിച്ചും അതിനെ അലങ്കാരമായിക്കാണിച്ചും. (എന്നിട്ട് സത്യനിഷേധികളായിക്കൊണ്ടുതന്നെ മരിക്കുകയും ചെയ്തവർ). അതിൽനിന്ന് പശ്ചാത്തപിക്കാത്ത നിലയിൽ. (അവർക്കല്ലാഹു പൊറുത്തുകൊടുക്കുകയേ ഇല്ല) ശിപാർശകൊണ്ടും മറ്റൊന്നുകൊണ്ടും. കാരണം, ശിക്ഷ അവരുടെ മേൽ നിർബന്ധമായി. പ്രതിഫലം അവർക്ക് നഷ്ടമായി. നരകത്തിൽ നിത്യത അവർക്ക് അനിവാര്യമായി. എല്ലാം പൊറുക്കുന്ന കരുണാനിധിയുടെ കാരുണ്യം അവരുടെമേൽ തടയപ്പെടുകയും ചെയ്തു.

ഈ വചനത്തിൽനിന്ന് മനസ്സിലാകുന്നത്, അവരുടെ മരണത്തിനു മുമ്പ് അവർ പശ്ചാത്തപിക്കുകയായിരുന്നുവെങ്കിൽ അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയും കരുണ ചെയ്യുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുമായിരുന്നു എന്നതാണ്. ആയുഷ്ക്കാലം മുഴുവനും അവിശ്വാസത്തിൽ തങ്ങളുടെ ജീവിതം തുലച്ചവരും അവന്റെ മാർഗത്തിൽനിന്ന് തടഞ്ഞവരും തെറ്റുകൾ പ്രവർത്തിച്ചവരാണെങ്കിലും ശരി. തൗബക്ക് സാധിക്കുന്ന എല്ലാവർക്കും ജീവിച്ചിരിക്കുന്നേടത്തോളം കാലം കരുണയുടെ കവാടങ്ങൾ അടക്കാതെ തുറന്നുവെച്ചവൻ മഹാപരിശുദ്ധൻ. തെറ്റുചെയ്തവരെ ശിക്ഷിക്കാൻ ധൃതികാണിക്കാത്ത വിവേകശാലിയായ പരമപരിശുദ്ധൻ. അവരെ ശിക്ഷിക്കാൻ കഴിവുണ്ടായിട്ടും അവനോട് എതിരുപ്രവർത്തിച്ചവർക്ക് ഉപജീവനവും മാപ്പും നൽകുന്നവൻ.

35) തുടർന്ന് അല്ലാഹു പറയുന്നു: (ആകയാൽ നിങ്ങൾ ദൗർബല്യം കാണിക്കരുത്) അതായത് നിങ്ങളുടെ ശത്രുവിനോട് യുദ്ധം ചെയ്യുന്നതിൽ നിങ്ങൾ ദുർബലത കാണിക്കരുത്. നിങ്ങളെ ഭയം പിടികൂടുകയും ചെയ്യരുത്. മറിച്ച്, നിങ്ങൾ ക്ഷമിക്കുകയും സ്ഥൈര്യം കാണിക്കുകയും യുദ്ധത്തിൽ നിങ്ങളെ ഉറപ്പിച്ചുനിർത്തുകയും ചെയ്യുക. ഉറച്ചുനിൽക്കൽ തന്റെ രക്ഷിതാവിന്റെ പ്രീതിക്കാണ്; ഇസ്‌ലാമിനോടുള്ള ഗുണകാംക്ഷയും പിശാചിനോടുള്ള കോപവുമാണ്. പരസ്പര സന്ധിയിലേക്ക് ക്ഷണിക്കുകയോ ആശ്വാസത്തിനായി നിങ്ങൾക്കും ശത്രുവിനുമിടയിൽ യുദ്ധം ഉപേക്ഷിക്കാൻ ശ്രമിക്കുകയോ ചെയ്യരുത്. നിങ്ങളാവട്ടെ (നിങ്ങൾ തന്നെയാണ് ഉന്നതരായവർ എന്നിരിക്കെ അല്ലാഹു നിങ്ങളുടെ കൂടെയുണ്ട്. അവനൊരിക്കലും നഷ്ടപ്പെടുത്തുകയില്ല). നിങ്ങൾക്ക് കുറക്കുകയില്ല (നിങ്ങളുടെ കർമഫലങ്ങൾ). ഈ മൂന്ന് കാര്യങ്ങളിൽ ഓരോന്നും ക്ഷമയുണ്ടാക്കുകയും ദുർബലത ഇല്ലാതാക്കുകയും അവരെ ഉന്നതരാക്കുകയും ചെയ്യുന്നു: 1) അതായത് വിജയത്തിനുള്ള വഴികൾ പൂർത്തിയാക്കുന്നു. അവന്റെ സത്യമായ വാഗ്ദാനം അവർക്ക് കിട്ടി. ഒരാൾ ദുർബലനാകുന്നത് മറ്റുള്ളവർ തന്നെ അപകർഷതപ്പെടുത്തുമ്പോഴും

എണ്ണത്തിൽ ദുർബലമാകുമ്പോഴും തയ്യാറെടുപ്പ് കുറയുമ്പോഴും ആന്തരികവും ബാഹ്യവുമായ ശക്തി കുറയുമ്പോഴുമാണ്. 2) അല്ലാഹു അവരോടൊപ്പമുണ്ട്. കാരണം അവർ സത്യവിശ്വാസികളാണ്. അല്ലാഹു സഹായവും വിജയവും ശക്തിയും നൽകി വിശ്വാസികൾക്കൊപ്പമുണ്ടാകും. ശത്രുവിനെ നേരിടാനുള്ള ഹൃദയബലത്തിനും അതാവശ്യമാണ്. 3) അവരുടെ കർമങ്ങളിൽനിന്ന് അല്ലാഹു യാതൊന്നും കുറക്കുകയില്ല. മറിച്ച്, അവർക്ക് പ്രതിഫലം പൂർത്തിയാക്കി നൽകുകയും അവന്റെ അനുഗ്രഹത്തിൽനിന്ന് അവർക്ക് വർധിപ്പിച്ചുകൊടുക്കുകയും ചെയ്യും. പ്രത്യകിച്ചും ജിഹാദിന് ധനം ചെലവഴിക്കുന്നതിന് എഴുന്നൂറ് ഇരട്ടിവരെ -ധാരാളം ഇരട്ടികളായി- ഇരട്ടിപ്പിച്ചു നൽകും.

ذَٰلِكَ بِأَنَّهُمْ لَا يُصِيبُهُمْ ظَمَأٌ وَلَا نَصَبٌ وَلَا مَخْمَصَةٌ فِى سَبِيلِ ٱللَّهِ وَلَا يَطَـُٔونَ مَوْطِئًا يَغِيظُ ٱلْكُفَّارَ وَلَا يَنَالُونَ مِنْ عَدُوٍّ نَّيْلًا إِلَّا كُتِبَ لَهُم بِهِۦ عَمَلٌ صَٰلِحٌ ۚ إِنَّ ٱللَّهَ لَا يُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿١٢٠﴾ وَلَا يُنفِقُونَ نَفَقَةً صَغِيرَةً وَلَا كَبِيرَةً وَلَا يَقْطَعُونَ وَادِيًا إِلَّا كُتِبَ لَهُمْ لِيَجْزِيَهُمُ ٱللَّهُ أَحْسَنَ مَا كَانُوا۟ يَعْمَلُونَ ﴿١٢١﴾

"മദീനക്കാർക്കും അവരുടെ ചുറ്റുപാടുമുള്ള അഅ്റാബികൾക്കും അല്ലാഹുവിന്റെ ദൂതനെവിട്ട് പിൻമാറി നിൽക്കാനോ അദ്ദേഹത്തിന്റെ കാര്യം അവഗണിച്ചുകൊണ്ട് അവരവരുടെ (സ്വന്തം) കാര്യങ്ങളിൽ താൽപര്യം കാണിക്കാ നോ പാടുള്ളതല്ല. അതെന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ മാർഗത്തിൽ അവർക്ക് ദാഹവും ക്ഷീണവും വിശപ്പും നേരിടുകയോ അവിശ്വാസികളെ പ്രകോപിപ്പിക്കുന്ന വല്ല സ്ഥാന ത്തും അവർ കാൽവെക്കുകയോ ശത്രുവിന് വല്ല നാശവും ഏൽപിക്കുകയോ ചെയ്യുന്നപക്ഷം അതുകാരണം അവർക്ക് ഒരു സൽകർമം രേഖപ്പെടുത്താതിരിക്കുകയില്ല. തീർച്ചയായും സുകൃതം ചെയ്യുന്നവർക്കുള്ള പ്രതിഫലം അല്ലാഹു നഷ്ടപ്പെടുത്തിക്കളയുന്നതല്ല. ചെറുതാകട്ടെ വലുതാകട്ടെ എന്തൊന്ന് അവർ ചെലവഴിക്കുന്നതും നല്ല താഴ്‌വരയും അവർ മുറി

ച്ചു കടന്നുപോകുന്നതും അവർക്ക് (പുണ്യകർമമായി) രേഖപ്പെടുത്താതിരിക്കുകയില്ല. അങ്ങ നെ അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന അത്യുത്തമമായ കാര്യത്തിന് അല്ലാഹു അവർക്ക് പ്രതിഫലം നൽകുന്നതാണ് “ (തൗബ 120, 121)

അല്ലാഹു തന്റെ ജിഹാദും പ്രവർത്തനങ്ങളും പാഴാക്കുകയില്ലെന്ന് ഒരു മനുഷ്യൻ മനസ്സിലാക്കുമ്പോൾ അതിനുവേണ്ടി തന്റെ പരിശ്രമവും ഉന്മേഷവും ചെലവഴിക്കൽ നിർബന്ധമായി. ഈ മൂന്ന് കാര്യവും ഒരാളിലൊരുമിച്ചാൽ എന്തായിരിക്കും അവന്റെ സ്ഥിതി? തീർച്ചയായും അത് സമ്പൂർണമായ ഉന്മേഷമുണ്ടാക്കും. ഇതെല്ലാം അല്ലാഹു തന്റെ അടിമയെ താൽപര്യപ്പെടുത്താനും ആവേശപ്പെടുത്താനും അവരുടെ നന്മക്കും വിജയത്തിനുംവേണ്ടി അവരുടെ മനസ്സുകളെ ശക്തിപ്പെടുത്താനുമാണ് പറയുന്നത്.

36,37) ഇഹലോക ജീവിതത്തോട് തന്റെ അടിമക്ക് വിരക്തി ഉണ്ടാക്കുകയാണ് അല്ലാഹു ഇവിടെ. എന്താണ് അതിന്റെ യാഥാർഥ്യമെന്ന് അറിയിച്ചുകൊടുത്തുകൊണ്ട്. അത് കളിയും വിനോദവുമാണ്. കളി ശരീരത്തിലും വിനോദം ഹൃദയത്തിലും. ഒരടിമ തന്റെ ധനത്തിലും സന്താനങ്ങളിലും ഭംഗിയിലും സ്ത്രീ ആസ്വാദനത്തിലും ഭക്ഷണ പാനീയങ്ങളിലും ഭവനങ്ങളിലും സദസ്സുകളിലും കാഴ്ചകളിലും അംഗീകാരങ്ങളിലും വിനോദിക്കുന്നവനായിരിക്കും. പ്രയോജനരഹിതമായ പ്രവർത്തനങ്ങളിൽ കളിക്കുന്നവനുമായിരിക്കും. മാത്രമവുമല്ല, നിരർഥകതയിലും അശ്രദ്ധയിലും തെറ്റുകളിലും കറങ്ങിക്കൊണ്ടിരിക്കുന്നു; അവന്റെ ഇഹലോകജീവിതം അവസാനിക്കുകയും അവധിയെത്തുകയും ചെയ്യുന്നതുവരെ. പെട്ടെന്ന് ഒരു പ്രയോജനവും നൽകാതെ ഇതെല്ലാം അവനെ വിട്ടുപിരിയുന്നു. അവന്റെ നഷ്ടവും ഇല്ലായ്മയും അവന് വ്യക്തമാവുകയും അവന്റെ ശിക്ഷ വന്നെത്തുകയും ചെയ്യുന്നു. ബുദ്ധിയുള്ളവർക്ക് ഇതിൽ വിരക്തിയുണ്ടാവാനും താല്പര്യമില്ലായ്മ ഉണ്ടാകാനും അതിനെ അപ്രസക്തമായി കാണാനും ഇത് കാരണമാകും. ഇനി പറയുന്നതിനാണ് പ്രാധാന്യം നല്കേണ്ടത്. (നിങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം) നിങ്ങൾ അല്ലാഹുവിലും മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും സത്യവിശ്വാസത്തിന്റെ അനിവാര്യതയായ അല്ലാഹുവിനെ സൂക്ഷിക്കുന്നവനായി ജീവിക്കുകയും ചെയ്യുക. അത് എപ്പോഴും അവന്റെ തൃപ്തിക്കുപകരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യലാണ്. അതോടൊപ്പം തെറ്റുകൾ ഉപേക്ഷിക്കുകയും ചെയ്യുക. അടിമക്ക് പ്രയോജനമുള്ളതാണിത്. ഇതിലവൻ മത്സരിക്കേണ്ടതുണ്ട്. അതിനുവേണ്ടി അവന്റെ ശ്രദ്ധയും പ്രവർത്തനങ്ങളും അവൻ വിനിയോഗിക്കണം. അതാണ് തന്റെ അടിമയിൽനിന്ന് അല്ലാഹു ഉദ്ദേശിക്കുന്നത്. അവരോടുള്ള സ്നേഹകാരുണ്യംകൊണ്ട്, അവർക്ക് മഹത്തായ പ്രതിഫലം നൽകുന്നതിനുവേണ്ടിയും.

അതാണ് അല്ലാഹു പറഞ്ഞത്: (നിങ്ങൾ വിശ്വസിക്കുകയം സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം നിങ്ങൾക്കുള്ളതായ പ്രതിഫലം അവൻ നിങ്ങൾക്ക് നൽകുന്നതാണ്. നിങ്ങളോട് നിങ്ങളുടെ സ്വത്തുക്കൾ അവൻ ചോദിക്കുകയുമില്ല) നിങ്ങൾക്ക് പ്രയാസമുള്ള കാര്യത്തിൽ നിങ്ങളെ നിർബന്ധിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല. നിങ്ങളുടെ സമ്പത്ത് എടുത്ത് സമ്പത്തില്ലാത്തവരാക്കി നിങ്ങളെ പ്രയാസപ്പെടുത്തുവാനും അത് കുറച്ച് നിങ്ങളെ ബുദ്ധിമുട്ടിക്കാനും അവനുദ്ദേശ്യമില്ല. അതാണ് അല്ലാഹു പറഞ്ഞത്: (നിങ്ങളോട് അവ(സ്വത്തുക്കൾ) ചോദിച്ച് അവൻ നിങ്ങളെ ബുദ്ധിമുട്ടിച്ചിരുന്നുവെങ്കിൽ നിങ്ങൾ പിശുക്ക് കാണിക്കുകയും നിങ്ങളുടെ ഉള്ളിലെ പക അവൻ വെളിയിൽ കൊണ്ടുവരികയും ചെയ്യുമായിരുന്നു). നിങ്ങൾക്ക് ചെലവഴിച്ചാൽ നഷ്ടമില്ലാത്തത് നിങ്ങളോട് ആവശ്യപ്പെടുമ്പോൾ നിങ്ങളുടെ ഹൃദയങ്ങളിലുള്ള പക പുറത്തേക്ക് വരുന്നു.

38) നിങ്ങളുടെ സമ്പത്ത് അല്ലാഹു ആവശ്യപ്പെടുകയും അത് ചോദിച്ച് നിങ്ങളെ നിർബന്ധിക്കുകയും ചെയ്താൽ നിങ്ങൾ അതിൽനിന്ന് തടസ്സം നിൽക്കുന്നു. തീർച്ചയായും നിങ്ങൾ (അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നതിനാണ് നിങ്ങൾ ആഹ്വാനം ചെയ്യപ്പെടുന്നത്) ഇതിലാണ് നിങ്ങളുടെ മതപരവും ഭൗതികപരവുമായ നന്മകൾ ഉള്ളത്. (അപ്പോൾ നിങ്ങളിൽ ചിലർ പിശുക്ക് കാണിക്കുന്നു) അതായത്, പെട്ടെന്നൊരു ഗുണം കാണാത്ത ഒരു കാര്യത്തിൽ നിങ്ങളുടെ സമ്പത്ത് ചെലവഴിക്കാൻ നിങ്ങളോട് ആവശ്യപ്പെട്ടാൽ നിങ്ങളുടെ സ്ഥിതി എന്തായിരിക്കും? നിങ്ങൾ നൽകാൻ വിസമ്മതിക്കാൻ കൂടുതൽ സാധ്യതയില്ലേ?

തുടർന്ന് പറയുന്നു: (വല്ലവനും പിശുക്ക് കാണിക്കുന്നപക്ഷം തന്നോടുതന്നെയാണ് അവൻ പിശുക്ക് കാണിക്കുന്നത്) കാരണം, അവൻ അല്ലാഹുവിന്റെ പ്രതിഫലത്തെ തനിക്ക് നിഷിദ്ധമാക്കി. ധാരാളം നന്മ അവൻ നഷ്ടപ്പെടുത്തി. ചെലവഴിക്കാതിരിക്കുന്നതുകൊണ്ട് അല്ലാഹുവിന് യാതൊരു ദ്രോഹവും ഉണ്ടാവുകയില്ല. (അല്ലാഹുവാകട്ടെ) അവൻ (പരാശ്രയമുക്തനാകുന്നു, നിങ്ങളോ ദരിദ്രന്മാരും). നിങ്ങൾ എല്ലാ കര്യത്തിലും എല്ലാ സമയത്തും അവനിലേക്ക് ആവശ്യമുള്ളവരാണ്. (നിങ്ങൾ പിന്തിരിഞ്ഞുകളയുകയാണെങ്കിൽ) അല്ലാഹുവിലുള്ള വിശ്വാസത്തിൽനിന്നും അവന്റെ കൽപനകൾ നിറവേറ്റുന്നതിൽനിന്നും. (നിങ്ങളല്ലാത്ത ഒരു ജനതയെ അവൻ പകരം കൊണ്ടുവരുന്നതാണ്. എന്നിട്ട് അവർ നിങ്ങളെപ്പോലെ ആയിരിക്കുകയില്ല) തിരിഞ്ഞുകളയുന്നവരാകില്ല. മറിച്ച്, അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നവരും സ്നേഹിക്കുന്നവരുമായിരിക്കും.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ مَن يَرْتَدَّ مِنكُمْ عَن دِينِهِۦ
فَسَوْفَ يَأْتِى ٱللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُۥٓ

“സത്യവിശ്വാസികളേ, നിങ്ങളിൽ ആരെങ്കിലും തന്റെ മതത്തിൽ നിന്ന് പിന്തിരിഞ്ഞുകളയുന്നപക്ഷം അല്ലാഹു ഇഷ്ടപ്പെടുന്നവരും അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാഗത്തെ അല്ലാഹു പകരം കൊണ്ടുവരുന്നതാണ്” (5:54)





# പ്രവാചകന്റെ വിവാഹങ്ങൾ

ഹുസൈൻ സലഫി

: +971 50 634 6963

ഒരു ദിവസം അർധരാത്രി റംല ബിൻത് അബീസുഫ്‌യാൻ(റ) പേടിപ്പെടുത്തുന്ന ഒരു ദുഃസ്വപ്നം കണ്ട് ഞെട്ടിയുണർന്നു. താൻ കണ്ട കാഴ്ച മഹതിതന്നെ പറയുന്നത് ഇപ്രകാരമാണ്: "എന്റെ ഭർത്താവിനെ ഏറ്റവും മോശമായ രൂപത്തിൽ ഞാൻ സ്വപ്നം കണ്ടു. ഇന്നുവരെ ഞാൻ കണ്ടിട്ടില്ലാത്ത രൂപത്തിൽ മ്ലേച്ഛവും ഭീകരവുമായ രൂപം. ഞാൻ പേടിച്ച് ഞെട്ടിയുണർന്നു. അല്ലാഹുവിനോട് ഞാൻ അതിൽനിന്നും രക്ഷ ചോദിച്ചു. പ്രഭാതമായപ്പോൾ ആ സ്വപ്നം പുലർന്നതായി മനസ്സിലായി."

എന്താണ് സംഭവിച്ചത്? ഭർത്താവ് അവരെ വഞ്ചിച്ചു. അയാൾ അവിടെവച്ച് (അബിസീനിയയിൽ) ക്രിസ്തുമതം സ്വീകരിച്ചു. റംല(റ)യെയും ക്രിസ്തുമതം സ്വീകരിക്കാൻ അയാൾ നിർബന്ധിച്ചു. ഇല്ലെങ്കിൽ വിവാഹമോചനം ചെയ്യുമെന്നും മറ്റും ഭീഷണിപ്പെടുത്തി. എന്നാൽ ഇസ്‌ലാം കയ്യൊഴിക്കാൻ അവർ തയ്യാറായതേയില്ല. അവരും കൈക്കുഞ്ഞായ ഹബീബയും മാത്രമായി. അബിസീനിയയിലാണല്ലോ ആ സന്ദർഭത്തിൽ അവരുള്ളത്. കുടുംബമോ കൂട്ടുകാരോ തറവാട്ടുകാരോ ഗോത്രക്കാരോ ആരും കൂടെയില്ല. അവിടെയുള്ളവരെല്ലാം ക്രൈസ്തവരും. ഭർത്താവ് അവരുടെ പക്ഷത്ത് ചേരുകയും ചെയ്തു. അല്ലാഹുവിൽ ഭരമേൽപിച്ച്, അവനെ സൂക്ഷിച്ച് ജീവിച്ചാൽ അവൻ കൈവെടിയുക

യില്ല എന്ന് ഉറച്ചുവിശ്വസിച്ച അവർക്ക് അല്ലാഹു സഹായം നൽകി. ആരും നോക്കാനില്ലാതെ നിരാലംബയായ അവർ അവിടെ വിഷമിച്ചു നിൽക്കുന്ന വിവരം നബി(സ്വ) അറിഞ്ഞു. ഉടൻ നബി(സ്വ) രാജാവിന് ഒരു കത്ത് അയച്ചു. അദ്ദേഹത്തോട് ഇസ്‌ലാം സ്വീകരിക്കാൻ കത്തിൽ ആവശ്യപ്പെട്ടു. അയാൾ മുസ്‌ലിമായി.

വിവാഹത്തിന് ഭർത്താവിന് പങ്കെടുക്കാൻ സാധിക്കാത്ത ഘട്ടത്തിൽ മറ്റൊരാളെ വക്കാലത്ത് ഏൽപിച്ച് നിർവഹിക്കൽ ഇസ്‌ലാം അനുവദിച്ചിട്ടുള്ളതാണ്. അതുപ്രകാരം നബി(സ്വ)യുടെ വക്കാലത്ത് പ്രകാരം നജ്ജാശി മുഖേന അക്കാര്യം നടന്നു. നബി(സ്വ) ആവശ്യപ്പെട്ടതു പ്രകാരം നാനൂറ് ദിർഹമാണ് നജ്ജാശി മഹ്‌റായി നൽകിയത്. അങ്ങനെ എത്യോപ്യയിൽ വെച്ചാണ് വേറൊരാൾ മുഖേന റംല(റ)യെ നബി(സ്വ) വിവാഹം ചെയ്യുന്നത്.

നജ്ജാശി രാജാവിന്റെ ഭൃത്യ അവരെ സമീപിക്കുകയും അവർക്ക് ലഭിച്ച സുവിശേഷം അറിയിക്കുകയും ചെയ്തു. നബി(സ്വ)യുടെ കത്തും വിവരങ്ങളും അവരെ അറിയച്ചു. മഹതിക്ക് അങ്ങേയറ്റം സന്തോഷമായി.

നജ്ജാശിയുടെ കൊട്ടാരത്തിൽ നടന്ന ആ വിവാഹച്ചടങ്ങിൽ അന്ന് അവിടെയുണ്ടായിരുന്ന അഭയാർഥികളായ എല്ലാവരും പങ്കെടുക്കുകയും ചെയ്തിരുന്നു. അതോടെ വിശ്വാസികളുടെ മാതാവ് എന്ന മഹനീയ സ്ഥാനത്തേക്ക് മഹതി ഉയർന്നു.

ഈ സംഭവം നടക്കുമ്പോഴേക്ക് മക്കയിൽനിന്നും മുസ്‌ലിംകൾ മദീനയിൽ എത്തി കൊല്ലങ്ങൾ പിന്നിട്ടിരുന്നു. ഹിജ്‌റ ഏഴിൽ ഖയ്ബർ ജയിച്ച കാലത്താണ് ഈ സംഭവം നടക്കുന്നത്. അങ്ങനെ അബിസീനിയയിലെ മുസ്‌ലിംകൾ മദീനയിലേക്ക് വരാൻ തീരുമാനിച്ചു. അങ്ങനെ എല്ലാവരും മദീനയിലെത്തി.

രണ്ട് സന്തോഷങ്ങളാണ് നബി(സ്വ)ക്ക് അന്ന് ഉണ്ടായിരുന്നത്. ഒന്ന് ഖയ്ബർ ജയിച്ചടക്കിയത്, മറ്റൊന്ന് തന്നിൽ വിശ്വസിച്ചതിന്റെ പേരിൽ എന്നോ കൂട്ടംതെറ്റിപ്പോയ സഹോദരങ്ങൾ തിരിച്ചുവന്നത്.

മദീനയിലെത്തിയ റംല(റ) നബി(സ്വ)യുടെ കൂടെ വീട് കൂടുമ്പോൾ നാൽപത് വയസ്സായിരുന്നു പ്രായം. നബി(സ്വ)ക്ക് അന്ന് അറുപതും. മൂന്നു കൊല്ലമാണ് മഹതിക്ക് നബി(സ്വ)യുടെ കൂടെ കഴിയാനുള്ള അവസരം ലഭിച്ചത്.

നബി(സ്വ)യുടെ മറ്റു ഭാര്യമാർ റംല(റ)യെ വലിയ ആദരവോടെയും സ്‌നേഹത്തോടെയുമായിരുന്നു എപ്പോഴും സമീപിച്ചിരുന്നത്. തന്റെ പിതാവ് മുസ്‌ലിമാകാത്തതിൽ അവർക്ക് വലിയ വിഷമമുണ്ടായിരുന്നു. എങ്കിലും ആദർശത്തിൽ അണുഅളവ് വിട്ടുകൊടുക്കാൻ മഹതി ഒരുക്കമല്ലായിരുന്നു.

പത്തു കൊല്ലങ്ങൾക്ക് ശേഷം മകളെ കാണാനായി അബൂസുഫ്‌യാൻ(റ) മദീനയിലേക്ക് വന്നു. മകൾ റംല(റ) നബി(സ്വ)യുടെ ഭാര്യയായതിനാൽ ഹുദയ്ബിയ സന്ധിയിലെ നിബന്ധനകളിൽ അൽപം ഇളവ് ചെയ്യാൻ മുഹമ്മദിനോട് പറയണം എന്നു പറഞ്ഞ് മക്കക്കാർ അദ്ദേഹത്തെ അയച്ചതായിരുന്നു. മകളുടെ ഭർത്താവായതിനാൽ ആവശ്യം വേഗം നബി(സ്വ) സ്വീകരിക്കുമെന്നാണ് അവർ കണക്കുകൂട്ടിയിരുന്നത്. മകളെ കാണാം, മക്കക്കാരുടെ ആവശ്യവും പറയാം എന്ന നിലയ്ക്ക് അദ്ദേഹം മദീനയിൽ എത്തി. ആദ്യമായി മകളുടെ അടുത്തേക്കാണ് ചെന്നത്. നബി(സ്വ) ഇരിക്കുന്ന ഒരു വിരിപ്പുണ്ടായിരുന്നു വീട്ടിൽ. പിതാവ് വീട്ടിൽ കയറി ആ വിരിപ്പിൽ ഇരിക്കാൻ തുനിയുമ്പോൾ മകൾ നബി(സ്വ)യുടെ വിരിപ്പ് അവിടെ നിന്നും ചുരുട്ടി മടക്കി മാറ്റി. അബൂസുഫ്‌യാൻ മകളോട് അതിനെപ്പറ്റി ചോദിച്ചു: 'വിരിപ്പ് മോശമായതിനാലാണോ, അതല്ല ഞാൻ മോശമായതിനാലോ?' 'ഇത് അല്ലാഹുവിന്റെ

**ഒരു ദിവസം അർധ രാത്രി റംല ബിൻത് അബീസുഫ്‌യാൻ(റ) പേടിപ്പെടുത്തുന്ന ഒരു ദുഃസ്വപ്നം കണ്ട് ഞെട്ടിയുണർന്നു. താൻ കണ്ട കാഴ്ച മഹതി തന്നെ പറയുന്നത് ഇപ്രകാരമാണ്: "എന്റെ ഭർത്താവിനെ ഏറ്റവും മോശമായ രൂപത്തിൽ ഞാൻ സ്വപ്നം കണ്ടു. ഇന്നുവരെ ഞാൻ കണ്ടിട്ടില്ലാത്ത രൂപത്തിൽ മ്ലേച്ഛവും ഭീകരവുമായ രൂപം. ഞാൻ പേടിച്ച് ഞെട്ടിയുണർന്നു. അല്ലാഹുവിനോട് ഞാൻ അതിൽനിന്നും രക്ഷ ചോദിച്ചു. പ്രഭാതമായപ്പോൾ ആ സ്വപ്നം പുലർന്നതായി മനസ്സിലായി.''**

റസൂലി (സ)ന്റെ വിരിപ്പാണ്. താങ്കൾ ഒരു ബഹുദൈവവിശ്വാസിയുമാണ്. ആയതിനാൽ പ്രവാചകരുടെ വിരിപ്പിൽ താങ്കൾ ഇരിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല' എന്ന് മകൾ മറുപടി നൽകി. 'എന്റെ അടുത്തുനിന്നും പോയതിന് ശേഷം നീ ഇത്ര മോശമായി പെരുമാറാൻ തുടങ്ങിയോ' എന്ന് പിതാവ് ചോദിക്കുന്നു. 'നിങ്ങൾ ഖുറയ്ശികളുടെ നേതാവാണ്. കാണുകയും കേൾക്കുകയും ചെയ്യാത്ത കല്ലുകളെയും മരങ്ങളെയുമെല്ലാം ആരാധിക്കുന്നയാളാണല്ലോ താങ്കൾ. എനിക്ക് അല്ലാഹു ഇസ്‌ലാമിലേക്ക് മാർഗദർശനം നൽകിയിരിക്കുന്നു. ഞാൻ ഈ മാർഗമാണ് തെരഞ്ഞെടുത്തിരിക്കുന്നത്' എന്നെല്ലാം മകൾ മറുപടിയും നൽകി. അവസാനം പിതാവ് അവിടെനിന്നും ഇറങ്ങിപ്പോകുകയാണ് ഉണ്ടായത്. വിശ്വാസത്തിന്റെ കാഠിന്യം ഏത് പ്രതികൂല സാഹചര്യത്തെയും പ്രതികൂലിയെയും തകർക്കുന്നതാണെന്ന സത്യം നമുക്ക് ഇതിൽനിന്നും മനസ്സിലാക്കാം.

റംല(റ)യുടെ ജീവിതത്തിന്റെ ഓരോ ഘട്ടവും ത്യാഗത്തിന്റെയും പരീക്ഷണങ്ങളുടെതുമായിരുന്നു. മക്കാവിജയത്തോടെ റംല(റ)ക്ക് സന്തോഷമായി. കാരണം, പിതാവ് മുസ്‌ലിമായി. കുടുംബവും ഇസ്‌ലാം സ്വീകരിച്ചു.

നബി(സ)യുടെ മരണശേഷം മഹതി അവരുടെ വീട്ടിൽതന്നെ കഴിച്ചുകൂട്ടി. നമസ്കാരത്തിന് വേണ്ടിയല്ലാതെ വീട്ടിൽനിന്ന് പുറത്തിറങ്ങാറേയില്ലായിരുന്നു. ഹജ്ജിന് വേണ്ടിയല്ലാതെ മദീനയുടെ പുറത്തേക്കും മഹതി പോകാറുണ്ടായിരുന്നില്ല. മരണംവരെ അവർ ഇബാദത്തിൽ മുഴുകി. ഹിജ്റ 44 ൽ മഹതി മരണപ്പെട്ടു. മരണസമയത്ത് ആഇശ(റ)യുടെയും ഹഫ്സ(റ)യുടെയും കൈപിടിച്ച് ഇപ്രകാരം പറഞ്ഞു: 'നമ്മൾ ഒരു ഭർത്താവിന്റെ ഭാര്യമാരായിരുന്നു. വല്ല പ്രയാസവും റംലയിൽനിന്നും ഉണ്ടായിട്ടുണ്ടെങ്കിൽ എനിക്ക് മാപ്പുതരണം.' അപ്പോൾ ഇരുവരും റംല(റ)ക്ക് വേണ്ടി പ്രാർഥിച്ചുവെന്നും നമുക്ക് ചരിത്രത്തിൽ കാണാം. മരിക്കുന്ന അന്ന് മഹതിക്ക് 73 വയസ്സ് പ്രായമുണ്ടായിരുന്നു. ബഖീഇൽതന്നെയാണ് അവരെയും മറവുചെയ്തത്.

**സ്വഫിയ്യ ബിൻത് ഹുയയ്യ്(റ)**

സ്വഫിയ്യ(റ) ഒരു ജൂതകുടുംബത്തിലാണ് ജനിച്ചത്. പിന്നീട് ഇസ്‌ലാം സ്വീകരിച്ചു. ബനൂനദീർ ഗോത്രക്കാരിയായിരുന്നു മഹതി. നബി(സ) മദീനയിൽ വന്നപ്പോൾ അവിടെ പ്രസിദ്ധമായ കുറെ ഗോത്രങ്ങൾ ഉണ്ടായിരുന്നു. ബനൂഖയ്നുഖാഅ്, ബനൂനദീർ തുടങ്ങിയ വ്യത്യസ്തങ്ങളായ ഗോത്രങ്ങൾ. ഹാറൂൻ നബി(അ)യുടെ വംശപരമ്പരയിൽ പെട്ടവരായിരുന്നു സ്വഫിയ്യ(റ).

സ്വഫിയ്യ(റ) ഒരു ജൂതകുടുംബത്തിലാണ് ജനിച്ചത്. പിന്നീട് ഇസ്‌ലാം സ്വീകരിച്ചു. ബനൂനദീർ ഗോത്രക്കാരിയായിരുന്നു മഹതി. നബി(സ) മദീനയിൽ വന്നപ്പോൾ അവിടെ പ്രസിദ്ധമായ കുറെ ഗോത്രങ്ങൾ ഉണ്ടായിരുന്നു. ബനൂഖയ്നുഖാഅ്, ബനൂനദീർ തുടങ്ങിയ വ്യത്യസ്തങ്ങളായ ഗോത്രങ്ങൾ. ഹാറൂൻ നബി(അ)യുടെ വംശപരമ്പരയിൽ പെട്ടവരായിരുന്നു സ്വഫിയ്യ(റ).

നബി(സ) മദീനയിൽ എത്തിയപ്പോൾ ജൂതഗോത്രക്കാരുമായി സംഘട്ടനത്തിന് ഉദ്ദേശിച്ചിരുന്നില്ല. മറിച്ച്, അവരുമായി സന്ധിയിൽ ഏർപ്പെട്ട് സമാധാനപരമായി കഴിയാനാണ് അവിടുന്ന് ശ്രമം നടത്തിയത്. വിശ്വസിച്ചാൽ ചതിക്കുന്ന വഞ്ചകന്മാരാണല്ലോ ജൂതന്മാർ. ആ വഞ്ചന അവർ നബി(സ)യോടും ചെയ്തു. അവർ നബി(സ)യോട് രഹസ്യമായി യുദ്ധത്തിനൊരുങ്ങി. അതിനെപ്പറ്റിയുള്ള വിവരം കിട്ടിയ നബി(സ) അവരെ കീഴ്പെടുത്തി. കൂടാതെ, കൈവശം വെച്ച് പോകാൻ കഴിയുന്ന അത്ര സമ്പാദ്യം എടുത്ത് മദീനയിൽനിന്നും പുറത്തുപോകാനും നബി(സ) അവരോട് കൽപിച്ചു. ഖയ്ബറിലേക്കായിരുന്നു നബി(സ) അവരെ



നാടുകടത്തിയിരുന്നത്. അത് ജൂതന്മാരുടെ ഭൂരിപക്ഷ പ്രദേശവുമായിരുന്നു. പാത്തും പതുങ്ങിയും പാർക്കാൻ പറ്റുന്ന വിധത്തിലുള്ള കോട്ടകളും കൊട്ടാരങ്ങളും അവർക്ക് ഖയ്ബറിൽ ഉണ്ടായിരുന്നു. മദീനയിൽനിന്നും നാട് കടത്തപ്പെട്ട ജൂതന്മാർ ഖയ്ബറിൽ എത്തിയപ്പോൾ ഖയ്ബറിലെ ജൂതന്മാർക്ക് വലിയ സന്തോഷമായി. അവർക്ക് വേണ്ട എല്ലാ സംരക്ഷണങ്ങളും അവർ ഒരുക്കി.

ഹിജ്റ ഏഴാം വർഷത്തിലാണ് നബി(സ്വ)യുടെ സ്വഫിയ്യ(റ)യുമായുള്ള വിവാഹം നടക്കുന്നത്. യഹൂദി നേതാവും നദീർ ഗോത്രത്തിന്റെ തലവനുമായിരുന്നു ഹുയയ്യ്. മുസ്‌ലിംകളുടെ കരങ്ങളാൽ അയാൾ വധിക്കപ്പെട്ടിരുന്നു. ഇസ്‌ലാമിനോട് ശക്തമായ കുടിപ്പകയും ശത്രുതയും വച്ചുപുലർത്തിയിരുന്ന വ്യക്തിയായിരുന്നു അയാൾ. അയാളുടെ മകളാണ് സ്വഫിയ്യ(റ). അയാളുടെ ഗോത്രക്കാരും ഖയ്ബറുകാരും മറ്റു ജൂതന്മാരും ഇസ്‌ലാമിനെതിരിൽ ഒളിഞ്ഞും തെളിഞ്ഞും അജണ്ടകൾ ഉണ്ടാക്കിത്തുടങ്ങി.

മദീനക്കെതിരിൽ ജൂതന്മാർ ഒരുങ്ങുന്നുണ്ടെന്ന വിവരം അറിഞ്ഞ നബി(സ്വ) ഖയ്ബറിലേക്ക് സൈന്യവുമായി പുറപ്പെട്ടു. പിന്നീട് അവിടെവച്ച് യുദ്ധം നടന്നു. ഇസ്‌ലാമിന് വലിയ വിജയം നേടാൻ സാധിച്ചു.

ഖയ്ബർ യുദ്ധത്തിൽ സ്വഫിയ്യ(റ)യുടെ ഭർത്താവ് കിനാന കൊല്ലപ്പെടുകയുണ്ടായി. സ്വഫിയ്യ(റ) ബന്ധികളുടെ കൂട്ടത്തിൽ പിടിക്കപ്പെടുകയും ചെയ്തു. ഒരു വലിയ നേതാവിന്റെ മകൾക്ക് അടിമത്തം എന്നത് എത്ര പ്രയാസകരമാകും! ആ സന്ദർഭത്തിൽ ആ ഗോത്രത്തെ തന്നിലേക്ക് അടുപ്പിക്കുക എന്ന ലക്ഷ്യത്തിൽ മോചനമൂല്യം വിവാഹത്തിന്റെ മഹ്റായി നിശ്ചയിച്ച് നബി(സ്വ) അവരെ വിവാഹം ചെയ്തു. അങ്ങനെ നദീർ ഗോത്രം ഒന്നടങ്കം ഇസ്‌ലാമിലേക്ക് കടന്നുവരികയും ചെയ്തു.



നബി(സ്വ) അവരെ വിവാഹം ചെയ്യുന്നതിനുമുമ്പ് രണ്ടുപ്രാവശ്യം അവരുടെ വിവാഹം നടന്നിരുന്നു. രണ്ടാമത്തെ ഭർത്താവാണ് കിനാന. നബി(സ്വ)യാണ് മൂന്നാമത് മഹതിയെ വിവാഹം ചെയ്യുന്നത്.

ഖയ്ബറിൽനിന്നും മദീനയിലേക്ക് പുതിയ മണവാട്ടിയെയുമായി നബി(സ്വ) എത്തി. മറ്റു ഭാര്യമാർക്ക് വിഷമമാകുമെന്ന് വിചാരിച്ച് മറ്റൊരു സ്വഹാബിയുടെ വീട്ടിലേക്കാണ് നബി(സ്വ) എത്തിച്ചത്. ഹാരിസ ഇബ്നു നുഅ്മാൻ(റ) ആയിരുന്നു ആ സ്വഹാബി. പക്ഷേ, മദീനയിൽ എത്തുന്നതിന് മുമ്പേ തന്നെ വിവരം ആളുകൾ അറിഞ്ഞിരുന്നു. നബി(സ്വ)യുടെ പുതിയ ഭാര്യയെ കാണാൻ മദീനയിലെ സ്ത്രീകൾ തിരക്കുകൂട്ടി. കൂട്ടത്തിൽ ആഇശ(റ)യും ഉണ്ടായിരുന്നു. ആഇശ(റ)യോട് നബി(സ്വ) മഹതിയെപ്പറ്റി അഭിപ്രായം ചോദിച്ചു. സ്വാഭാവികമായ ഒരു രോഷം ആഇശ(റ)യുടെ മറുപടിയിൽ ഉണ്ടായി എന്നാണ് ചരിത്രം പറയുന്നത്. നബി(സ്വ) ആഇശ(റ)യെ പറഞ്ഞ് ആശ്വസിപ്പിക്കുകയും സമാധാനിപ്പിക്കുകുയും ചെയ്തു.

**ഖയ്ബർ യുദ്ധത്തിൽ സ്വഫിയ്യ(റ)യുടെ ഭർത്താവ് കിനാന കൊല്ലപ്പെടുകയുണ്ടായി. സ്വഫിയ്യ(റ) ബന്ധികളുടെ കൂട്ടത്തിൽ പിടിക്കപ്പെടുകയും ചെയ്തു. ഒരു വലിയ നേതാവിന്റെ മകൾക്ക് അടിമത്തം എന്നത് എത്ര പ്രയാസകരമാകും! ആ സന്ദർഭത്തിൽ ആ ഗോത്രത്തെ തന്നിലേക്ക് അടുപ്പിക്കുക എന്ന ലക്ഷ്യത്തിൽ മോചനമൂല്യം വിവാഹത്തിന്റെ മഹ്റായി നിശ്ചയിച്ച് നബി(സ്വ) അവരെ വിവാഹം ചെയ്തു. അങ്ങനെ നദീർ ഗോത്രം ഒന്നടങ്കം ഇസ്‌ലാമിലേക്ക് കടന്നുവരികയും ചെയ്തു.**

ജൂതപാരമ്പര്യമാണ് സ്വഫിയ്യ(റ)ക്ക് ഉള്ളതെന്നു പറഞ്ഞ് പലപ്പോഴും അവർ പ്രയാസപ്പെടുത്തപ്പെടാറുണ്ടായിരുന്നു. എന്നാൽ ജൂതന്മാരുടെ വഞ്ചനാത്മക സ്വഭാവത്തിന് പകരം താൻ ഒരു മുസ്‌ലിമായ സ്ത്രീയാണെന്ന് തെളിയിക്കാൻ മഹതി നബി(സ്വ)യെ ഏറെ സ്നേഹിച്ചു. അവിടുത്തേക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു.

നബി(സ്വ)യുടെ മക്കളോട് സ്വഫിയ്യ(റ) അളവറ്റ വാത്സല്യം കാണിച്ചിരുന്നു. വിവാഹം കഴിഞ്ഞതിന് ശേഷം മകൾ ഫാത്വിമ(റ) സ്വഫിയ്യ(റ)യെ കാണാൻ ചെന്നപ്പോൾ തന്റെ കഴുത്തിൽ അണിഞ്ഞിരുന്ന ആഭരണങ്ങൾ ഫാത്വിമക്ക് സമ്മാനമായി നൽകിയത് നമുക്ക് ചരിത്രത്തിൽ കാണാൻ സാധിക്കും.

നബി(സ്വ)യുടെ കാലശേഷവും മഹതി ഒട്ടേറെ കാലം ജീവിച്ചിരുന്നു. ഉസ്മാൻ(റ)വിന് എതിരിൽ ശത്രുക്കൾ ഒരുമിക്കുകയും, വീടുവളഞ്ഞ് ഉപരോധിക്കുകയും ചെയ്തപ്പോൾ ഹസൻ(റ)വിനെ കൂട്ടുപിടിച്ച് സ്വഫിയ്യഃ(റ) അവരെ ചെറുത്തിരുന്നു. ഭക്ഷണം പോലും ഇല്ലാതെ വീട്ടിൽ തടങ്കലാക്കപ്പെട്ടപ്പോൾ ഖലീഫക്ക് ഭക്ഷണം എത്തിക്കാൻ മഹതി വലിയ ത്യാഗം സഹിച്ചതായും കാണാം.

ഹിജ്റഃ 50ൽ മുആവിയ(റ) ഭരിച്ചിരുന്ന കാലത്താണ് മഹതി മരണപ്പെടുന്നത്. ബക്വീഇൽ തന്നെയാണ് അവരെയും ക്വബ്റടക്കിയത്.

**മാരിയതുൽക്വിബ്ത്വിയ(റ)**

നബി(സ്വ)ക്ക് ഉണ്ടായിരുന്ന ഒരു അടിമ സ്ത്രീയായിരുന്നു മാരിയ(റ). നബി(സ്വ)ക്ക് ഖദീജ(റ)യിലായിരുന്നു എല്ലാ മക്കളും ഉണ്ടായിരുന്നത്; ഒരു ആൺകുട്ടി ഒഴികെ. ആ കുട്ടി നബി(സ്വ)ക്ക് ജനിക്കുന്നത് ഇവരിലൂടെയായിരുന്നു.

മക്കയിലും മദീനയിലും ഇസ്‌ലാം വ്യാപിച്ചപ്പോൾ മറ്റു നാടുകളിലേക്കും ഇസ്‌ലാം എത്തിക്കുന്നതിനായി നബി(സ്വ) തീരുമാനിച്ചു. അങ്ങനെ റോമിലേക്കും പേർഷ്യയിലേക്കും ഈജിപ്തിലേക്കും യമനിലേക്കുമെല്ലാം ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള കത്തുകളുമായി നബി(സ്വ) ദൂതന്മാരെ അയച്ചു. ക്വിബ്ത്വികളുടെ രാജാവിനും കത്ത് കിട്ടി. റോം, പേർഷ്യൻ രാജാക്കന്മാരെപോലെ ധിക്കാര മനോഭാവമുള്ള ആളല്ലായിരുന്നു അദ്ദേഹം. അൽപം അയവുള്ള പ്രകൃതക്കാരനായിരുന്നു. അദ്ദേഹം മുസ്‌ലിമായില്ലെങ്കിലും എതിർത്തില്ല. മാത്രവുമല്ല, ദൂതന്റെ പക്കൽ നബി(സ്വ)ക്കായി ധാരാളം സമ്മാനങ്ങൾ നൽകി. സമ്മാനങ്ങളുടെ കൂട്ടത്തിൽ കിട്ടിയതാണ് മാരിയ(റ)യെ.

**നബി(സ്വ) ഇബ്റാഹീം എന്ന തന്റെ മകനെ ലാളിക്കുകയും മടിയിൽ വെക്കുകയും ചുംബിക്കുകയും ചെയ്യുമായിരുന്നു. ആ കുട്ടിയും അധിക കാലം ജീവിച്ചില്ല. ഒന്നര വയസ്സ് ആകുന്നതിനുമുമ്പ് ആ കുട്ടിയും മരണപ്പെട്ടു. നബി(സ്വ)യെ അങ്ങേയറ്റം ദുഃഖിപ്പിച്ച മരണമായിരുന്നു അത്. കാരുണ്യത്തിന്റെ കണ്ണുനീർ ഒഴുകി. എങ്കിലും അക്ഷമ കാണിച്ചില്ല. കുട്ടിയുടെ മരണശേഷം നബി(സ്വ)യും അധികകാലം ജീവിച്ചിരുന്നില്ല. മാരിയ(റ)ക്ക് അടുത്തടുത്തായി രണ്ട് പ്രയാസങ്ങൾ! ആദ്യം ജീവിതത്തിലുണ്ടായ ആദ്യത്തെ കുട്ടിയുടെ മരണം. രണ്ടാമത്തെത് തന്റെ പ്രിയഭർത്താവിന്റെ മരണവും.**

നബി(സ്വ) അവരെ ഇണയായി സ്വീകരിച്ചു. അവരിൽ ഒരു കുഞ്ഞും ജനിച്ചു. നബി(സ്വ)ക്ക് അത്യധികം സന്തോഷമായി. കാരണം, ഖദീജ(റ)യുടെ ശേഷം പിന്നീട് അവിടുത്തേക്ക് മക്കളുണ്ടായിട്ടില്ലല്ലോ. ഇപ്പോൾ പിറന്നത് ആൺകുട്ടിയും. കുട്ടിക്ക് നബി(സ്വ) ഇബ്റാഹീം എന്ന് പേരിട്ടു.

കുട്ടിയെ എടുത്ത് നബി(സ്വ) ലാളിക്കുകയും മടിയിൽ വെക്കുകയും ചുംബിക്കുകയും ചെയ്യുമായിരുന്നു. ആ കുട്ടിയും അധിക കാലം ജീവിച്ചില്ല. ഒന്നര വയസ്സ് ആകുന്നതിനുമുമ്പ് ആ കുട്ടിയും മരണപ്പെട്ടു. നബി(സ്വ)യെ അങ്ങേയറ്റം ദുഃഖിപ്പിച്ച മരണമായിരുന്നു അത്. കാരുണ്യത്തിന്റെ കണ്ണുനീർ ഒഴുകി. എങ്കിലും അക്ഷമ കാണിച്ചില്ല. കുട്ടിയുടെ മരണശേഷം നബി(സ്വ)യും അധികകാലം ജീവിച്ചിരുന്നില്ല. മാരിയ(റ)ക്ക് അടുത്തടുത്തായി രണ്ട് പ്രയാസങ്ങൾ! ആദ്യം ജീവിതത്തിലുണ്ടായ ആദ്യത്തെ കുട്ടിയുടെ മരണം. രണ്ടാമത്തെത് തന്റെ പ്രിയഭർത്താവിന്റെ മരണവും.

മതനിഷ്ഠയും ദാനധർമശീലവുമുള്ള ഉൽകൃഷ്ട സ്വഭാവക്കാരിയായിരുന്നു മഹതി മാരിയ(റ). സ്വഹാബിമാർ അവരോട് വലിയ ആദരവോടെയായിരുന്നു പെരുമാറിയിരുന്നത്. ഉമറി(റ)ന്റെ കാലത്താണ് മഹതി വഫാത്താകുന്നത്. അവരുടെ ജനാസ നമസ്കാരത്തിന് നേതൃത്വം നൽകിയത് ഉമർ(റ) ആയിരുന്നു. മകൻ ഇബ്റാഹീമിന്റെ ക്വബ്റിന്റെ സമീപത്തായി മഹതിയെയും മറമാടി.

*(അവസാനിച്ചില്ല)*



ലേഖനം



# സോഷ്യൽ മീഡിയ: ചതിക്കുഴികളും പരിഹാരങ്ങളും

**അബൂആദിൽ**

സോഷ്യൻ മീഡിയ കമ്പനികൾക്ക് ഒരുകാര്യം മാത്രമെ ആവശ്യമുള്ളൂ; നമ്മുടെ ശ്രദ്ധ! അതിലൂടെയാണ് അവർ പണമുണ്ടാക്കുന്നത്. കഴിയുന്നത്ര അവരുടെ പ്ലാറ്റ്ഫോമിൽ നമ്മെ നിർത്തുകയാണ് അവരുടെ ലക്ഷ്യം. അതുകൊണ്ട്തന്നെ അതിൽ ആസക്തിയുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് അവർ 'അറ്റൻഷൻ എഞ്ചിനിയർ'മാരെ നിയമിക്കുന്നത്. അതിനനുസരിച്ചാണ് സോഷ്യൽ മീഡിയ സൈറ്റുകൾ രൂപകൽപനചെയ്യുന്നത്. ആയതിനാൽ അത് നമ്മുടെ കുറേസമയം അപഹരിക്കുന്നതിൽ അത്ഭുതമില്ല. മെസ്സേജ് പരിശോധിക്കുന്നതിനായിട്ടാണ് മിക്കപ്പോഴും ഫോൺ കൈയിലെടുക്കുന്നതെങ്കിലും അറിയാതെ അതിൽ തുടരുന്നു!

തലച്ചോറിനെ സോഷ്യൽ മീഡിയ ഏതുതരത്തിലാണ് ബാധിക്കുക എന്ന്

പഠിച്ചുകൊണ്ടിരിക്കുന്ന ന്യൂറോസയന്റിസ്റ്റുകൾ കണ്ടെത്തിയിരിക്കുന്നത് എസ്എംഎസും ലൈക്കും കാണുമ്പോൾ നമ്മിലുണ്ടാകുന്നത് ലഹരിയോട് തോന്നുന്ന പ്രതികരണമാണ് എന്നാണ്. അതാണ് വീണ്ടും വീണ്ടും ഉപയോഗിക്കാൻ ഇടയാക്കുന്നത്. നമ്മിൽ 'ഫീൽ ഗുഡ്' വികാരമുണ്ടാക്കുന്ന ഡോപമെൻ ഹോർമോൺ കൂടുതൽ സജീവമാവുകയും ചെയ്യും. നമ്മൾ നമ്മളിൽനിന്നുതന്നെ വിച്ഛേദിക്കപ്പെടുന്നു!

ദിവസം മുഴുവനും സോഷ്യൽ മീഡിയയിൽ കണ്ട കാര്യങ്ങൾ നമ്മുടെ മനസ്സിൽ ഓടിക്കൊണ്ടിരിക്കുകയും ചെയ്യും. സോഷ്യൽ മീഡിയയിൽനിന്ന് ഇടയ്ക്കിടെ ഉത്തേജനം ആഗ്രഹിക്കുന്നതിനാൽ കുറച്ചുസമയം ശാന്തമായി സമയം ചെലവഴിക്കുന്നതുപോലും അസ്വസ്ഥതയുളവാക്കും.

അങ്ങനെ അത് പരസ്പര ബന്ധങ്ങളെ ബാധിക്കുന്നു. മറ്റുള്ളവരുമായി നേരിട്ട് ഇടപഴകാൻ കുറഞ്ഞ സമയം മാത്രമെ ലഭിക്കൂ. ശ്രദ്ധ പതറിപ്പോകാൻ നമ്മുടെ തലച്ചോറിനെ പരിശീലിപ്പിക്കുകയാണ്. അങ്ങനെ നമ്മുടെ മാനസികാരോഗ്യത്തെയും അത് കാര്യമായി ബാധിക്കുന്നു.

**നന്മകൾ ഏറെയുണ്ടെങ്കിലും കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുവാനും ജീവനെടുക്കുവാനും വരെ സോഷ്യൽ മീഡിയയുടെ തെറ്റായ ഉപയോഗം കാരണമാവുന്നു. കുടുംബ പ്രശ്നങ്ങൾ മനസ്സിലാക്കി ഭർത്താക്കന്മാർക്ക് അവിഹിത ബന്ധമുണ്ടെന്ന് വരുത്തിതീർക്കാൻ സ്ത്രീകളുടെ പേരിൽ വ്യാജ എക്കൗണ്ട് നിർമിച്ച് ഇത് മുതലെടുത്ത് സ്ത്രീകളെ ലൈംഗികമായി ഉപയോഗിക്കുന്നു. ഇന്റർനെറ്റിലെ സ്വകാര്യതയിലേക്ക് ക്ഷണിക്കുന്നവരെ അകറ്റിയില്ലെങ്കിൽ ജീവൻ വരെ നഷ്ടമാവും**

ചതിക്കുഴികൾ വ്യത്യസ്ത രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുന്നു. പഠന രംഗം (മതം, ഭൗതികം), രാഷ്ട്രീയം, സ്പോർട്സ്, പ്രാദേശികം, ദേശീയം, അന്തർദേശീയം, മരണം/വിവാഹം, സാമ്പത്തികം...തുടങ്ങി ഒരു മനുഷ്യൻ ഇടപെടുന്ന മേഖലകളിലെല്ലാം ചതിക്കുഴികളുണ്ട്.

വ്യാജവാർത്തകളുടെ ദുരന്തഫലങ്ങൾ നമുക്കറിയാം. വ്യാജവാർത്തകൾ സൃഷ്ടിക്കുന്ന ചിലർക്ക് അതൊരു മാനോവൈകല്യമാണ്. ആരുടെയും കണ്ണിൽപെടാതെ ചെയ്യുന്ന ഒരു അശ്ലീലചെയ്തിയുടെ മനസ്സുഖമാണിത് പകരുന്നത്. ഒരു ഭ്രാന്തൻ നാളെ ലോകം അവസാനിക്കുമെന്ന് വിളിച്ചുപറഞ്ഞാൽ നാമയാളെ പരിഹസിക്കും. എന്നാൽ ഇക്കാര്യം അയാളൊരു വാട്സാപ്പ് സന്ദേശമായി അയച്ചാൽ നാമടക്കമുള്ള ആയിരക്കണക്കിനാളുകൾ അത് ഷെയർ ചെയ്യും!

കോവിഡ് കാലത്ത് വിദേശത്തുനിന്നും വന്ന ഒരു സഹോദരൻ ഇന്ന് ജീവിച്ചിരിപ്പില്ല. രോഗം ബാധിച്ചല്ല അയാൾ മരണപ്പെട്ടത്; രോഗിയാണെന്ന് സമൂഹമാധ്യമങ്ങൾ പ്രചരിപ്പിച്ചതിനെ തുടർന്ന് അയാൾആത്മഹത്യ ചെയ്യുകയായിരുന്നു. 'വാ വിട്ട വാക്കും കൈവിട്ട കല്ലും' പോലെത്തന്നെയാണ് സോഷ്യൽ മീഡിയയിലിട്ട പോസ്റ്റും, സത്യം പുറത്തുവരുമ്പോഴേക്കും പോസ്റ്റുകൾ ലോകം ചുറ്റിക്കഴിഞ്ഞിട്ടുണ്ടാവും.

അത്മീയരംഗത്തും ഇതിന്റെ ദൂഷ്യം കുറവല്ല. ശിർക്ക്, ബിദ്അത്ത്, തീവ്രചിന്ത തുടങ്ങിയവയിലേക്ക് ജനങ്ങളെ ആകർഷിപ്പിക്കുന്നതിന് സോഷ്യൽ മീഡിയ ഉപയോഗം വളരെ സജീവമാണ്. ആത്മീയ സദസ്സുകളെ സാമ്പത്തിക ചൂഷണത്തിന് വിധേയമാക്കുന്നു. ഏലസ്സ്, ഉറുക്ക്, ഐക്കല്ല് എന്നിവ വീടുകളിലെത്തിക്കുന്നു.

മരുന്ന് കഴിക്കാൻവേണ്ടി കുട്ടികൾക്ക് മധുരം നൽകുന്നതുപോലെ ഭക്ഷണം കഴിക്കാൻ വേണ്ടി ഫോൺ നൽകുന്ന അവസ്ഥയിലേക്ക് കാര്യം എത്തിയിരിക്കുന്നു. ചില ഗെയിമുകൾക്കും കഥാപാത്രങ്ങൾക്കും കുട്ടികൾ അഡിക്റ്റായിരിക്കുന്നു. സ്ക്രീൻ അഡിക്ഷൻ ചിലപ്പോൾ ഒരു പ്രശ്നത്തിന്റെ ലക്ഷണമാവാം.

നന്മകൾ ഏറെയുണ്ടെങ്കിലും കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുവാനും ജീവനെടുക്കുവാനും വരെ സോഷ്യൽ മീഡിയയുടെ തെറ്റായ ഉപയോഗം കാരണമാവുന്നു. കുടുംബ പ്രശ്നങ്ങൾ






മനസ്സിലാക്കി ഭർത്താക്കന്മാർക്ക് അവിഹിത ബന്ധമുണ്ടെന്ന് വരുത്തിതീർക്കാൻ സ്ത്രീകളുടെ പേരിൽ വ്യാജ എക്കൗണ്ട് നിർമിച്ച് ഇത് മുതലെടുത്ത് സ്ത്രീകളെ ലൈംഗികമായി ഉപയോഗിക്കുന്നു. ഇന്റർനെറ്റിലെ സ്വകാര്യതയിലേക്ക് ക്ഷണിക്കുന്നവരെ അകറ്റിയില്ലെങ്കിൽ ജീവൻ വരെ നഷ്ടമാവും.

ദഅ്വത്തെന്ന പേരിൽ ഇസ്ലാമിക സന്ദേശം ഷെയർ ചെയ്യുന്ന ഒരുപാടാളുകളുണ്ട്. അത് ശരിയോ തെറ്റോ പ്രാമാണികമോ എന്നൊന്നും അവർ നോക്കാറില്ല. ഖുർആൻ സൂക്തങ്ങൾ, നബി വചനങ്ങൾ, ഫത്‌വകൾ എന്നിവ ദുരുപയോഗം ചെയ്യപ്പെടുന്നു. മനഃപൂർവം തങ്ങളുടെ തീവ്രനിലപാടുകൾക്ക് തെളിവായി ഖുർആൻ വചനങ്ങളെ അവയുടെ അവതരണ പശ്ചാത്തലം മറച്ചുവെച്ചുകൊണ്ട് സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിക്കുന്നവരുണ്ട്.

ആയതിനാൽ ഇന്നത്തെ സാഹചര്യത്തിൽ ഈമാനിനെ ദുർബലപ്പെടുത്തുന്ന സോഴ്സുകൾ ഒഴിവാക്കുക. അക്ഷരങ്ങളുടെ വ്യത്യാസത്തിൽ വേറെ വഴികളിലേക്ക് എത്തിച്ചേരുന്നത് സൂക്ഷിക്കുക. ഒരു വിഷയത്തിലെ ആദ്യ പോസ്റ്റ് എന്റെതാവണമെന്ന ചിന്ത മാറ്റിവെക്കുക. ഷെയർ ചെയ്യുന്നതിനുമുമ്പ് അതിലെ ശരിതെറ്റുകൾ മനസ്സിലാക്കുക. ഷെയർ ചെയ്യാലുള്ളത് ഗുണമോ ദോഷമോ എന്ന് നന്നായി ചിന്തിക്കുക.

**ആസ്വാദനങ്ങളെല്ലാം ഈ ലോകത്തുനിന്ന് തന്നെ ലഭിക്കണമെന്ന വാശി ഒഴിവാക്കണം. മറ്റുള്ളവരെ വഞ്ചിച്ചും പരലോകം മറന്നും സുഖം തേടി പായുന്നവർ വലിയ കുഴികളിലാണ് വീഴുന്നത് എന്ന് തിരിച്ചറിയുക. മരണത്തിന് തൊട്ടുമുമ്പ്, കഴിഞ്ഞ കാലത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ വ്യഭിചാരവും വഞ്ചനയും കളവും പ്രിയപ്പെട്ടവരുടെയെല്ലാം ശാപവും, ആയുസ്സും സൗന്ദര്യവും ആരോഗ്യവും നൽകിയ പടച്ചവനോടുള്ള നന്ദികേടുമാണ് ബാക്കിയാകുന്നതെന്നു കാണുമ്പോഴുള്ള അന്ധകാരത്തെ ഭയക്കാനായാൽ നന്ന്. അതിന് സ്വയം കഴിയാത്തവരെ ഉണർത്താനുള്ള സാമൂഹിക ബാധ്യത പാലിക്കാൻ നാം മറന്നുപോകുകയുമരുത്.**


ഇന്റർനെറ്റ് വ്യഭിചാരങ്ങൾ, സാമ്പത്തിക തട്ടിപ്പുകൾ, ലോട്ടറി, ലേലങ്ങൾ, അക്കൗണ്ട് ഹാക്കിംഗ്, ബാങ്ക് ക്രഡിറ്റ് കാർഡ് തട്ടിപ്പ്, ഓൺലൈൻ വ്യാപാര തട്ടിപ്പ്, ഓൺലൈൻ ജോലി വാഗ്ദാനം പോലുള്ളവയിൽ അകപ്പെടാതിരിക്കാൻ ചില മുൻകരുതലുകൾ എടുത്തേ തീരൂ.

ഫെയ്സ്ബുക്ക്, ഇ-മെയിൽ പാസ്‌വേർഡുകൾ എന്നിവ അടുത്ത ബന്ധുവായ ആരെങ്കിലും അറിയൽ നന്നാവും. വാട്സാപ്പ് സ്ഥിരം ഉപയോഗിക്കുന്ന നമ്പറില്ലാതെ, സ്വകാര്യമായി മറ്റൊരു നമ്പറിൽ അക്കൗണ്ട് തുടങ്ങുക, ആവശ്യമുള്ളവരോട് അങ്ങോട്ട് ബന്ധപ്പെട്ടാൽ മതിയാവും. സ്ത്രീകൾ സ്വകാര്യ നമ്പറിൽ നിന്ന് വിളിച്ച് വാഹന സൗകര്യം ഉപയോഗിക്കൽ ഒഴിവാക്കുക, അപരിചിതർ സോഷ്യൽ മീഡിയ വഴിബന്ധം സ്ഥാപിക്കാൻ ശ്രമിച്ചാൽ അവരെ ബ്ലോക്ക് ചെയ്യുകയും മോശമായ രീതിയിൽ പെരുമാറുമ്പോൾ അത് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.

മക്കളെയും ഭാര്യമാരെയും സദ്‌വൃത്തരുടെ കഥകളിലൂടെ സംസ്കരിക്കുവാനും പരലോക ബോധമുള്ളവരാക്കുവാനും ശ്രദ്ധ വെക്കണം. സ്വയം കഴിയില്ലെങ്കിൽ പര്യാപ്തമായ പ്രസിദ്ധീകരണങ്ങൾ നൽകുക, സംസാരങ്ങൾ കേൾപ്പിക്കുക. മഹല്ലുകളും പ്രധാന കൂട്ടായ്മകളും ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കണം. ചതിക്കുഴിയിൽ പെട്ടുപോയവരുടെ അനുഭവങ്ങൾ പാഠത്തിനുവേണ്ടി ബോധ്യപ്പെടുത്തണം.

ആസ്വാദനങ്ങളെല്ലാം ഈ ലോകത്തുനിന്ന് തന്നെ ലഭിക്കണമെന്ന വാശി ഒഴിവാക്കണം. മറ്റുള്ളവരെ വഞ്ചിച്ചും പരലോകം മറന്നും സുഖം തേടി പായുന്നവർ വലിയ കുഴികളിലാണ് വീഴുന്നത് എന്ന് തിരിച്ചറിയുക. മരണത്തിന് തൊട്ടുമുമ്പ്, കഴിഞ്ഞകാലത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ വ്യഭിചാരവും വഞ്ചനയും കളവും പ്രിയപ്പെട്ടവരുടെയെല്ലാം ശാപവും, ആയുസ്സും സൗന്ദര്യവും ആരോഗ്യവും നൽകിയ പടച്ചവനോടുള്ള നന്ദികേടുമാണ് ബാക്കിയാകുന്നതെന്നു കാണുമ്പോഴുള്ള അന്ധകാരത്തെ ഭയക്കാനായാൽ നന്ന്. അതിന് സ്വയം കഴിയാത്തവരെ ഉണർത്താനുള്ള സാമൂഹിക ബാധ്യത പാലിക്കാൻ നാം മറന്നുപോകുകയുമരുത്. ■

മധുരം ജീവിതം



# ആരാണ് സൗഭാഗ്യവാൻ

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

ബസ് സ്റ്റാന്റിലെ കാർ പാർക്കിംഗ് ഏരിയയിൽ ആ ലക്ഷ്വറി കാർ അതിവേഗം ബ്രെയ്ക്കിലമർന്ന് നിന്നു. നേർത്ത കൂളിംഗ് പേപ്പറൊട്ടിച്ച കാറിന്റെ മുൻസീറ്റിലിരുന്ന സ്ത്രീ അൽപം വിഷാദം കലർന്ന കണ്ണോടെ പുറത്തേക്ക് നോക്കി.

സ്റ്റാന്റിന്റെ മൂലയിലെ തൂണിൽ ചാരിനിൽക്കുന്ന സ്ത്രീയിലാണ് അവളുടെ കണ്ണുകളുടക്കിയത്. ഒരു കുഞ്ഞിനെ ഒക്കത്തെടുത്ത്, മൂത്ത കുട്ടിയുടെ കൈയും പിടിച്ച് തനിക്ക് കയറാനുള്ള ബസും കാത്ത് നിൽക്കുന്ന അയൽസംസ്ഥാനക്കാരിയായ വനിത.

കാറിലിരുന്ന് അവൾ ചിന്തിച്ചു; എത്ര സൗഭാഗ്യവതിയാണവൾ! അൽപം ക്ലേശം സഹിക്കുന്നതൊഴിച്ചാൽ സ്വതന്ത്രമായി ചിന്തിക്കാനും പോകാനും ജീവിക്കാനും കഴിയുന്നവൾ. മറ്റൊരാളുടെയും അടിമയായി ജീവിക്കേണ്ട ഗതികേടില്ലാത്തവൾ. പണത്തെക്കാളും പദവികളെക്കാളും സൗകര്യങ്ങളെക്കാളും എത്രയോ മനസ്സുഖമുണ്ടാകില്ലേ ആ ജീവിതത്തിന്?

ഇതേസമയം ബസ് സ്റ്റാന്റിൽ നിൽക്കുന്ന തമിഴ് വനിത ആ കാറ് ശ്രദ്ധിച്ചു. ലക്ഷങ്ങൾ വിലവരുന്ന ലക്ഷ്വറി കാറിന്റെ മുൻസീറ്റിലിരിക്കുന്ന ഭാര്യയും ഭർത്താവും. എ.സി പ്രവർത്തിക്കുന്നതിനാൽ സൈഡ് വിൻഡോ താഴ്ത്തിയിട്ടില്ല. അൽപം ചൂടോ, ചെറിയ പൊടി പടലമോ ഏൽക്കാത്ത സുഖസുന്ദരമായ യാത്ര! ആഗ്രഹിക്കുന്നത് കഴിക്കാൻ, ഇഷ്ടമുള്ളത്രയും ദൂരം താണ്ടാൻ, കൊതിക്കുന്നതെല്ലാം അനുഭവിക്കാൻ പണമൊരു പ്രശ്നമാവാത്ത ജീവിതം. ഹൊ, ഇതല്ലേ യഥാർഥത്തിൽ സൗഭാഗ്യം! അവൾ ആത്മഗതം ചെയ്തു.

സത്യത്തിൽ ആ കാറിലിരിക്കുന്ന ഭാര്യയും ഭർത്താവും തമ്മിൽ വഴക്കുകൂടി പിരിയാൻ തീരുമാനിച്ചവരാണ്. അവളെ വീട്ടിലേക്ക് ബസ് കയറ്റിവിടാൻ വന്നതാണയാൾ. അവളാകട്ടെ കാലങ്ങളായി സമ്പന്നതക്ക് നടുവിൽ അനുഭവിക്കുന്ന മാനസിക സംഘർഷത്തിന്റെ ഉച്ചസ്ഥായിയിലും.

ജീവിതം പലപ്പോഴുമിങ്ങനെയാണ്. നാം കാണുന്നതൊന്ന്, അനുഭവിക്കുന്നത് മറ്റൊന്ന്. പക്ഷേ, പലപ്പോഴും അതിലേക്ക് നമ്മുടെ ചിന്തകളെത്താറില്ല എന്നുമാത്രം. അക്കരപ്പച്ചയിലാണ് നമ്മുടെ ജീവിതവും ചിന്തയും മിക്കപ്പോഴും അഭിരമിക്കാറുള്ളത്. മനുഷ്യനെന്ന നിലയ്ക്കുള്ള പരിമിതിയാണതെന്ന് തിരിച്ചറിയുന്നവൻ വിജയിച്ചു. മനസ്സിനെ അതിമോഹങ്ങളുടെ വലയത്തിൽനിന്ന് രക്ഷിക്കാൻ നബി(സ്വ) പഠിപ്പിച്ച പാഠം എത്ര മഹോന്നതം: 'നീ നിന്നെക്കാൾ താഴെയുള്ളവരിലേക്ക് നോക്കുക, നിന്നെക്കാൾ മുകളിലുള്ളവരിലേക്ക് നോക്കാതിരിക്കുക, നിനക്ക് നൽകപ്പെട്ട ദൈവികാനുഗ്രഹങ്ങളോടുള്ള മതിപ്പ് കുറയാതിരിക്കാൻ അവ നിന്നെ പ്രേരിപ്പിക്കും.'

'സമ്പത്തിന്റെയും ധനത്തിന്റെയും വർധനവല്ല സൗഭാഗ്യം; മനസ്സിന്റെ ഐശ്വര്യമാണ് സൗഭാഗ്യം' (നബിവചനം).


ഇനി പഠനം രസകരമാകും
peaceradio
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
നമ്മുടെ കൂട്ടുകാരെ രജിസ്റ്റർ ചെയ്യാൻ മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
zameel
Zameel
Online Library
സന്ദർശിക്കുക
പീസ് റേഡിയോ നിങ്ങളുടെ ഫോണിൽ ലഭിക്കുവാൻ
ANDROID APP ON Google play
Available on the App Store
Peace Radio
RadioForPeace

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 JUNE 18

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm